# മാനന്തവാടി രൂപത

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24
Anl. sub. Rs. 120

## ബുള്ളറ്റിൻ

Vol. 14/ Issue 03
March 2023



GOLDEN JUBILEE YEAR
DIOCESE OF MANANTHAVADY

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് 4:8)**


**Printed, Published and Edited by**
**Fr. Thankachan alias Joseph Paruvummel, Published from Bishop's House**
**Mananthavady, P.B. No. 1, Wayanad 670645.**
**Owned by the Roman Catholic Diocese of Mananthavady**
**Printed at St. Joseph's Offset Press, Mananthavady 670645**

വാല്യം 14 മാർച്ച് 2023 ലക്കം 3

| | |
|---|---|
| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |

# ഉള്ളടക്കം


| | |
|---|---|
| സർക്കുലർ................................................................................ | 5 |
| മദ്യവിരുദ്ധ ഞായർ..................................................................... | 11 |
| സർക്കുലർ................................................................................ | 16 |
| രൂപതാ കച്ചേരി വാർത്തകൾ.................................................. | 21 |
| മതബോധനരംഗം ...................................................................... | 36 |
| ചെറുപുഷ്പ മിഷൻലീഗ്......................................................... | 38 |
| *Department of Youth Ministry* ......................................... | 43 |
| കെ.സി.വൈ.എം.......................................................................... | 46 |
| കുടുംബപ്രേഷിതത്വം................................................................ | 54 |
| സീയോൻ വാർത്ത...................................................................... | 62 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി.................................. | 64 |
| സാമൂഹ്യ സേവനരംഗം (WSSS)............................................ | 68 |
| നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി................................ | 72 |
| ബയോവിൻ അഗ്രോ റിസർച്ച്................................................. | 75 |
| റേഡിയോ മാറ്റൊലി ................................................................. | 77 |
| ജീസസ് ഫ്രട്ടേണിറ്റി.................................................................. | 80 |
| *Mary Matha Arts & Science College*................................ | 81 |
| കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി .................................... | 84 |
| ബിഷപ്സ് പ്രോഗ്രാം ................................................................. | 93 |



# ഇടയലേഖനം

**Prot. No. 27238/2023**

**Pastoral Letter No. 1/2023**

മാനന്തവാടി രൂപതയുടെ മെത്രാൻ ബിഷപ്പ് ജോസ്
പൊരുന്നേടം സഹായമെത്രാൻ അഭിവന്ദ്യ അലക്സ്
താരാമംഗലം പിതാവിനോട് ചേർന്ന് തന്റെ സഹ
ശുശ്രൂഷകരായ വൈദികർക്കും ശംശാനാമാർക്കും
സമർപ്പിതർക്കും അത്മായ നേതാക്കൾക്കും തനിക്ക്
ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന എല്ലാ സഹോദരങ്ങൾക്കും
പ്രിയപ്പെട്ട കുട്ടികൾക്കും എഴുതുന്നത്:
നിങ്ങൾക്കെല്ലാവർക്കും നമ്മുടെ കർത്താവിൽ
ആശീർവാദവും സമാധാനവും

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ഫെബ്രുവരി 20 മുതൽ നാം വലിയ നോമ്പിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. നിങ്ങൾക്കറിയാവുന്നത് പോലെ പഴയ നിയമത്തിലേയും പുതിയ നിയമത്തിലേയും ചില സംഭവങ്ങളുടെ ചുവട് പിടിച്ചാണ് നാം വലിയ നോമ്പാചരണം നടത്തുന്നത്. പഴയ നിയമത്തിൽ മോശ ദൈവത്തോടൊപ്പം നാൽപ്പത് രാവും പകലും കഴിഞ്ഞ ശേഷമാണ് പത്ത് കല്പനകൾ അടങ്ങിയ കല്പലകകളുമായി സീനായ് മലയിൽ നിന്ന് താഴേക്കിറങ്ങുന്നത്. രണ്ടാം പ്രാവശ്യവും അദ്ദേഹം അങ്ങനെ തന്നെ ചെയ്തു.

അതിന്റെ കാരണം മോശ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: *അനന്തരം, മുൻപിലത്തേതുപോലെ നാൽപതു പകലും നാൽപതു രാവും ഞാൻ കർത്താവിന്റെ മുൻപിൽ പ്രണമിച്ചുകിടന്നു. നിങ്ങൾ കർത്താവിന്റെ മുൻപിൽ തിന്മപ്രവർത്തിച്ചു പാപംചെയ്ത് അവിടുത്തെ കുപിതനാക്കിയതിനാൽ, ഞാൻ തിന്നുകയോ കുടിക്കുകയോ ചെയ്തില്ല* (നിയമാ. 9 : 18).

അതേ, ജനത്തിന്റെ പാപത്തിന് പരിഹാരമായിട്ടാണ് മോശ അങ്ങനെ ചെയ്തത്.

*ദൈവത്തിന്റെ കല്പനയനുസരിച്ച് കാനാൻ ദേശം ഒറ്റ് നോക്കാൻ പോയവരിൽ ജോഷ്വായും കാലെബുമല്ലാതെ മറ്റാരും തങ്ങൾക്ക് കാനാൻകാരെ കീഴ്പെടുത്താൻ കഴിയുമെന്ന് വിശ്വസിച്ചില്ല. മാത്രമല്ല, അവർ അവരുടെ പക്ഷത്തേക്ക് ജനത്തെ കൊണ്ടുവരുകയും മോശയേയും ജോഷ്വായേയും കാലെബിനേയും എതിർക്കുകയും ചെയ്തു. അതിന്റെഫലമായി നാല്പത് വർഷം അവർ മരുഭൂമിയിലൂടെ അലഞ്ഞു തിരിയേണ്ടിവന്നു. അതിന്റെ കാരണമായി വചനം ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: നിങ്ങളിൽ അവസാനത്തെ ആൾ ഈ മരുഭൂമിയിൽ വീഴുന്നതുവരെ നിങ്ങളുടെ അവിശ്വസ്തതയ്ക്കു പ്രായശ്ചിത്തം ചെയ്തുകൊണ്ട് നിങ്ങളുടെ മക്കൾ നാൽപതു വർഷം ഈ മരുഭൂമിയിൽ നാടോടികളായി അലഞ്ഞു തിരിയും. നാൽപതു ദിവസം നിങ്ങൾ ആ ദേശം രഹസ്യ നിരീക്ഷണം നടത്തി. ഒരു ദിവസത്തിന് ഒരു വർഷം വീതം നാൽപതു വർഷത്തേക്കു നിങ്ങളുടെ അകൃത്യത്തിനു നിങ്ങൾ പ്രായശ്ചിത്തം ചെയ്യണം. എന്നോടു കാട്ടിയ അവിശ്വസ്തതയുടെ രൂക്ഷത അങ്ങനെ നിങ്ങൾ അറിയും* (സംഖ്യ 14 :33-34). അതിന്റെ അന്ത്യത്തിലാണ് തേനും പാലും ഒഴുകുന്ന നാട്ടിലേക്ക് അവർക്ക് പ്രവേശിക്കാൻ കഴിഞ്ഞത്. ഓരോരുത്തരും ചെയ്യുന്ന തിന്മകൾക്ക് അവരവർ തന്നെ പരിഹാരം ചെയ്യണം.

*ഈശോ നാല്പത് ദിവസം മരുഭൂമിയിൽ പോയി ഉപവസിക്കുകയും പിശാചിനാൽ പരീക്ഷിക്കപ്പെടുകയും ചെയ്ത ശേഷമാണ് തന്റെ ദൗത്യം ആരംഭിക്കുന്നത്. അവൻ പിശാചിനാൽ പരീക്ഷിക്കപ്പെട്ട് നാൽപതു ദിവസം അവിടെ കഴിഞ്ഞുകൂടി. ആ ദിവസങ്ങളിൽ അവൻ ഒന്നും ഭക്ഷിച്ചില്ല. അവസാനം അവനു വിശന്നു* (ലൂക്കാ 4 : 2). ഈശോ പരിശുദ്ധാത്മാവിനാൽ നിറഞ്ഞിരുന്ന അവസ്ഥയിലാണ് ഇത് സംഭവിക്കുന്നത്.

ദൈവസാന്നിദ്ധ്യം അനുഭവിച്ച് ജീവിക്കാൻ കഴിയണമെങ്കിൽ അതിന് മുമ്പായി കഠിനമായ ചില പരിശീലനങ്ങൾക്ക് വിധേയരാകണം എന്നതാണ് നോമ്പാചരണത്തിന്റെ പിന്നി

ലുള്ള ചേതോവികാരം. ആ പരിശീലന സമയത്ത് ചില പരീക്ഷണങ്ങൾക്ക് വിധേയരായി അവയെ അതിജീവിക്കാനുള്ള കഴിവും ശക്തിയും ഉള്ളവരായി രൂപാന്തരപ്പെടണം. എതിർപ്പുകളിലൂടെയും പീഢാസഹനങ്ങളിലൂടെയും കുരിശ് മരണത്തിലൂടെയും ഈശോയോടൊപ്പം കടന്നുപോയി ഉയിർപ്പിലേക്ക് അഥവാ നിത്യജീവിതത്തിന്റെ ആനന്ദത്തിലേക്ക് പ്രവേശിക്കാനുള്ള വഴിയാണ് നോമ്പ്.

ദിവസങ്ങളുടെ എണ്ണത്തിന് കാര്യമായ പ്രാധാന്യം കൊടുക്കേണ്ടതില്ല. സീറോ മലബാർ സഭയിൽ അത് അമ്പതാണ്. അതുകൊണ്ട് അമ്പത് നോമ്പ് എന്നറിയപ്പെടുന്നു. നമ്മുടെ നോമ്പുകളിൽ ഏറ്റവും ദൈർഘ്യമേറിയതായതിനാൽ വലിയ നോമ്പ് എന്നും അറിയപ്പെടുന്നു. ഏത് പേരിൽ അറിയപ്പെട്ടാലും വിശ്വാസജീവിതയാത്രയിൽ നേരിടേണ്ടി വരുന്ന പ്രതിസന്ധികളെ അതിജീവിച്ച് ഈ ലോകത്തിൽ തന്നെ നിത്യജീവിതത്തിന്റെ അനുഭവം ഉണ്ടാകുക എന്നതാണ് പ്രധാനം. *ഏക സത്യ ദൈവമായ അവിടുത്തെയും അവിടുന്നയച്ച ഈശോമിശിഹായെയും അറിയുക എന്നതാണ് നിത്യജീവൻ* (യോഹ. 17:3). അറിയുക എന്നാൽ ഒന്നായിത്തീരുക എന്നാണർത്ഥം. ഈശോയുമായി ഒന്നായിത്തീരണമെങ്കിൽ അവിടുത്തെപ്പോലെ പാപമില്ലാത്ത ജീവിതം നമുക്കുണ്ടാകണം. അതിനുള്ള മാർഗ്ഗമാണ് നോമ്പും അതുമായി ബന്ധപ്പെട്ട എല്ലാ ആചരണങ്ങളും.

ഇത് സംബന്ധമായി 2022 ലെ നോമ്പുകാല സന്ദേശത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പ ഇപ്രകാരം എഴുതി:

നോമ്പുകാലത്ത്, *'ജീവനുള്ളതും സജീവവുമായ'* (എബ്രാ. 4:12) വചനം സ്വീകരിച്ചുകൊണ്ട് ദൈവത്തിന്റെ ദാനത്തോട് പ്രതികരിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ വചനം പതിവായി കേൾക്കുന്നത് നമ്മെ അവന്റെ പ്രവർത്തനത്തോട് തുറവിയും അനുസരണവുമുള്ളവരാക്കുന്നു. നമ്മുടെ ജീവിതത്തിൽ അത് ഫലം ഉളവാക്കുന്നു. ഇത് നമുക്ക് വലിയ സന്തോഷം നൽകുന്നതാണ്. അതിലുപരിയായി, ദൈവത്തിന്റെ സഹപ്രവർത്തകരാകാൻ ഇത് നമ്മെ സഹായിക്കുന്നു.

ആകയാൽ, *എല്ലാ അശുദ്ധിയും വർദ്ധിച്ചുവരുന്ന തിന്മയും ഉപേക്ഷിച്ച്, നിങ്ങളിൽ പാകിയിരിക്കുന്നതും നിങ്ങളുടെ ആത്മാക്കളെ രക്ഷിക്കുവാൻ കഴിവുള്ളതുമായ വചനത്തെ വിനയപൂർവ്വം സ്വീകരിക്കുവിൻ* (യാക്കോബ് 1 : 21)

ദൈവവചനം വായിച്ച് ധ്യാനിച്ച് ഉൾക്കൊള്ളുക എന്നത് നോമ്പുകാലത്തെ നമ്മുടെ ഒരു പ്രധാന പ്രവർത്തനമായി മാറണം. അത് നമ്മളെ ദൈവത്തിലേക്ക് കൂടുതൽ അടുപ്പിക്കും. അതിലൂടെ തിന്മയിൽ നിന്നു വിമുക്തരാകാൻ കഴിയും. *ഭക്തരായ ആളുകളെ നല്ല പ്രവൃത്തികളിലൂടെ പരിപൂർണ്ണത പ്രാപിക്കാൻ സഹായിക്കും* (2 തിമോ. 3:16) നോമ്പുകാലത്തിൽ മദ്യവും പുകവലിയും ഉപേക്ഷിച്ചിട്ട് അതു കഴിയുന്നതോടെ പഴയ രീതികളിലേക്ക് മടങ്ങുന്നവർ ധാരാളമുണ്ട്. എന്നാൽ ഇതേപ്പറ്റി ദൈവം പറയുന്നത് വായിച്ച് ഉൾക്കൊണ്ടാൽ അങ്ങനെ തിരികെ പോകാൻ തോന്നുകയില്ല. പ്രാർത്ഥനയും ഉപവാസവും കൊണ്ടു മാത്രമേ ഇവ ഒഴിഞ്ഞു പോകുകയുള്ളൂ എന്ന കർതൃവചനം ധ്യാനിച്ച് ഉൾക്കൊള്ളുന്ന വ്യക്തി തീർച്ചയായും മറ്റാരുടേയും പ്രേരണ കൂടാതെ തന്നെ പ്രാർത്ഥനയും ഉപവാസവും ജീവിതത്തിന്റെ ഭാഗമാക്കും.

പരിശുദ്ധ പിതാവ് തുടരുന്നു: ഈശോമിശിഹായുടെ മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും പെസഹാ രഹസ്യത്തിലേക്ക് നമ്മെ നയിക്കുന്നതിനാൽ, വ്യക്തിപരവും സാമൂഹികവുമായ നവീകരണത്തിനുള്ള അനുകൂല സമയമാണ് നോമ്പുകാലം. നമ്മുടെ നോമ്പുകാല യാത്രയിൽ, ഗലാത്യരോടുള്ള വിശുദ്ധ പൗലോസിന്റെ ഉപദേശത്തെക്കുറിച്ച് നാം ചിന്തിക്കുന്നത് നന്നായിരിക്കും: *'നന്മ ചെയ്യുന്നതിൽ നമുക്ക് മടുപ്പ് തോന്നാതിരിക്കട്ടെ, എന്തെന്നാൽ നമുക്ക് മടുപ്പ് തോന്നാതിരുന്നാൽ നമുക്ക് വിളവെടുക്കാം. അതിനാൽ, അവസരം ലഭിച്ചിരിക്കുന്നതുകൊണ്ട് (കൈറോസ്) നമുക്ക് എല്ലാവർക്കും നന്മ ചെയ്യാം'*(ഗലാ 6:9 10). ഉപവാസവും പ്രാർത്ഥനയും പരിഹാര പ്രവർത്തികളും നമ്മുടെ ജീവിതത്തിന്റെ ഭാഗമാകുമ്പോൾ നമ്മൾ അറിയാതെ തന്നെ നമ്മുടെ വ്യക്തിജീവിതങ്ങളും വ്യക്തികളുടെ കൂട്ടായ്മ ആയ സഭയുടെയും പൊതുസമൂഹത്തിന്റെയും ജീവിതവും എല്ലാം

ഉയിർത്തെഴുന്നേറ്റ ജീവിതത്തിന്റെ അല്ലെങ്കിൽ നിത്യജീവിതത്തിന്റെ അനുഭവം ഉള്ളതാകും. ദൈവസാന്നിദ്ധ്യം അനുഭവിക്കുന്ന ജീവിതമാണ് ഉയിർപ്പിന്റെ ജീവിതം. മരണശേഷം ആ അനുഭവം ഒരിക്കലും അവസാനിക്കാത്ത അവസ്ഥയിലേക്ക് പ്രവേശിക്കുന്നു.

ദൈവവചന വായനയും ധ്യാനവും കേവലം വ്യക്തിഗത വിശുദ്ധികരണത്തിന് മാത്രമല്ല. പ്രത്യുത, പരിശുദ്ധ പിതാവ് സൂചിപ്പിച്ചതു പോലെ, ദൈവത്തിന്റെ സഹപ്രവർത്തകരാകാനും അത് നമ്മെ ക്ഷണിക്കുന്നു. ദൈവം സ്വയം വെളിപ്പെടുത്തുന്നതും പ്രവർത്തിക്കുന്ന രീതിയും അവിടുന്ന് അഭിസംബോധന ചെയ്യുന്ന വ്യക്തികളെയും സാഹചര്യത്തെയും സമയത്തെയും എല്ലാം അനുസരിച്ച് വ്യത്യാസപ്പെടും. അതുകൊണ്ടാണ് വി. പത്രോസ് ഇപ്രകാരം പറയുന്നത്: *എന്തുകൊണ്ടെന്നാൽ, പ്രവചനങ്ങൾ ഒരിക്കലും മാനുഷിക ചോദനയാൽ രൂപം കൊണ്ടതല്ല; പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ദൈവത്തിന്റെ മനുഷ്യർ സംസാരിച്ചവയാണ്* (2 പത്രോസ് 1 : 21).

വി. ഗ്രന്ഥത്തിൽ ഉപവാസത്തെപ്പറ്റിയും പ്രാർത്ഥനയെപ്പറ്റിയും പരിഹാര പ്രവർത്തനത്തെപ്പറ്റിയും വിശുദ്ധീകരണത്തെപ്പറ്റിയും മറ്റും പറയുന്ന കാര്യങ്ങൾ ഇന്നത്തെ ഡിജിറ്റൽ ലോകത്തിൽ ജീവിക്കുന്ന യുവതലമുറയ്ക്കും ബാലികാബാലന്മാർക്കും സ്വീകാര്യമായ രീതിയിൽ അവതരിപ്പിക്കാൻ മാതാപിതാക്കളും ബഹുമാനപ്പെട്ട വൈദികരും സമർപ്പിതരും അധ്യാപകരും സഭയുടെ നേതൃത്വത്തിലുള്ളവരും പ്രാപ്തരാകണം. അപ്പോൾ മാത്രമേ അവർക്ക് ദൈവത്തിന്റെ സഹപ്രർത്തകരാകാൻ കഴിയുകയുള്ളു. ഇത്തരുണത്തിൽ അബ്രാഹത്തെ തെരഞ്ഞെടുത്തതിന്റെ ഉദ്ദേശ്യത്തെപ്പറ്റി ദൈവം പറഞ്ഞത് ഓർക്കുന്നത് നല്ലതാണ്. *ഞാൻ അവനെ തിരഞ്ഞെടുത്തിരിക്കുന്നത്, നീതിയും ന്യായവും പ്രവർത്തിച്ച കർത്താവിന്റെ വഴിയിലൂടെ നടക്കാൻ തന്റെ മക്കളോടും പിൻമുറക്കാരോടും അവൻ കൽപിക്കുന്നതിനും അങ്ങനെ കർത്താവ് അവനോടു ചെയ്ത വാഗ്ദാനം പൂർത്തിയാക്കുന്നതിനും വേണ്ടിയാണ്* (ഉൽപത്തി 18 : 19).

കർത്താവ് വാഗ്ദാനം ചെയ്ത രക്ഷ അതായത് ഈ ലോകത്തിൽ ജീവിക്കുന്ന മനുഷ്യരെ ദൈവപ്രമാണമനുസരിച്ച് ജീവിക്കുന്നവരാക്കി ഈ ലോകത്തെ സ്വർഗ്ഗസമാനമാക്കി മാറ്റുക എന്ന പദ്ധതി നിവൃത്തിയാകണമെങ്കിൽ അതിനായി അവിടുന്ന് തയ്യാറാക്കിയിരിക്കുന്ന കർമ്മപദ്ധതി എല്ലാവരും സ്വീകരിച്ച് നടപ്പാക്കണം. ഓരോ തലമുറയും അടുത്ത തലമുറയിലേക്ക് ആ കർമ്മപദ്ധതിയുടെ വിശദാംശങ്ങൾ പകർന്ന് കൊടുക്കണം. നോമ്പുകാലവും ആ കാലഘട്ടത്തിൽ അനുഷ്ഠിക്കുന്ന എല്ലാ കാര്യങ്ങളും ഈ ലക്ഷ്യത്തെ മുൻനിർത്തിയുള്ളതാകണം.

നിങ്ങൾക്കേവർക്കും അനുഗ്രഹപ്രദമായ നോമ്പുകാലവും തുടർന്ന് വരുന്ന ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങളും നേരുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവ് വാഗ്ദാനം ചെയ്യുന്ന ശാന്തിയും സമാധാനവും നിങ്ങളുടെ വ്യക്തി ജീവിതത്തിലും കുടുംബ ജീവിതങ്ങളിലും സമൃദ്ധമായി ഉണ്ടാകുന്നതിനായി പ്രാർത്ഥിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാകേന്ദ്രത്തിൽ നിന്ന് 2023 ഫെബ്രുവരി മാസം 20 ന് നൽകപ്പെട്ടത്.

യേശുവിൽ,

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

**N.B.** ഈ ഇടയലേഖനം 2023 മാർച്ച് മാസം 05 ന് ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കുകയും ഇടവകകൾ, സമർപ്പിത സമൂഹങ്ങൾ, സംഘടനകൾ തുടങ്ങിയവയുടെ വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിലേക്ക് ഫോർവേഡ് ചെയ്യുകയും ചെയ്യേണ്ടതാണ്.

3840/K-5/KCBC/OL/DS 11.02. 2023

## മദ്യവിരുദ്ധ ഞായർ, 2023 മാർച്ച് 12
## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി
## കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സന്ദേശം

വന്ദ്യ വൈദീകരേ, സന്യാസ സഹോദരങ്ങളെ, മിശിഹായിൽ പ്രിയ വിശ്വാസികളെ,

മാർച്ച് 12-ാം തീയതി കേരള കത്തോലിക്കാസഭ മദ്യവിരുദ്ധ ഞായറാഴ്ചയായി ആചരിക്കുകയാണല്ലോ. മദ്യ-ലഹരി വിപത്തിനെക്കുറിച്ച് ആഴമായി ചിന്തിക്കുവാനും ഫലപ്രദമായി നേരിടുവാനും അതിജീവിക്കാനും, മദ്യവിരുദ്ധ പ്രതിജ്ഞകളെടുക്കുവാനുമുള്ള ഒരു അവസരമാണ് ഈ ആചരണത്തിലൂടെ നാം ലക്ഷ്യം വയ്ക്കുന്നത്. സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വലിയൊരു തിന്മയാണ് മദ്യവും രാസനിർമ്മിതമായ ലഹരിയുമെന്ന് എല്ലാവർക്കും അറിയാം. മദ്യവിരുദ്ധ സമിതി കഴിഞ്ഞ 25 വർഷമായി, മദ്യവിരുദ്ധസഭയും സമൂഹവുമെന്ന, ആപ്തവാക്യവുമായി പ്രവർത്തിച്ചു വരുന്നു.

സാമൂഹ്യതിന്മകളുടെ കാര്യത്തിൽ സാക്ഷര കേരളം മുൻപന്തിയിലാണ്. സമൂഹത്തിന്റെ ധാർമ്മിക അധഃപതനത്തിനും മൂല്യച്യൂതിക്കും മദ്യപാനവും ലഹരി ഉപയോഗവും മുഖ്യപങ്കുവഹിക്കുന്നു. മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും കാരണം കേരളത്തിന്റെ എല്ലാ കോണുകളും ഗുണ്ടാ സംഘങ്ങളും ലഹരി മാഫിയയും കയ്യടക്കിയിരിക്കുന്നു. ഇവിടെ നടക്കുന്ന കൊള്ളയും കൊലയും അനീതിയും അഴിമതിയും ആത്മഹത്യയും പെരുകുന്നതിന്റെ കാരണവും ഒരു പരിധിവരെ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗമാണ്. ലഹരി മാഫിയക്കെതിരെ പോരാടാനുറച്ചുകൊണ്ട് ജില്ലാ, താലൂക്കു, പഞ്ചായത്തു തലത്തിൽ സമിതികൾ രൂപീകരിച്ചും, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും സർക്കാർ നീങ്ങുകയാണ്. ഒരു വശത്ത് ബാറിന്റെയും ബിവറേജ് ഔട്ട്ലെറ്റുകളുടെയും എണ്ണം വർധിപ്പിച്ചും, ബ്രൂവറികളും പഴവർഗങ്ങളിൽ നിന്ന് മദ്യം ഉല്പാദിപ്പിച്ചും, ഐ.ടി. പാർക്കുകളിൽ ബാറും പബ്ബും അനുവദിച്ചും മുന്നേറുന്നു. മറുവശത്ത് ലഹരിമുക്തകേരള കാമ്പയിൻ സംഘടിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെമ്പാടും പ്രചരണത്തിന് സർക്കാർ നേതൃത്വം കൊടു

ക്കുന്നു. കേരളം ലഹരി മാഫിയയുടെ ഹബ്ബായി മാറിയിരിക്കുന്നുവെന്ന് സർക്കാർ തിരിച്ചറിഞ്ഞു. സോഷ്യൽ മീഡിയയുടെ വ്യാപക ഉപയോഗം മയക്കുമരുന്നിലേക്ക് യുവാക്കളെ ആകർഷിക്കാനും എളുപ്പത്തിൽ ലഭ്യമാക്കാനും വഴിയൊരുക്കുന്നു. സർക്കാരിന് ഇച്ഛാശക്തിയുണ്ടെങ്കിൽ ഏതു മയക്കുമരുന്നു മാഫിയയെയും അടിച്ചമർത്താനും ഉന്മൂലനം ചെയ്യാനും സാധിക്കും. വിവിധ രാഷ്ട്രീയ പാർട്ടികളും അവരുടെ പോഷകസംഘടനകളും ലഹരിക്കെതിരെ പോരാടുമെന്ന് പ്രതിജ്ഞ ചെയ്തിട്ടും ചിലർ ഒളിഞ്ഞും തെളിഞ്ഞും ലഹരിക്കച്ചവടം നടത്താനും മദ്യ-ലഹരികടത്തുകാരുമായി ചേർന്ന് നേട്ടമുണ്ടാക്കാനും നടത്തുന്ന ശ്രമങ്ങൾ പകൽപോലെ സത്യമാണ്.

ഭരണഘടനയിലെ ആർട്ടിക്കിൾ 51 Tem A പ്രകാരം ദാരിദ്രത്തിനും കുറ്റകൃത്യങ്ങൾക്കും കാരണമായ മദ്യവും അതിന്റെ വ്യവസായവും ഒഴിവാക്കുന്നതിന്, എല്ലാ പൗരന്മാർക്കും കടമയുണ്ടെന്നും മദ്യവ്യാപാരം ആരുടെയും അവകാശമല്ലെന്നും 1975-ൽ സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. മദ്യവ്യവസായം ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളുടെ വ്യാപാരമാണെന്ന് 1984-ൽ കേരള ഹൈക്കോടതിയും വിധിച്ചിട്ടുണ്ട്. മദ്യവിപണനവും നിർമ്മാണവും സർക്കാർ ഏറ്റെടുത്തു നടത്തുന്നത് കാപട്യമാണ്. മദ്യകുപ്പികളിൽ ആരോഗ്യത്തിനു ഹാനികരമാണെന്ന ലേബലൊട്ടിച്ചാണ് സർക്കാർ വിതരണം നടത്തുന്നത്. കേരളത്തിലെ ജയിലുകളിൽ കഴിയുന്ന ഭൂരിപക്ഷം തടവുകാരും മദ്യലഹരിയിൽ കൊലപാതകങ്ങളും മറ്റ് അക്രമങ്ങളും നടത്തിയവരാണ്. റോഡപകടങ്ങളിൽ ഏറിയപങ്കും മദ്യലഹരിക്കടിമപ്പെട്ടവരുടെയും മദ്യപിച്ച് വാഹനമോടിച്ചവരുടെയും ഇരകളായിട്ടുള്ളവരാണ്. മദ്യപിച്ചെത്തിയ പിതാവിന്റെ അക്രമണം ഭയന്ന് രാത്രി തോട്ടത്തിലൊളിച്ച നാലുവയസുകാരി പാമ്പുകടിയേറ്റ് മരണപ്പെട്ട ദാരുണ സംഭവം ആരും മറക്കാനിടയില്ല. മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും പടിപടിയായി കുറയ്ക്കുമെന്നും മദ്യവർജനമാണ് സർക്കാർ മദ്യനയമെന്നും വാഗ്ദാനം ചെയ്തു അധികാരത്തിൽവന്ന സർക്കാർ ഘട്ടം ഘട്ടമായി കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലുന്ന കാഴ്ചയാണ് നാം കാണുന്നത്. നാടുതകർന്നാലും സമൂഹം നശിച്ചാലും സ്കൂൾകുട്ടികൾ ഉൾപ്പെടെയുള്ള യുവജനങ്ങൾ ലഹരിക്കടിമപ്പെട്ടാലും അക്രമം പെരുകിയാലും ഖജനാവ് നിറയ്ക്കണം എന്ന ചിന്ത ഒരു ജനാധിപത്യ സർക്കാർക്കാരിന് ഭൂഷണമല്ല.

ഒരുവശത്ത് ലഹരിവിരുദ്ധ ക്യാംപെയ്ൻ സംഘടിപ്പിക്കുകയും അത് പാഠ്യപദ്ധതിയുടെ ഭാഗമാക്കുമെന്നു വാഗ്ദാനം ചെയ്യുകയും മറുവശത്ത് യഥേഷ്ടം മദ്യം ഒഴുക്കുകയും അതിന് നേതൃത്വം കൊടുക്കുകയുമാണ് സർക്കാർ ചെയ്യുന്നത്. അതീവ ഗുരുതരമായ സാമൂഹ്യപ്രശ്നത്തെ സൃഷ്ടിച്ചുകൊണ്ട് മനുഷ്യന്റെ സൈ്വര്യജീവിതം തകർക്കുന്ന മദ്യവ്യാപാരത്തിൻനിന്ന് സർക്കാർ പിന്മാറുവാൻ ആർജവത്തം കാട്ടണം. ബാല്യത്തിൽ തുടങ്ങുന്ന മദ്യപാനവും മയക്കുമരുന്നിന്റെ ഉപയോഗവും യുവത്വത്തിലും തുടർന്നുള്ള ജീവിതകാലഘട്ടങ്ങളിലും മനുഷ്യനെ ഇരുണ്ടയുഗത്തിലേക്ക് നയിക്കും. കേരളത്തിൽ ആരോഗ്യവിദ്യാഭ്യാസ, സാംസ്കാരിക രംഗങ്ങളിൽ സമഗ്ര സംഭാവന നല്കിയിട്ടുള്ള കേരളകത്തോലിക്കാസഭയ്ക്ക് ഈ നാടിനെ മദ്യത്തിൽനിന്നും ലഹരിയിൽ നിന്നും വിമുക്തമാക്കുകയെന്ന സുപ്രധാന ദൗത്യത്തിൽ നിന്ന് മാറിനില്ക്കാനാവില്ല. മോചനത്തിന്റെ സദ്വാർത്തയായി പുനരവതരിക്കുകയെന്നത് സഭയുടെ കർത്തവ്യമാണ്; കടമയാണ്. ആധുനിക സഭയുടെ പ്രവാചക സാന്നിധ്യമായിരുന്ന വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ആധുനിക സമൂഹത്തിലെ ഏറ്റവും മോശപ്പെട്ട മഹാമാരികളിൽ ഒന്നാണ് മദ്യാസക്തിയെന്ന ബോധ്യം മുൻകാലങ്ങളേക്കാൾ വ്യാപകമായിരിക്കുന്നു. ഈ തിരിച്ചറിവു തന്നെ ഏറ്റവും ശ്രേയസ്ക്കരമായ ഒന്നാണ്. എന്നാൽ, മുൻകാലങ്ങളെക്കാൾ അടിയന്തിരമായി കൂടുതൽ കൂട്ടായ പ്രവർത്തനം ഈ വിഷയത്തിൽ ആവശ്യമാണ്. ഈ പ്രശ്നം മനുഷ്യവ്യക്തിയെ ആഴത്തിൽ സ്പർശിക്കുന്ന ഒന്നാണ്. മാനവ കുടുംബത്തിലെ എല്ലാവരും മതവിശ്വാസങ്ങൾക്കതീതമായി, പ്രതീക്ഷയോടെ, ആത്മവിശ്വാസത്തോടെ ഗുരുതരവും വ്യാപകവുമായ മദ്യാസക്തി ഉയർത്തുന്ന ഭീഷണികളെ നേരിടാൻ മനുഷ്യന്റെ സഹായത്തിനെത്തുകയെന്നത് ഉന്നതമായ ഒരു വെല്ലുവിളിയാണ്. എന്നാൽ, നിങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങൾ സമൂഹത്തിൽ ഏകോപനങ്ങൾക്കുകൂടി കാരണമാകും (International Conference on the Scientific Social and Moral aspects of Alchololism, Friday 22nd June 1984).

മദ്യവിമുക്ത സമൂഹത്തിനുവേണ്ടി ലോകാരോഗ്യസംഘടന നിർദേശിച്ച ത്രിമാന പദ്ധതി കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി നടപ്പിലാക്കിവരുന്നു. ഡിമാന്റ് റിഡക്ഷൻ (മദ്യപിക്കുന്നവരുടെ എണ്ണം കുറയ്ക്കുക), സപ്ളൈ റിഡക്ഷൻ (ലഭ്യത കുറയ്ക്കുക), റിസ്ക് റിഡക്ഷൻ (മദ്യപിച്ച് രോഗികളായവരെ ചികിത്സിക്കുക)

എന്നിവയാണ് ത്രിമാന പദ്ധതികൾ. കേരള ജനസംഖ്യയിൽ നല്ല ശതമാനം ലഹരിക്കടിമപ്പെട്ടിരിക്കയാണ്. ഏഷ്യയിൽ ഏറ്റവും കൂടുതൽ ലഹരിചികിത്സാകേന്ദ്രങ്ങൾ ഉള്ളത് കേരളത്തിലാണ്. 9 നും 12 നും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾവരെ ലഹരിക്കും മദ്യത്തിനും അടിപ്പെട്ടരിക്കുന്നുവെന്നത് ഞെട്ടിപ്പിക്കുന്ന വസ്തുതയാണ്. സ്കൂൾ പരിസരങ്ങളും സ്കൂളിനകവുംവരെ ലഹരി വിപണ സ്ഥലമായിരിക്കുന്നു. പുത്തൻ തലമുറ മദ്യത്തിൽനിന്ന് പുതുപുത്തൻ ലഹരി ഉപയോഗത്തിന്റെ പിടിയിലമർന്ന കാഴ്ചകൾക്കാണ് നാം സാക്ഷ്യം വഹിക്കുന്നത്. കഴിഞ്ഞ ഒന്നര വർഷത്തിനകം ലഹരി വിമോചനകേന്ദ്രങ്ങളിൽ 21 വയസ് തികയാത്ത 3933 പേരാണ് ചികിത്സക്കെത്തിയത്. ഇതിൽ 40 ശതമാനം പേർ 18 വയസ് തികയാത്തവരും. ഈ പരിതാപകരമായ സാഹചര്യത്തിൽ കാരിത്താസ് ഇൻഡ്യാ കേരളത്തിലേക്ക് 'സജീവം' എന്ന പേരിൽ ലഹരിക്കെതിരെ ഒരു പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നു. കേരള കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ പൂർണ്ണ പിൻതുണയോടെ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയും സോഷ്യൽ സർവ്വീസ് ഫോറവും സംയുക്തമായി ചേർന്ന് ഈ പദ്ധതിക്ക് നേതൃത്വം നല്കുന്നു. മദ്യവിമുക്ത സഭയും സമൂഹവുമെന്ന ലക്ഷ്യം നേടിയെടുക്കാനുള്ള ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് എല്ലാവരുടെയും സഹകരണം ഞങ്ങൾ അഭ്യർത്ഥിക്കുന്നു. സ്കൂൾ കോളേജ് തലത്തിലും വിശ്വാസ പരിശീലനക്ലാസുകൾ, മതാധ്യാപകർ, യുവജനങ്ങൾ തുടങ്ങിയ വിവിധ ശുശ്രൂഷ മേഖലകളിലുള്ളവരെ ഉൾപ്പെടുത്തിയാണ് ബോധവൽക്കരണ ക്ലാസു നടത്തുന്നത്.

മനുഷ്യന്റെ സമഗ്ര വളർച്ചയ്ക്കും വികസനത്തിനും തടസമായ മദ്യാസക്തിയും മറ്റ് ലഹരി വസ്തുക്കളുടെ ഉപയോഗവും സൃഷ്ടിക്കുന്ന മരണസംസ്ക്കാരത്തിൽ നിന്ന് നാടിനെ രക്ഷിക്കാനുള്ള ഉത്തരവാദിത്വം നാം ഏറ്റെടുക്കണം. ലഹരിക്കെതിരായ പോരാട്ടത്തിൽ സ്വീകരിക്കേണ്ട അജപാലന മനോഭാവങ്ങൾ ഏറെ പ്രസക്തവും പ്രാധാന്യമർഹിക്കുന്നതുമാണ്. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരെ ക്രൈസ്തവസ്നേഹത്തിലൂടേയും കാരുണ്യത്തോടെയും ബോധവൽക്കരണ ചികിത്സാ മാർഗങ്ങളിലുടേയും പുതിയ ജീവിതത്തിലേക്ക് തിരികെ എത്തിക്കുവാൻ നമുക്കേവർക്കും കടമയുണ്ട്. 1996-ൽ ആരംഭിച്ച കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ഇപ്പോൾ രജത ജൂബിലി നിറവിലാണ്. കഴിഞ്ഞ 25 വർഷം ഈ സമിതിയെ നയിച്ച അഭിവന്ദ്യ പിതാക്കന്മാരേയും വൈദിക

ശ്രേഷ്ഠരേയും അത്മായ സഹോദരങ്ങളെയും നന്ദിപൂർവ്വം ഓർക്കുന്നു. കേരളത്തിലെ മദ്യവ്യാപരത്തിനെതിരെ സന്ധിയില്ലാ സമരം നടത്തുകയും അതിനായി ജീവിതം സമർപ്പിക്കുകയും ചെയ്ത കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി പ്രഥമ ചെയർമാൻ അഭിവന്ദ്യ സൂസൈപാക്യം പിതാവും മദ്യവിപത്തിനെതിരെ ശക്തമായി പ്രതികരിച്ചുകൊണ്ടിരിക്കുന്ന അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവും, അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കേത്തച്ചേരിൽ പിതാവും അഭിവന്ദ്യ റമിജിയൂസ് ഇഞ്ചനാനിയൽ പിതാവും ഈ സമിതിക്ക് ധീരമായ നേതൃത്വം കൊടുത്തവരാണ്.

മദ്യവിരുദ്ധ ഞായർ ആചരിക്കുന്ന ഈ അവസരത്തിൽ മദ്യവിരുദ്ധ പ്രവർത്തനങ്ങൾ ദൈവത്തിലാശ്രയിച്ചുകൊണ്ട് മുന്നോട്ടുകൊണ്ടുപോകാം. ഓരോ ഇടവകയിലും സ്ഥാപനങ്ങളിലും മദ്യവിരുദ്ധ ഞായർ അർത്ഥവത്തായി സംഘടിപ്പിക്കാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം. മാർച്ച് 12-ാം തീയതി ഞായറാഴ്ചത്തെ സ്തോത്രകാഴ്ച മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം
ബിഷപ്പ് യൂഹാനോൻ മാർ തെയഡോഷ്യസ്
(ചെയർമാൻ, കെ.സി.ബി.സി മദ്യവിരുദ്ധ സമിതി)
ബിഷപ്പ് ക്രിസ്തുദാസ്. ആർ
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)
ബിഷപ് സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)
കേരള കത്തോലിക്കാസഭയുടെ ആസ്ഥന കാര്യാലയം
പി.ഒ.സി. കൊച്ചി - 682025

---

**N.B:-** ഈ സർക്കുലർ 2023 മാർച്ച് 12-ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Prot. No. 0073/2023

# സർക്കുലർ
# യാമപ്രാർഥനകൾ

## സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അല്മായസഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

2023 ഫെബ്രുവരി 19 നോമ്പുകാലം ഒന്നാം ഞായർ മുതൽ, നവീകരിച്ച യാമപ്രാർത്ഥനക്രമം ഔദ്യോഗികമായി നിലവിൽ വരുന്നതിനെക്കുറിച്ചു കഴിഞ്ഞ സിനഡ് അനന്തര സർക്കുലറിൽ (Prot. No. 0029/2023) സൂചിപ്പിച്ചിരുന്നല്ലോ. അതിന്റെ പശ്ചാത്തലത്തിൽ നവീകരിച്ച യാമപ്രാർത്ഥനക്രമത്തെക്കുറിച്ചും അതിന്റെ സവിശേഷതകളെക്കുറിച്ചും ഏതാനും കാര്യങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു.

**യാമപ്രാർഥനകൾ**

വിശുദ്ധ കുർബാനയുടെ ചൈതന്യം ദിനരാത്രങ്ങളുടെ വിവിധ യാമങ്ങളിലേക്കു വ്യാപിപ്പിക്കാനും ദൈവസ്തുതികൾ ആലപിച്ചുകൊണ്ടു നമ്മുടെ ജീവിതം വിശുദ്ധീകരിക്കാനും സഹായിക്കുന്ന യാമപ്രാർഥനകൾ സഭയിൽ ആധ്യാത്മികശക്തിയുടെ നീർച്ചാലുകളായി നിലകൊള്ളുന്നു. പോൾ ബഡ്ജാൻ എന്ന ലാസറിസ്റ്റ് വൈദികൻ മൂന്നു വാല്യങ്ങളായി 1886, 1887 വർഷങ്ങളിൽ എഡിറ്റുചെയ്ത സുറിയാനിഭാഷയിലുള്ള യാമപ്രാർഥനപ്പുസ്തകങ്ങൾ പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കാര്യാലയം 1939-ൽ സീറോമലബാർ, കൽദായ സഭകളുടെ ഉപയോഗത്തിനായി പ്രസി

ഢീകരിച്ചിരുന്നു. 1953-ൽ കേരളം സന്ദർശിച്ച പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ തലവൻ കർദിനാൾ യൂജിൻ ടിസറാങിന്റെ നിർദേശപ്രകാരം സുറിയാനി യാമപ്രാർഥനപ്പുസ്തകങ്ങൾ മലയാളഭാഷയിലേക്കു വിവർത്തനം ചെയ്യാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. 1973-ൽ ചേർന്ന സീറോമലബാർ ബിഷപ്സ് കോൺഫറൻസ് (SMBC) മലയാളത്തിൽ യാമപ്രാർഥനപ്പുസ്തകങ്ങൾ തയ്യാറാക്കുന്നതിനു തീരുമാനമെടുത്തു. അതിനായി രൂപീകരിച്ച ലിറ്റർജിക്കൽ കമ്മിറ്റി തയ്യാറാക്കിയ പുസ്തകം 'സീറോമലബാർ സഭയുടെ യാമപ്രാർത്ഥനകൾ' എന്ന പേരിൽ പ്രസിദ്ധീകരിച്ചത് 1986-ൽ ആണ്. എന്നാൽ, 1986-നു മുമ്പ് 'കാനോന നമസ്കാരം' എന്ന പേരിൽ മൂന്നു വാല്യങ്ങളിലായി സുറിയാനി യാമപ്രാർത്ഥനകളുടെ ചില ഭാഗങ്ങൾ തിരഞ്ഞെടുത്തു മലയാളത്തിലേക്കു വിവർത്തനം ചെയ്തു വൈദികരുടെയും സമർപ്പിതരുടെയും ഉപയോഗത്തിനായി നല്കിയിരുന്നു. ഈ രണ്ടു പുസ്തകങ്ങളിലും സുറിയാനിയിലുള്ള യാമപ്രാർഥനകളുടെ ഘടന ഒരു പരിധിവരെ നിലനിറുത്തിയിരുന്നുവെങ്കിലും അവയിൽ മൂലകൃതിയുടെ തനിമ വേണ്ടത്ര സംരക്ഷിക്കാൻ സാധിച്ചിരുന്നില്ല. എല്ലാ കാലങ്ങളിലെയും എല്ലാ ദിവസങ്ങളിലെയും തിരുനാളുകളിലെയും പ്രാർത്ഥനകളും ഗീതങ്ങളും പരിമിതമായി മാത്രമേ അവയിൽ ചേർത്തിരുന്നുള്ളു. തന്മൂലം, പൗരസ്ത്യസുറിയാനി പാരമ്പര്യത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ട് ആവശ്യമായ നവീകരണത്തോടുകൂടെ പുതിയ യാമപ്രാർഥനപുസ്തകം തയ്യാറാക്കാൻ സീറോമലബാർ സിനഡ് 2007-ൽ തീരുമാനിച്ചു.

2014 ആഗസ്റ്റ് മാസത്തിലെ സിനഡുസമ്മേളനം യാമപ്രാർത്ഥനപുസ്തകത്തിന്റെ നവീകരണവുമായി മുന്നോട്ടുപോകാൻ ലിറ്റർജി കമ്മീഷനോടു നിർദേശിച്ചു. കൂടാതെ, യാമപ്രാർഥനപ്പുസ്തകത്തിന്റെ ആഘോഷപൂർവകമായ ക്രമത്തിന്റെയും ഹ്രസ്വരൂപത്തിന്റെയും പൊതുഘടന സിനഡ് അംഗീകരിച്ചു നല്കി. എട്ടു മെത്രാന്മാരുടെ ഒരു സ്പെഷ്യൽ കമ്മിറ്റിയെ യാമപ്രാർത്ഥനപ്പുസ്തകത്തിന്റെ പരിശോധനയ്ക്കായി സിനഡു തിരഞ്ഞെടുക്കുകയും ചെയ്തു. സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി ഒരു സബ്കമ്മിറ്റിയെ നിയോഗിക്കുകയും സുറിയാനി ഉറവിടങ്ങളിൽനിന്നു പ്രാർത്ഥന

കൾ വിവർത്തനം ചെയ്യാൻ നിർദേശിക്കുകയും ചെയ്തു. തുടർന്നു, വിവർത്തനങ്ങളെ ആധാരമാക്കിയും സുറിയാനി ഉറവിടങ്ങൾ പരിശോധിച്ചുനോക്കിയും പ്രാർത്ഥനകളും ഗീതങ്ങളും രൂപീകരിച്ചു. ഇപ്രകാരം സബ്കമ്മറ്റി തയ്യാറാക്കിയ ഡ്രാഫ്റ്റ് എല്ലാ രൂപതകളിലെയും വൈദികരുടെ പ്രതിനിധികളും സന്ന്യസ്ത, അല്മായ പ്രതിനിധികളും ദൈവശാസ്ത്ര, ആരാധനക്രമപണ്ഡിതരും ഉൾക്കൊള്ളുന്ന സീറോമലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി വിശദമായി പഠിച്ചു. കൂടാതെ, സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റി അംഗങ്ങൾ അനേകം പ്രാവശ്യം സഭയുടെ കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഒരുമിച്ചുകൂടി നവീകരിച്ച പ്രാർത്ഥനകൾ ചൊല്ലിയും ഗീതങ്ങൾ ആലപിച്ചും ആവശ്യമായ തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും നടത്തി ഭാഷാശുദ്ധി വരുത്തുകയും ചെയ്തു. മെത്രാന്മാരുടെ സ്പെഷ്യൽ കമ്മിറ്റി നിരവധി പ്രാവശ്യം സമ്മേളിച്ചു പ്രാർത്ഥനകൾ ചൊല്ലിയും ഗീതങ്ങൾ ആലപിച്ചും സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റി അംഗീകരിച്ച ഡ്രാഫ്റ്റിൽ ആവശ്യമായ മാറ്റങ്ങൾ നിർദേശിച്ചു. ഇങ്ങനെ നവീകരിച്ച യാമപ്രാർത്ഥനപുസ്തകം 2022 ആഗസ്റ്റ് 16 മുതൽ 25 വരെ നടന്ന മുപ്പതാം സിനഡിന്റെ രണ്ടാം സമ്മേളനത്തിൽ അംഗീകരിച്ചു. വീണ്ടും എന്തെങ്കിലും നിർദേശങ്ങളുണ്ടെങ്കിൽ, അവ 2022 ഒക്ടോബർ 30 നു മുമ്പ് ആരാധനക്രമ കമ്മീഷനിൽ അറിയിക്കാനായി, യാമപ്രാർത്ഥനപുസ്തകത്തിന്റെ ആഘോഷപൂർവകമായ ക്രമത്തിന്റെയും ഹ്രസ്വരൂപത്തിന്റെയും ഡ്രാഫ്റ്റ് എല്ലാ മെത്രാന്മാർക്കും സമർപ്പിതസമൂഹങ്ങളുടെ സുപ്പീരിയർമാർക്കും അയച്ചുകൊടുത്തു. അവർ നല്കിയ നിർദേശങ്ങൾ സ്പെഷ്യൽ കമ്മിറ്റി പരിശോധിച്ചശേഷം ഡ്രാഫ്റ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയാണ് നവീകരിച്ച യാമപ്രാർത്ഥനകൾ 2023 ജനുവരി ദനഹാത്തിരുനാളിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്.

**യാമപ്രാർഥനകളുടെ ചൈതന്യത്തിലേക്ക്**

യാമപ്രാർഥനകളിലെ ഗീതങ്ങളുടെയും പ്രാർത്ഥനകളുടെയും പ്രഥമമായ അടിസ്ഥാനം ദൈവവചനം തന്നെയാണ്. ഒപ്പം, വിശുദ്ധരായ സഭാപിതാക്കന്മാർ ദൈവവചനത്തിനു നല്കിയ വ്യാഖ്യാനങ്ങളും ധ്യാനചിന്തകളും അതിൽ നിറഞ്ഞുനില്ക്കുന്നുണ്ട്. അതുകൊണ്ടു തന്നെ ദൈവവചനത്തിന്റെ ആഘോഷ

മാണ് യാമപ്രാർഥനകൾ എന്നു മനസിലാക്കാൻ കഴിയും. ഈ യാമപ്രാർഥനകളിലൂടെ ദൈവവചനം കൂടുതൽ ധ്യാനിക്കാനും വചനബദ്ധമായ ജീവിതം നയിക്കാനും നമ്മെ സഹായിക്കുമെന്നതു നിസ്തർക്കമാണ്. സഭയുടെ മനസ്സോടുചേർന്നു ദൈവവചനം ഉൾക്കൊള്ളാനും അതിന്റെ വ്യാഖ്യാനങ്ങളെ മനസിലാക്കാനും യാമപ്രാർഥനകൾ നമ്മെ സഹായിക്കും.

ആരാധനാവത്സരത്തിലെ പ്രധാനപ്പെട്ട തിരുനാളുകൾ ഉൾപ്പെടെ, ഓരോ ദിവസത്തിന്റെയും പ്രത്യേകം പ്രത്യേകം പ്രാർത്ഥനകൾ നവീകരിച്ച യാമപ്രാർത്ഥനപുസ്തകത്തിലുണ്ട്. പ്രാർത്ഥനകളുടെ വൈവിധ്യംമൂലം പുസ്തകത്തിന്റെ വലിപ്പം താരതമ്യേന കൂടിയിട്ടുണ്ടെങ്കിലും അനുദിനപ്രാർത്ഥനകളുടെ സമയദൈർഘ്യം കൂടുന്നില്ല. കൂടുതൽ ആഘോഷപൂർവകമായക്രമവും സാധാരണക്രമവും ഉൾക്കൊള്ളുന്ന ഈ പ്രാർത്ഥനപ്പുസ്തകം മാത്രമല്ല, യാത്ര പോലെയുള്ള പ്രത്യേകസന്ദർഭങ്ങളിൽ ഉപയോഗിക്കാനായി യാമപ്രാർത്ഥനയുടെ ഹ്രസ്വരൂപവും സിനഡ് അംഗീകരിച്ചു നല്കിയിട്ടുണ്ട്.

നമ്മുടെ സഭയുടെ പാരമ്പര്യത്തിൽ ഏഴുനേരത്തേക്കുള്ള യാമപ്രാർഥനകളുണ്ട്. എന്നാൽ ഇപ്പോൾ സിനഡു തയ്യാറാക്കി പ്രസിദ്ധീകരിച്ചിരിക്കുന്നതു പ്രധാനപ്പെട്ട മൂന്നു യാമപ്രാർത്ഥനകളാണ്. സന്ധ്യാനമസ്കാരമായ റംശാ, രാത്രിജപമായ ലെലിയാ, പ്രഭാത പ്രാർത്ഥനയായ സപ്രാ എന്നിവയാണവ. ഈ മൂന്നു പ്രാർത്ഥനകളാണ് ഔദ്യോഗികമായി നമ്മുടെ സഭയിൽ ഉപയോഗത്തിലുണ്ടായിരുന്നത്. അതുകൊണ്ടാണ് ആ പ്രാർത്ഥനകൾ മൂലരൂപങ്ങളോടു കൂടുതൽ വിശ്വസ്തത പുലർത്തുന്ന വിധത്തിൽ നവീകരിച്ച് ഇപ്പോൾ സഭാമക്കളുടെ ഉപയോഗത്തിനു രണ്ടുവാല്യങ്ങളിലായി നല്കുന്നത്. മംഗളവാർത്തക്കാലം മുതൽ ഉയിർപ്പു കാലംവരെ ഉൾക്കൊള്ളുന്ന ഒന്നാം ഭാഗം മിശിഹാരഹസ്യകേന്ദ്രീകൃതമാണ്. സഭാരഹസ്യ ചിന്തകളാണ് ശ്ലീഹാക്കാലംമുതൽ പള്ളിക്കൂദാശക്കാലംവരെ ഉൾക്കൊള്ളുന്ന യാമപ്രാർഥനയുടെ രണ്ടാം വാല്യത്തിൽ നിറഞ്ഞുനില്ക്കുന്നത്. രണ്ടാംവാല്യം താമസംവിനാ പ്രസിദ്ധീകരിക്കുന്നതാണ്.

വിശ്വാസികൾ മുഴുവന്റെയും പ്രാർത്ഥനയായ യാമപ്രാർത്ഥനകൾ സഭയുടെ പ്രത്യേക നിയമമനുസരിച്ചു കത്തീഡ്രലുകളിലും മറ്റു ദൈവാലയങ്ങളിലും എല്ലാദിവസവും പ്രത്യേകിച്ചു ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും നടത്തണമെന്നു പൗരസ്ത്യ സഭാനിയമം (CCEO c. 199 §2) അനുശാസിക്കുന്നു. നവീകരിച്ച യാമപ്രാർത്ഥനപുസ്തകം ഉപയോഗിച്ചു പ്രാർത്ഥിക്കാൻ എല്ലാവൈദികരോടും സമർപ്പിതരോടും അല്മായസഹോദരങ്ങളോടും ഞാൻ ആഹ്വാനം ചെയ്യുന്നു.

നോമ്പിന്റെ ചൈതന്യത്തിലേക്കു പ്രവേശിക്കാനൊരുങ്ങുന്ന നമ്മെ നല്ലവനായ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ! മിശിഹായുടെ അനുഗൃഹീതമാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ! കാരുണ്യവാനായ കർത്താവിനെ സ്തുതികളാലും സങ്കീർത്തനങ്ങളാലും നമുക്ക് ആരാധിക്കാം.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2023-ാം ആണ്ട് ഫെബ്രുവരി മാസം 5-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

ഈ സർക്കുലറിന്റെ ഉള്ളടക്കം 2023 മാർച്ച് 19-ാം തീയതി ഞായറാഴ്ച സീറോമലബാർ സഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാന മധ്യേ അറിയിക്കേണ്ടതാണ്.

# രൂപതാകച്ചേരി വാർത്തകൾ

**അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാൾ**

മാർച്ച് 19-ാം തിയതി തിരുസഭ വി. യൗസേപ്പിതാവിന്റെ ഓർമ്മ തിരുനാൾ ആചരിക്കുകയാണല്ലോ. യൗസേപ്പിതാവിന്റെ നാമധാരിയായ നമ്മുടെ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിന് രൂപത മുഴുവന്റേയും പേരിൽ നാമഹേതുക തിരുനാളിന്റെ സ്നേഹപൂർവ്വകമായ മംഗളാശംസകൾ. തിരുസഭയുടെ സംരക്ഷകനായ മാർ യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭിവന്ദ്യ പിതാവും മാനന്തവാടി രൂപതയും അനുഗ്രഹിക്കപ്പെടുന്നതിനായി നമുക്കൊന്നുചേർന്ന് പ്രാർത്ഥിക്കാം. വി. യൗസേപ്പിതാവിന്റെ നാമധാരികളായ ബഹു. വൈദികരെയും നമ്മുടെ പ്രാർത്ഥനയിൽ അന്നേദിവസം പ്രത്യേകം ഓർക്കാം. വി. യൗസേപ്പിതാവിന്റെ നാമധാരികളായ എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ.

**മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമവാർഷികം**

നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ പ്രിയങ്കരനായ മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമദിനം ഏപ്രിൽ 6-ാം തിയതി വ്യാഴാഴ്ചയാണ്. പക്ഷെ അന്നേദിവസം പെസഹാ വ്യാഴാഴ്ച ആയതിനാൽ ഏപ്രിൽ 4 ചൊവ്വാഴ്ച, കത്തീഡ്രൽ ദേവാലയത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രാവിലെ 6.45 ന് തിരുകർമ്മങ്ങൾ ഉണ്ടായിരിക്കും. സാധിക്കുന്ന വൈദികരും സന്യസ്തരും അത്മായ സഹോദരങ്ങളും ആ തിരുകർമ്മങ്ങളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സ്നേഹസ്മരണ**

മാർച്ച് 3 ന് ബഹു. ജോർജ്ജ് മൂലയിൽ അച്ചന്റെയും മാർച്ച് 10 ന് ബഹു. ഫ്രാൻസീസ് വാളായിൽ അച്ചന്റെയും, ബഹു. മാത്യു പൈക്കാട്ടച്ചന്റെയും ഏപ്രിൽ 8 ന് ബഹു. പോൾ മണക്കാട്ട്മറ്റം അച്ചന്റെയും ഏപ്രിൽ 5ന് ബഹു. ജോസഫ് തുരുത്തേൽ അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും നമുക്കോർക്കാം.

**മദ്യവിരുദ്ധ ഞായർ മാർച്ച് 12**

മാർച്ച് 12 ന് മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണല്ലോ.

ഈ ദിനം സമുചിതമായി ആഘോഷിക്കുവാൻ എല്ലാ ഇടവകകളും ശ്രദ്ധിക്കുമല്ലോ. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടേതായി ഈ മാസത്തിലെ ബുള്ളറ്റിനിൽ ചേർത്തിരിക്കുന്ന സർക്കുലർ വി. കുർബാനമദ്ധ്യേ വായിക്കുകയും അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച എടുത്ത് മദ്യവിരുദ്ധ പ്രവർത്തനങ്ങളെ സഹായിക്കുവാനായി രൂപതാകേന്ദ്രത്തിലേക്ക് എത്തിച്ചുതരുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയിലെ ലഹരിവിമുക്ത പ്രവർത്തനങ്ങൾക്ക് ശക്തമായ നേതൃത്വം നൽകുന്ന ബഹു. സണ്ണി മഠത്തിലച്ചനും മറ്റ് സഹപ്രവർത്തകർക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

**പാസ്റ്ററൽ കൗൺസിൽ (Pastoral Council)**

നമ്മുടെ രൂപതയുടെ പാസ്റ്ററൽ കൗൺസിലിന്റെ ഒരു സമ്മേളനം 2023 മാർച്ച് 11 ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1.00 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. ഏതെങ്കിലും കാരണവശാൽ ക്ഷണക്കത്ത് ലഭിക്കാതെ വന്നാൽ ഇതു അറിയിപ്പായി സ്വീകരിച്ച് സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വൈദിക സമ്മേളനം (Priests' Conference)**

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം (Priests' Conference) 2023 മാർച്ച് 27 തിങ്കളാഴ്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 1.00 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. ഏതെങ്കിലും കാരണവശാൽ ക്ഷണക്കത്ത് ലഭിക്കാതെ വന്നാൽ ഇതു അറിയിപ്പായി സ്വീകരിച്ച് വൈദിക സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പൊതുപിരിവുകൾ**

രൂപതാകേന്ദ്രത്തിലേയ്ക്ക് അയച്ചു തരേണ്ട പൊതു പിരിവുകൾ എത്രയും വേഗം രൂപതാ കേന്ദ്രത്തിൽ എത്തിച്ചു തരണമെന്ന് ഓർമ്മിപ്പിക്കുന്നു. എല്ലാ ഇടവകകളിൽ നിന്നും 10% രൂപതാവിഹിതവും, വൈദീക ക്ഷേമനിധിയിലേയ്ക്കുള്ള തുകയും, വൈദീക ക്ഷേമനിധി കുടിശിഖയുള്ള ഇടവകകൾ കുടിശിഖയും അടയ്ക്കാൻ ശ്രദ്ധിക്കുമല്ലോ.

**സുവർണ്ണജൂബിലി സമാപനം 2023 മെയ് 1 തിങ്കളാഴ്ച**

പങ്കെടുക്കേണ്ടവർ:

എല്ലാ വൈദികരും, സന്യസ്തരും, എല്ലാ കൈക്കാരന്മാർ, കപ്യാർ, സെക്രട്ടറിമാർ, എല്ലാ മതാധ്യാപകരും, ഓരോ കുടുംബ

യൂണിറ്റിൽ നിന്നും 2 പേർ വീതം, എല്ലാ സംഘടനാ ഭാരവാഹികളും.

ബഹുമാനപ്പെട്ട വൈദികർ ഇടവകകളിൽ അന്നേ ദിവസത്തെ പൊതു പരിപാടികൾ ഒഴിവാക്കി സുവർണ്ണ ജൂബിലി സമാപനത്തിൽ എല്ലാവരുടേയും സജീവ പങ്കാളിത്തം ഉറപ്പുവരുത്തുമല്ലോ.

**മൈനർ ഓർഡേഴ്സ്**

വിവിധ മേജർ സെമിനാരികളിൽ ദൈവശാസ്ത്ര പരിശീലനം നേടിക്കൊണ്ടിരിക്കുന്ന വൈദീകവിദ്യാർത്ഥികളുടെ മൈനർ ഓർഡേഴ്സ് ഏപ്രിൽ 03 ന് രാവിലെ 7 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് നൽകപ്പെടുന്നതായിരിക്കും.

**വാർഷിക പൊതുയോഗവും തിരഞ്ഞെടുപ്പും**

ഈ വർഷത്തെ ആണ്ടുതിരട്ട്, അടുത്ത വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ പാസ്സാക്കുന്നതിനും കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള വാർഷിക പൊതുയോഗം ഏപ്രിൽ 16-ാം തിയ്യതി ഞായറാഴ്ചയോ അതിനു മുൻപോ നടത്തേണ്ടതാണ്. പൊതുയോഗത്തിൽ 2022-23 വർഷത്തെ വാർഷിക കണക്ക്, 2023-24 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ അവതരിപ്പിച്ച് പാസാക്കുകയും 2023-24 വർഷത്തേയ്ക്കുള്ള കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്യണം. രണ്ട് ഇന്റേണൽ ഓഡിറ്റർമാരെയും തിരഞ്ഞെടുക്കണം. കൈക്കാരന്മാരായി തിരഞ്ഞെടുക്കപ്പെടുന്നവരിൽ നിന്ന് പ്രതിജ്ഞാപത്രം അപ്പോൾ തന്നെ ഒപ്പിട്ട് വാങ്ങേണ്ടതാണ്.

* വാർഷിക തെരട്ടിനോടൊപ്പം പൊതുയോഗ മിനിറ്റ്സിന്റെ പകർപ്പും വാർഷിക തെരട്ടിന്റെയും ബഡ്ജറ്റിന്റേയും കോപ്പികളും, കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രവും ഓഡിറ്റിംഗിനു വരുമ്പോൾ ബഹു. വികാരി ജനറാളച്ചനു സമർപ്പിച്ച് അംഗീകാരം വാങ്ങണം. കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രങ്ങൾ സമർപ്പിച്ച് അംഗീകാരം ലഭിച്ചതിനുശേഷമാണ് പുതിയ കൈക്കാരന്മാർ ചാർജ്ജെടുക്കുക. കൈക്കാരന്മാരുടെ യോഗ്യതകളെക്കുറിച്ച് നിയമാവലിയിൽ പറഞ്ഞിരിക്കുന്നതിന് പുറമെ (കൈക്കാരന്മാർ 21 വയസിൽ കുറയാത്തവരും, 65 ൽ കവിയാത്തവരും സുരക്ഷിത ചുറ്റുവട്ട സമിതി (Safe Environment Committee) സംഘടിപ്പിക്കുന്ന കോഴ്സിൽ സംബന്ധിച്ച് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവരും വിശ്വസ്തരും, സത്യസന്ധരും, കഴിവുറ്റവരും, കാര്യപ്രാപ്തരും, സേവനസന്നദ്ധരും, ഇടവക കുടിശിഖ ഇല്ലാത്തവരും, ലഹരിക്ക് അടിമപ്പെടാത്തവരും പള്ളിയുടെ നന്മയ്ക്ക് പ്രവർത്തിക്കുന്നവരും സഭാവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടാത്തവരും ആയിരിക്കണം. പേജ് 205, നമ്പർ 42.)

സഭാശുശ്രൂഷകരെ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ അഭിവന്ദ്യ പിതാവിന്റെ പ്രത്യേക പാസ്റ്ററൽ ലെറ്റർ നമ്പർ 02/2008, Prot.No. 6414/2008 -ൽ പറഞ്ഞിട്ടുള്ളതും പ്രത്യേകം ഓർമ്മിപ്പിക്കട്ടെ. കൈക്കാരന്മാർ മുമ്പ് കോഴ്സ് കൂടിയിട്ടില്ലെങ്കിൽ Safe Environment Committee പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്ന കോഴ്സ് കൂടേണ്ടതാണ്.

* സഭാ ശുശ്രൂഷകർക്കായി നിയോഗിക്കപ്പെടുന്ന സഭാംഗങ്ങൾ, ഏതുതരത്തിൽപ്പെട്ടവരായാലും ക്രൈസ്തവവിശ്വാസവും ധാർമ്മികതയും ആചാരാനുഷ്ഠാനങ്ങളും ശരിയായി മനസ്സിലാക്കി അവ തെറ്റു കൂടാതെയും കുറവു കൂടാതെയും വിശ്വസിച്ച് ജീവിക്കുന്നവരും ആകണം.

* വിശ്വാസജീവിതം നയിക്കാത്തവരും അതു പരസ്യമായി പറയാൻ മടിക്കുന്നവരും ശുശ്രൂഷയുടെ സ്ഥാനങ്ങളിലേയ്ക്ക് നിയോഗിക്കപ്പെടരുത്.

* ക്രൈസ്തവവിശ്വാസവും ധാർമ്മികതയും അംഗീകരിക്കാത്ത പ്രസ്ഥാനങ്ങളിലും സംഘടനകളിലും അംഗങ്ങളാകുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ തിരഞ്ഞെടുക്കപ്പെടാൻ പാടില്ല.

* സീറോമലബാർ സഭയുടെ പള്ളി നടപടി ക്രമം 6.1.1. അനുസരിച്ച് സഭയുടെ വിശ്വാസത്തെയും സഭാപ്രബോധനങ്ങളെയും പരസ്യമായി എതിർക്കുന്നവർ പൊതുയോഗത്തിലും പ്രതിനിധിയോഗത്തിലും അംഗങ്ങളാകുവാൻ പാടില്ല. അവർ ശുശ്രൂഷാസ്ഥാനങ്ങളിൽ നിയോഗിക്കപ്പെടാനും പാടില്ല.

* കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പ് അംഗീകരിച്ച് നിയമിക്കാനായി രൂപതാകേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്ന പൊതുയോഗ തീരുമാനത്തോടൊപ്പം രൂപതാകേന്ദ്രത്തിൽ ലഭ്യമാക്കിയിട്ടുള്ള പ്രത്യേക പ്രതിജ്ഞാപത്രം തെരഞ്ഞെടുക്കപ്പെടുന്നവരുടെയും ബഹു. വികാരിയുടെയും സാക്ഷികളുടെയും ഒപ്പുസഹിതം സമർപ്പിക്കേണ്ടതാണ്.

* പ്രതിനിധിയോഗാംഗങ്ങൾ, സംഘടനാഭാരവാഹികൾ എന്നിവരുടെ തെരഞ്ഞെടുപ്പിനുശേഷം അവർ സ്ഥാനമേൽക്കുന്നതിനു മുൻപായി മേല്പറഞ്ഞ പ്രകാരം സത്യപ്രതിജ്ഞാപത്രം ഒപ്പിട്ട് ബഹു. വികാരിയെ ഏൽപിക്കേണ്ടതാണ്. വികാരി അവ ഇടവക ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

* മതാധ്യാപകരായി നിയമിക്കപ്പെടുന്നവരും സത്യപ്രതിജ്ഞാപത്രം ഒപ്പിട്ടു നൽകുകയും വികാരി അത് ഇടവക ഫയലിൽ സൂക്ഷി

ക്കുകയും വേണം.

* മദ്യപർ എന്ന് അറിയപ്പെടുന്നവരും ഏതെങ്കിലും ലഹരിക്ക് അടിമപ്പെട്ടവരും തെരഞ്ഞെടുക്കപ്പെടാൻ പാടില്ല.

**കുടുംബകൂട്ടായ്മ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്**

(നിയമാവലി 265-278)

**തിരഞ്ഞെടുക്കപ്പെടേണ്ടവർ:**

1. യൂണിറ്റ് പ്രസിഡണ്ട്
2. യൂണിറ്റ് വൈസ് പ്രസിഡണ്ട്
3. സെക്രട്ടറി
4. ട്രഷറർ

കുടുംബയൂണിറ്റുകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിൽ നിന്ന് താഴെപ്പറയും പ്രകാരം:

250 വരെ കുടുംബങ്ങളുള്ള ഇടവകകളിൽ കുടുംബകൂട്ടായ്മ കളിലെ നാലു ഭാരവാഹികളും പ്രതിനിധിയോഗാംഗങ്ങളായിരിക്കും. 250 മുതൽ 500 വരെ കുടുംബങ്ങളുള്ള ഇടവകകൂട്ടായ്മകളിലെ പ്രസി ഡണ്ട്, വൈസ് പ്രസിഡണ്ട്, യുവജന പ്രതിനിധി എന്നിവരായി രിക്കും പ്രതിനിധിയോഗാംഗങ്ങൾ. അഞ്ഞൂറിലധികം കുടുംബങ്ങ ളുള്ള ഇടവകകളിൽ യൂണിറ്റ് പ്രസിഡണ്ടും സെക്രട്ടറിയും (ഇവരി ലൊരാൾ വനിതയായിരിക്കണം). കൂടാതെ യൂണിറ്റുകളിലെ യുവ ജനപ്രതിനിധികളിൽ നിന്ന് യുക്തമായ രീതിയിൽ തിരഞ്ഞെടുക്ക പ്പെടുന്ന നാലു യുവാക്കളും നാലു യുവതികളും പ്രതിനിധിയോഗാം ഗങ്ങളായിരിക്കും.

ഇവരുടെ കാലാവധി രണ്ട് വർഷമായിരിക്കും. നിലവിലുള്ള രൂപതാ പാസ്റ്ററൽ കൗൺസിലിലും ഫൊറോനാ കൗൺസിലിലും അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടവർ പ്രസ്തുത കൗൺസിലിൽ അവർ അംഗങ്ങളായി തുടരുന്ന കാലാവധിവരെ അവരുടെ ഇടവ കയിലെ പാരീഷ് കൗൺസിൽ അംഗങ്ങളായിരിക്കും.

**ഓഡിറ്റിംഗ്**

പ്രിയമുള്ളവരേ,

നമ്മുടെ രൂപതയിലെ 2022-2023 വർഷത്തെ എല്ലാ ഇടവകക ളുടെയും, സ്ഥാപനങ്ങളുടെയും ഓഡിറ്റിംഗ് ഏപ്രിൽ 18-ാം തിയ്യതി മുതൽ 28-ാം തിയ്യതി വരെ നടത്തപ്പെടുന്നതാണ്. ഇടവകകളുടെ ഓഡിറ്റിംഗ് ഏപ്രിൽ 18-ാം തിയ്യതി മുതൽ ഏപ്രിൽ 26 വരെയും, സ്ഥാപ നങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ഓഡിറ്റിംഗ് (FC & General) ഏപ്രിൽ 27,28 തിയ്യതികളിലുമാണ് ക്രമീകരിച്ചിരിക്കുന്നത്. ഓഡിറ്റിം

ഗിനായി വരുമ്പോൾ കഴിഞ്ഞ വർഷം ഓഡിറ്റേഴ്സ് നൽകിയ നിർദേശങ്ങൾ അനുസരിച്ച് വേണ്ട രേഖകൾ ഹാജരാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഇടവകകളുടെ പൊതുകണക്കുകൾ അംഗീകാരത്തിനും ഓഡിറ്റിംഗിനുമായി കൊണ്ടുവരേണ്ട തിയ്യതികൾ താഴെ ചേർത്തിട്ടുണ്ട്.

എല്ലാ ദിവസവും രാവിലെ 9 മണിക്ക് ഓഡിറ്റിംഗ് ആരംഭിക്കുന്നതാണ്. ഓഡിറ്റേഴ്സ് പലരുള്ളതിനാൽ ഓരോ പള്ളിക്കും കൃത്യ സമയം നിശ്ചയിച്ചിട്ടില്ല. രാവിലെ, ഉച്ചയ്ക്കു ശേഷം എന്നിങ്ങനെയേ സമയം ക്രമീകരിച്ചിട്ടുള്ളു. രാവിലെ ഓഡിറ്റിംഗിന് സമയം കിട്ടിയിരിക്കുന്നവർ 9 മണിയോടുകൂടിയും ഉച്ചയ്ക്കുശേഷം കിട്ടിയിരിക്കുന്നവർ ഉച്ചകഴിഞ്ഞ് 2 മണിയോടുകൂടിയും എത്തിച്ചേരുവാൻ ശ്രദ്ധിക്കുമല്ലോ. ഏതെങ്കിലും കാരണത്താൽ ദിവസമാറ്റം വളരെ അത്യാവശ്യമായി വന്നാൽ രൂപതാ ഓഫിസിൽ അറിയിച്ച് മറ്റൊരു ദിവസവും സമയവും ക്രമീകരിക്കേണ്ടതാണ്.

ഇടവകയുടെ പെതുകണക്കുകൾ അംഗീകാരത്തിനും ഓഡിറ്റിംഗനുമായി കൊണ്ടുവരുമ്പോൾ താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്:

**വികാരി ജനറാളിന്റെ വിലയിരുത്തലിന്:**

1. വാർഷിക തെരട്ട്ബുക്ക്
2. വാർഷിക പൊതുയോഗമിനിട്സിന്റെ പകർപ്പ്
3. 2023–2024 വർഷത്തിലേക്കുള്ള അംഗീകരിച്ച ബഡ്ജറ്റ്
4. വർഷികതെരട്ടിന്റെ 2 കോപ്പികൾ
5. 10% രൂപതാ വിഹിതം അടച്ചതിന്റെ രസീത്
6. കൈക്കാരൻമ്മാരുടെ പ്രതിജ്ഞാപത്രം
7. അക്കൗണ്ടിംഗ് സോഫ്റ്റ്വെയറിന്റെ വാർഷിക മെയിന്റനസ് ചാർജ്ജ് അടച്ചതിന്റെ രസീത്

**ഓഡിറ്റേഴ്സിന്റെ പരിശോധയ്ക്ക്:**

1. Online ആയി account ചെയ്തതിന്റെ Print out

- Daybook (നാൾവഴി)
- Ledger
- Annual statement of Receipt and Payment 2 കോപ്പി (1 കോപ്പി Ledger ന്റെ കൂടെ bind ചെയ്യണം, 1 കോപ്പി ഓഡിറ്റേഴ്സിന് നൽകുവാൻ)

2. പാസ്ബുക്കുകൾ/ ബാങ്ക് സ്റ്റേറ്റ്മെന്റ്
3. ചെക്കുബുക്കുകൾ

4. ബില്ലുകൾ, വൗച്ചറുകൾ, രസീത്കുറ്റികൾ
5. FD രസീതുകൾ

അതോടൊപ്പം തന്നെ ചുരുക്കം ചില ഇടവകളിൽ പള്ളിയുടെ ഭൂനികുതിയും, വാണിജ്യാടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ നികുതിയും, മറ്റ് നികുതികളും വർഷങ്ങളായി അടച്ചിട്ടില്ലെന്ന് കാണുന്നു. വികാരിയച്ചന്മാർ മുൻകൈ എടുത്ത് പ്രസ്തുത നികുതികൾ എത്രയും വേഗം അടച്ച് രസീത് പള്ളി ഫയലിൽ സൂക്ഷിക്കേണ്ടതും ഒരുകോപ്പി ഓഡിറ്റിംഗിനു വരുമ്പോൾ രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതുമാണ്

നീലഗിരി റീജിയണിലുള്ള പള്ളികളുടെ കണക്കുകൾ ഓഡിറ്റർ ശ്രീ.ജോൺ മാത്യുവിന്റെ ഊട്ടിയിലോ, ഗൂഡല്ലൂരോ ഉള്ള ഓഫിസുകളിൽ നേരത്തെ തന്നെ ഓഡിറ്റിംഗിന് കൊടുക്കുന്നത് സൗകര്യപ്രദമായിരിക്കുമെന്ന് ഓഡിറ്റർ അറിയിച്ചിട്ടുണ്ട്. ആണ്ടുതെരട്ട് പരിശോധനയും പൊതുയോഗതീരുമാനങ്ങളുടെ അംഗികാരവും മെയ് 6 ന് സേക്രട്ട് ഹാർട്ട് റീജണൽ സെന്ററിൽ വച്ച് ആയിരിക്കും (അധികാരിവയൽ, ഗൂഡല്ലൂർ) നടക്കുന്നത്.

**ഓരോ ഇടവകയ്ക്കും വേണ്ടി നിയോഗിച്ചിരിക്കുന്ന സമയക്രമം ചുവടെ ചേർക്കുന്നു.**

| **മാനന്തവാടി ഫൊറോന** | **ഏപ്രിൽ 18 ചൊവ്വ** | **ബിഷപ്സ്ഹൗസ്** |
|---|---|---|
| ആലാറ്റിൽ | രാവിലെ 9 മുതൽ | ,, |
| ഏലപ്പീടിക | രാവിലെ 9 മുതൽ | ,, |
| കരിമാനി | രാവിലെ 9 മുതൽ | ,, |
| കുറ്റിമൂല | രാവിലെ 9 മുതൽ | ,, |
| മാനന്തവാടി കത്തീഡ്രൽ | രാവിലെ 9 മുതൽ | ,, |
| മാനന്തവാടി ടൗൺ | രാവിലെ 9 മുതൽ | ,, |
| പാറത്തോട്ടം | രാവിലെ 9 മുതൽ | ,, |
| പേരിയ | രാവിലെ 9 മുതൽ | ,, |
| പോരൂർ | രാവിലെ 9 മുതൽ | ,, |
| പുതിയിടം | രാവിലെ 9 മുതൽ | ,, |
| തലപ്പുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| തവിഞ്ഞാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| വാളാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| വലിയകൊല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| ബോയ്സ്ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| മുതിരേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| പ്രശാന്തിഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| യവനാർകുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |

| | | |
|---|---|---|
| **കല്ലോടി ഫൊറോന** | **ഏപ്രിൽ 19 ബുധൻ** | **ബിഷപ്സ്ഹൗസ്** |
| ദീപ്തിഗിരി /എള്ളുമന്ദം | രാവിലെ 9 മുതൽ | ,, |
| ജൂഡ്സ്മൗണ്ട് | രാവിലെ 9 മുതൽ | ,, |
| കല്ലോടി | രാവിലെ 9 മുതൽ | ,, |
| കുഞ്ഞോം | രാവിലെ 9 മുതൽ | ,, |
| മക്കിയാട് | രാവിലെ 9 മുതൽ | ,, |
| നിരവിൽപുഴ | രാവിലെ 9 മുതൽ | ,, |
| പുതുശ്ശേരി | രാവിലെ 9 മുതൽ | ,, |
| പുതിയിടംകുന്ന് | രാവിലെ 9 മുതൽ | ,, |
| വഞ്ഞോട് | രാവിലെ 9 മുതൽ | ,, |
| വാളേരി | രാവിലെ 9 മുതൽ | ,, |
| കരിമ്പിൽ | രാവിലെ 9 മുതൽ | ,, |
| **ദ്വാരക ഫൊറോന** | **ഏപ്രിൽ 19 ബുധൻ** | **ബിഷപ്സ്ഹൗസ്** |
| ചുള്ളിയാന | ഉച്ചകഴിഞ്ഞ് 2 മുതൽ | |
| ദ്വാരക | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കാരയ്ക്കാമല | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കൊമ്മയാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| മംഗലശ്ശേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| മൊതക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| തോണിച്ചാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| വെള്ളമുണ്ട | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| വിളമ്പുകണ്ടം | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കൂളിവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| **കല്പ്പറ്റ ഫൊറോന** | **ഏപ്രിൽ 20 വ്യാഴം** | **ബിഷപ്സ്ഹൗസ്** |
| കല്പ്പറ്റ | രാവിലെ 9 മുതൽ | ,, |
| വാഴവറ്റ | രാവിലെ 9 മുതൽ | ,, |
| തെനേരി | രാവിലെ 9 മുതൽ | ,, |
| നെടുമ്പാല | രാവിലെ 9 മുതൽ | ,, |
| കളത്തുവയൽ | രാവിലെ 9 മുതൽ | ,, |
| റിപ്പൺ | രാവിലെ 9 മുതൽ | ,, |
| കൊളവയൽ | രാവിലെ 9 മുതൽ | ,, |
| എടപ്പെട്ടി | രാവിലെ 9 മുതൽ | ,, |
| വൈത്തിരി | രാവിലെ 9 മുതൽ | ,, |
| ചാരിറ്റി | രാവിലെ 9 മുതൽ | ,, |
| ലക്കടി | രാവിലെ 9 മുതൽ | ,, |
| ഒലിവുമല | രാവിലെ 9 മുതൽ | ,, |

| | | |
|---|---|---|
| ചൂരൽമല | രാവിലെ 9 മുതൽ | ,, |
| പുഴമുടി | രാവിലെ 9 മുതൽ | ,, |
| തൃക്കൈപ്പറ്റ | രാവിലെ 9 മുതൽ | ,, |
| **തരിയോട് ഫൊറോന** | **ഏപ്രിൽ 20 വ്യാഴം** | **ബിഷപ്സ്ഹൗസ്** |
| തരിയോട് | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| ചെന്നലോട് | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കാവുംമന്ദം | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കോട്ടത്തറ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കുറുമ്പാല | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കുറുമണി | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| മംഗളം | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| പന്തിപ്പൊയിൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| മഞ്ഞൂറ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| പുതുശ്ശേരിക്കടവ് | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| **മുള്ളൻകൊല്ലി ഫൊറോന** | **ഏപ്രിൽ 21 വെള്ളി** | **ബിഷപ്സ്ഹൗസ്** |
| ആടിക്കൊല്ലി | രാവിലെ 9 മുതൽ | ,, |
| അമരക്കുനി | രാവിലെ 9 മുതൽ | ,, |
| ഇരുളം | രാവിലെ 9 മുതൽ | ,, |
| കബനിഗിരി | രാവിലെ 9 മുതൽ | ,, |
| മരകാവ് | രാവിലെ 9 മുതൽ | ,, |
| മരക്കടവ് | രാവിലെ 9 മുതൽ | ,, |
| മുള്ളൻകൊല്ലി | രാവിലെ 9 മുതൽ | ,, |
| പാടിച്ചിറ | രാവിലെ 9 മുതൽ | ,, |
| പട്ടാണിക്കൂപ്പ് | രാവിലെ 9 മുതൽ | ,, |
| പുൽപ്പള്ളി | രാവിലെ 9 മുതൽ | ,, |
| സീതാമൗണ്ട് | രാവിലെ 9 മുതൽ | ,, |
| ശിശുമല | രാവിലെ 9 മുതൽ | ,, |
| വാളാഞ്ചേരി | രാവിലെ 9 മുതൽ | ,, |
| **പയ്യംപള്ളി ഫൊറോന** | **ഏപ്രിൽ 21 വെള്ളി** | **ബിഷപ്സ്ഹൗസ്** |
| പയ്യംപള്ളി | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| അപ്പപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| ആറാട്ടുത്തറ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| ബാവലി | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| എടയൂർക്കുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കമ്മന | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കാട്ടിക്കുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |

| | | |
|---|---|---|
| മാർട്ടിൻനഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| പടമല | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| പനവല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| തൃശ്ശിലേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| **മണിമൂളി ഫൊറോന** | **ഏപ്രിൽ 22 ശനി** | **മണിമൂളി പാസ്റ്ററൽസെന്റർ** |
| മണിമൂളി | രാവിലെ 9 മുതൽ | ,, |
| ഭൂദാന | രാവിലെ 9 മുതൽ | ,, |
| നരിവാലമുണ്ട | രാവിലെ 9 മുതൽ | ,, |
| താളിപ്പാടം | രാവിലെ 9 മുതൽ | ,, |
| മുണ്ടേരി | രാവിലെ 9 മുതൽ | ,, |
| പാലാങ്കര | രാവിലെ 9 മുതൽ | ,, |
| പാലേമാട് | രാവിലെ 9 മുതൽ | ,, |
| പാതിരിപ്പാടം | രാവിലെ 9 മുതൽ | ,, |
| തലഞ്ഞി | രാവിലെ 9 മുതൽ | ,, |
| മരുത | രാവിലെ 9 മുതൽ | ,, |
| **നിലമ്പൂർ ഫൊറോന** | **ഏപ്രിൽ 22 ശനി** | **മണിമൂളി പാസ്റ്ററൽസെന്റർ** |
| നിലമ്പൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| ചോക്കാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| ഇടിവണ്ണ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| മൂലേപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| മൂട്ടിയേൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| പൂക്കോട്ടുംപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| പൂളപ്പാടം | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| റൂബിനഗർ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| റ്റി.കെ.കോളനി | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| തേൾപ്പാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| വടപുറം | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| **ബത്തേരി ഫൊറോന** | **ഏപ്രിൽ 25 ചൊവ്വ** | **ബിഷപ്സ്ഹൗസ്** |
| അമ്പലവയൽ | രാവിലെ 9 മുതൽ | ,, |
| ചീങ്ങവല്ലം | രാവിലെ 9 മുതൽ | ,, |
| ചിത്രഗിരി | രാവിലെ 9 മുതൽ | |
| ചുള്ളിയോട് | രാവിലെ 9 മുതൽ | ,, |
| കടൽമാട് | രാവിലെ 9 മുതൽ | ,, |
| കരണി | രാവിലെ 9 മുതൽ | ,, |
| മീനങ്ങാടി | രാവിലെ 9 മുതൽ | ,, |
| കല്ലുമുക്ക് | രാവിലെ 9 മുതൽ | ,, |

| | | |
|---|---|---|
| പഴൂർ | രാവിലെ 9 മുതൽ | ,, |
| സു.ബത്തേരി | രാവിലെ 9 മുതൽ | ,, |
| മൂലങ്കാവ് | രാവിലെ 9 മുതൽ | ,, |
| തോമാട്ടുചാൽ | രാവിലെ 9 മുതൽ | ,, |
| വടക്കനാട് | രാവിലെ 9 മുതൽ | ,, |
| വാകേരി | രാവിലെ 9 മുതൽ | ,, |
| **നടവയൽ ഫൊറോന** | **ഏപ്രിൽ 25 ചൊവ്വ** | **ബിഷപ്സ്ഹൗസ്** |
| നടവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കുറുമ്പാലക്കോട്ട | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| നെയ്ക്കുപ്പ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| പറളിക്കുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| വാളവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| **ചുങ്കക്കുന്ന് ഫൊറോന** | **ഏപ്രിൽ 26 ബുധൻ** | **ബിഷപ്സ്ഹൗസ്** |
| അടക്കാത്തോട് | രാവിലെ 9 മുതൽ | ,, |
| അമ്പായത്തോട് | രാവിലെ 9 മുതൽ | ,, |
| ചുങ്കക്കുന്ന് | രാവിലെ 9 മുതൽ | ,, |
| കേളകം | രാവിലെ 9 മുതൽ | ,, |
| കൊട്ടിയൂർ | രാവിലെ 9 മുതൽ | ,, |
| നെല്ലിയോടി | രാവിലെ 9 മുതൽ | ,, |
| ഒറ്റപ്ലാവ് | രാവിലെ 9 മുതൽ | ,, |
| പാൽചുരം | രാവിലെ 9 മുതൽ | ,, |
| ശാന്തിഗിരി | രാവിലെ 9 മുതൽ | ,, |
| വെള്ളൂന്നി | രാവിലെ 9 മുതൽ | ,, |
| **നടവയൽ ഫൊറോന** | **ഏപ്രിൽ 26 ബുധൻ** | **ബിഷപ്സ്ഹൗസ്** |
| അരിഞ്ചേർമല | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| ചെറുകാട്ടൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| ചുണ്ടക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കല്ലുവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കണിയാമ്പറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കേണിച്ചിറ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| പനമരം | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |

***പ്രത്യേക അറിയിപ്പ്***

- Online Accounting System Software Maintenance Charge

3570 രൂപ രൂപതയിൽ അടയ്ക്കേണ്ടതാണ്:

**മോൺ. പോൾ മുണ്ടോളിക്കൽ**
വികാരി ജനറാൾ

## Transfer and Appointments of Priests – January 2023

| S.N. | Rev. Father | Assignment |
|---|---|---|
| 1 | Aikkarathazhath Joseph (Sebin) | Vicar, Adackathode |
| 2 | Pulikuzhiyil Abraham (Shinto) | Vicar, Moolepadam |
| 3 | Arumayil George (Rijose) | Assistant Vicar, Kayyunni |
| 4 | Chakkalackal Joseph (Ajin) | Assistant Vicar, Bathery |
| 5 | Karamayil Issac (Shanto) | House Procurator, Bishop's House |
| 6 | Kalapurackal Abraham (Vinoy) | Assistant Vicar, Kalpetta |
| 7 | Kanipallil Varghese (Georgekutty) | Assistant Vicar, Kottiyoor |
| 8 | Kocheril Mathew (Anoop) | Assistant Vicar, Nadavayal |
| 9 | Kumbalakuzhy Mathew (Robins) | Assistant Vicar, Nilambur |
| 10 | Mukkomtharayil Mathew CMI (Laiju) | Assistant Vicar, Payyampally |
| 11 | Nakkuzhikkattu Mathew (Jomin) | Asst.Director, Pastoral Centre |
| 12 | Njallampuzha Thomas (Thomas) | Assistant Vicar, Bathery |
| 13 | Pallattukunnel Augustine (Jijo) | Assistant Vicar, Chungakkunnu |
| 14 | Pannackal Mathew (Amal) | Assistant Vicar, Kottiyoor |
| 15 | Poyikayil Kurian (Arun) | Assistant Vicar, Manimooly |
| 16 | Pulikunnel Devasia (Clinto) | Assistant Vicar, Chundakkara |
| 17 | Purakkal George (Aneesh) | Assistant Vicar, Cathedral |
| 18 | Thondiparambil Peter (Kiran) | Assistant Vicar, Cherukattoor |
| 19 | Uppuveettil John (Akhil) | Assistant Vicar, Poroor |
| 20 | Valayathil Joseph (Albin) | General Manager, FEDAR |
| 21 | Parayil Sebastian ( Sebi) | Punjab Mission |
| 22 | Muttappallil Joseph ( Giphin) | General Manager, FEDAR |

**New Address**

Joshy Manjakunnel Devasia
Yorckstraße 11,
Oldenburg 26131, Germany.
Mobile: 0049 162 61 38379
Landphone: 0049 441 4088 9249

**New Land Phone**
Nilgiris Development Society (NDS)
04262262008

## അറിയിപ്പ്

രൂപതാ മെത്രാൻ ഇടവകകളിൽ ഔദ്യോഗിക സന്ദർശനം (Pastoral Visit) നടത്തുമ്പോൾ ഉപയോഗിക്കുന്ന പുസ്തകം (ദൈവാലയപ്രാർത്ഥനകളും സെമിത്തേരി സന്ദർശനവും, അജപാലന സന്ദർശന വേളയിൽ ഇടവകയിൽ ചെയ്യേണ്ട ക്രമീകരണങ്ങളുടെ നിർദ്ദേശങ്ങളും ഉൾപ്പെട്ടത്) പുതുക്കി മാനന്തവാടി രൂപതയിലെ ഉപയോഗത്തിന് മാത്രമായി ക്രമീകരിച്ച് പുറത്തിറക്കിയിട്ടുണ്ട്. ദ്വാരക സാൻജോ ബുക്ക്സ്റ്റാളിലും മാനന്തവാടി സെന്റ് ജോസഫ് ബുക്ക്സ്റ്റാളിലും ബിഷപ്സ് ഹൗസിലും പുസ്തകങ്ങൾ ലഭ്യമാണ്. ഒരു പുസ്തകത്തിന് 30 രൂപയാണ് വില. ഓരോ ഇടവകയിലേക്കും കുറഞ്ഞത് രണ്ടു പുസ്തകങ്ങളെങ്കിലും വാങ്ങി തിരുക്കർമ്മങ്ങളിലുള്ള പങ്കാളിത്തം ഉറപ്പുവരുത്തുമല്ലോ.

## വൈദിക സെനറ്റ് - റിപ്പോർട്ട്

മാനന്തവാടി രൂപതയുടെ വൈദിക സമിതിയുടെ സമ്മേളനവും മെൽബൺ രൂപതയുടെ നിയ്കുത മെത്രാൻ മാർ ജോൺ പനന്തോട്ടത്തിൽ പിതാവിന്റെ സ്വീകരണവും 2023 ഫെബ്രുവരി 16 വ്യാഴാഴ്ച രാവിലെ 10.30ന് ബിഷപ്സ് ഹൗസിൽ ചേർന്നു. ബഹു. അജയ് തേക്കിലക്കാട്ടിൽ അച്ചന്റെ നേതൃത്വത്തിൽ നടത്തിയ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് രൂപതാ ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ സ്വാഗതം ആശംസിച്ചു. വൈദികസമിതി സമ്മേളനത്തിന്റെ

ലക്ഷ്യങ്ങളെക്കുറിച്ചും അഭിവന്ദ്യ ജോൺ പനന്തോട്ടത്തിലിനു ആശംസകൾ നേർന്നും അച്ചൻ സംസാരിച്ചു. തുടർന്ന് വൈദികപ്രതി നിധിയായി ബഹു. ജെയിംസ് പുത്തൻപറമ്പിലച്ചൻ ജോൺ പിതാവിന് മംഗളങ്ങൾ നേർന്നു. മറുപടി പ്രസംഗത്തിൽ മാർ ജോൺ പനന്തോട്ടത്തിൽ, മാനന്തവാടി രൂപതയോടുള്ള തന്റെ സ്നേഹവും നന്ദിയും അറിയിച്ച് അഭിവന്ദ്യ ജോൺ പനന്തോട്ടത്തിൽ പിതാവ് സംസാരിച്ചു. സമ്മേളനത്തിന് ആമുഖ സന്ദേശം നല്കിയ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം, സമാരംഭിക്കുന്ന ബൈബിൾ കൺവെൻഷനെക്കുറിച്ചും, ദേവാലയങ്ങളിലെ ആരാധനാക്രമ സംഗീതത്തെക്കുറിച്ചും, രൂപതയിൽ പതിവായി നടത്തപ്പെടുന്ന നോമ്പുകാല സംഭാവന (സ്നേഹനിധി)യുടെ ആവശ്യകതയെക്കുറിച്ചും ജൂബിലി സമാഹരണഫണ്ടിനെക്കുറിച്ചും പറഞ്ഞു. വയനാട്ടിൽ അതിക്രമിച്ചുകൊണ്ടിരിക്കുന്ന വന്യജീവി ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ നമ്മൾ ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും ജോസ് പിതാവ് സംസാരിച്ചു. സമ്മേളനത്തിന് ആശംസകൾ നേർന്ന രൂപതാ സഹായമെത്രാൻ അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവ് കൊവിഡാനന്തര കാലത്തിൽ ഒന്നിച്ചു നില്കേണ്ടതിന്റെയും പരസ്പര പങ്കുവയ്ക്കലിന്റെയും ആവശ്യകത ചൂണ്ടിക്കാട്ടി.

ഫരീദാബാദ് രൂപതയ്ക്ക് കീഴിൽ പഞ്ചാബിൽ മാനന്തവാടി രൂപതയ്ക്കു ലഭിച്ച മിഷൻ സ്റ്റേഷനുകളെക്കുറിച്ച് മിഷൻ കോർഡിനേറ്റർ ബഹു. സജി നെടുങ്കല്ലേൽ പങ്കുവച്ചു. രൂപതാ സുവർണ്ണ ജൂബിലി കൺവീനർ ബഹു. ബിജുമാവറ അച്ചൻ ജൂബിലി വർഷ പ്രവർത്തനങ്ങളെക്കുറിച്ചും, സമാഗതമാകുന്ന സുവർണ്ണ ജൂബിലി സമാപനത്തെക്കുറിച്ചും അറിയിച്ചു. ജൂബിലി സെന്ററൽ കമ്മിറ്റി ഉടനെ കൂടി സമാപനസമ്മേളനത്തിന്റെ ക്രമീകരണങ്ങൾ നടത്താൻ തീരുമാനിച്ചു. തുടർന്ന് ബൈബിൾ കൺവെൻഷന്റെ ഏറ്റവും അടുത്ത ഒരുക്കത്തെപ്പറ്റി ബഹു. സോണി വാഴകാട്ട് അച്ചൻ വിവരിക്കുകയും എല്ലാവരുടേയും സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു. രൂപത ആരംഭിക്കുന്ന പ്രവാസി മിനിസ്ട്രി, മരിയൻ പിൽഗ്രിംസ് എന്നിവയെപ്പറ്റി അഭിവന്ദ്യ പിതാവ് വൈദിക സമിതിയെ അറിയിച്ചു. രൂപതാ സിഞ്ചെല്ലൂസ് ബഹു. തോമസ് മണക്കുന്നേൽ അച്ചൻ നന്ദി അറിയിച്ച വൈദികസമ്മേളനം ഉച്ചയ്ക്ക് ഒരു മണിയോടുകൂടി അവസാനിച്ചു.

Prot.No.27234/2023

# Declaration

It is hereby brought to the attention of all that Rev Fr John Alias Jaimi Parathanal VC, belonging to Christ The King Church, Puthusserykkadavu in the eparchy of Mananthavady, until now a member of the Vincentian Congregation has informed the competent superiors, of his definitive and non-retractable decision, for personal reasons, to leave from the obligation of perpetual profession and indult to leave the congregation. Therefore after mature consideration and due consultations, the competent superiors of Vincentian Congregation, who granted him dispensation from the obligation of his perpetual profession and indult to leave the congregation, has suspended him from the exercise of all his priestly faculties with immediate effect. Until otherwise provided, his priestly faculties remain suspended and he shall not be admitted for exercise of any of those faculties inside the eparchy of Mananthavady.

Issued from the office of the Curia of the eparchy of Mananthavady on 20th February 2023.

Fr. Anoop Kaliyaniyil
Chancellor

## HCC മൂല്യനിർണ്ണയ ക്യാമ്പ്

കാലിക്കറ്റ് യൂണിവേഴ്സിറ്റി, ചെയർഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസിന്റെ കീഴിൽ നടത്തുന്ന പ്ലസ് വൺ, പ്ലസ് ടു പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പ് ഫെബ്രുവരി 11 ന് രാവിലെ ആരംഭിച്ച് 12-ന് ഉച്ചയോടുകൂടെ സമാപിച്ചു. മൂല്യനിർണ്ണയത്തിന് സഹായിച്ച മേഖലാ ഡയറക്ടേഴ്സിനും, ബഹു. വൈദികർക്കും, രൂപതാ ടീമംഗങ്ങൾക്കും, പ്രധാനധ്യാപകർക്കും, എല്ലാ അധ്യാപകർക്കും, സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

## ഡിപ്ലോമ, സ്കോളർഷിപ്പ്, വാർഷിക പരീക്ഷകൾ

2023 ജനുവരി 26 ന് നടന്ന H M Conference ൽ തീരുമാനിച്ചതുപോലെ 1 മുതൽ 9 വരെ ക്ലാസിലെ കുട്ടികൾക്കുള്ള പരീക്ഷ 2023 ഏപ്രിൽ 4 ന് രാവിലെയും, ഡിപ്ലോമ പരീക്ഷ ഉച്ചക്ക് ശേഷവും ആയിരിക്കും.10,11,12 ക്ലാസുകളിലെ സ്കോളർഷിപ്പിന് അർഹത നേടുന്നവരെ അവരുടെ വാർഷിക പരീക്ഷയുടെ മാർക്ക് പരിഗണിച്ച് സെലക്ട് ചെയ്യുന്നതായിരിക്കും. 4 മുതൽ 9 വരെ ക്ലാസിലെ സ്ക്കോളർഷിപ്പ് പരീക്ഷ 2023 ഏപ്രിൽ 4 ന് നടക്കുന്ന ഡിപ്ലോമ പരീക്ഷയുടെ കൂടെ ഉച്ചക്ക് ശേഷമാണ് എഴുതേണ്ടത്. അതുകൊണ്ട് സ്കോളർഷിപ്പ് പരീക്ഷ എഴുതുവാനുള്ള കുട്ടികൾ അന്ന് രാവിലെ നടക്കുന്ന വാർഷിക പരീക്ഷ എഴുതേണ്ടതില്ല. 4 മുതൽ 12 വരെ ക്ലാസിലെ കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷക്ക് 100 മാർക്കിന്റെ ചോദ്യങ്ങളായിരിക്കും ഉണ്ടാകുക. സ്കോളർഷിപ്പ് സ്റ്റുഡൻസിന്റെ ഡീറ്റെയിൽസ് ചേർക്കുവാനുള്ള ഗൂഗിൾ ഫോം പ്രധാനധ്യാപകർക്ക് വാട്ട്സാപ്പിൽ നല്കിയിട്ടുണ്ട്. മാർച്ച് 3 നുള്ളിൽ തന്നിരിക്കുന്ന വിവരങ്ങൾ എന്റർ ചെയ്ത് പൂർത്തിയാക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## ഡിപ്ലോമപരീക്ഷ

ഓരോ ഇടവകയിലെയും പരീക്ഷാനടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് ഇടവകയിലെ ബഹു. വികാരിയച്ചന്മാർക്കും, ഹെഡ്മാസ്റ്റേഴ്സിനും ആയിരിക്കും. ഓരോ ഇടവകയിലേക്കും സൂപ്പർവൈസർമാരെ നിയോഗിക്കേണ്ടത് ഫൊറോന ഡയറക്ടറുടെ നേതൃത്വത്തിൽ ഫൊറോന ടീം അംഗങ്ങളുടെ സഹകര

ണത്തോടെയാണ്. ഡിപ്ലോമ, പരീക്ഷയുടെ ചോദ്യപേപ്പർ പായ്ക്കറ്റ് പൊട്ടിക്കാനുള്ള അധികാരം ഓരോ ഇടവകയിലെയും ബഹു. വികാരിയച്ചന്മാരുടെ സാന്നിധ്യത്തിൽ സൂപ്പർവിഷന് വരുന്ന അദ്ധ്യാപകൻ/അദ്ധ്യാപികക്കായിരിക്കും. ഫൊറോന ടീം അംഗങ്ങളെയോ, മതദ്ധ്യാപനരംഗത്ത് 5 വർഷമെങ്കിലും പരിചയം ഉള്ളവരെയോ ആണ് പരീക്ഷാനടത്തിപ്പിന് നിയോഗിക്കേണ്ടത്.ഓരോഇടവകയിലേക്കും നിശ്ചയിച്ചിരിക്കുന്ന സൂപ്പർവൈസർമാരുടെ ലിസ്റ്റ് മാർച്ച് 20 ന് മുമ്പായി രൂപത മതബോധന ഓഫീസിൽ എത്തിക്കുമല്ലോ. സൂപ്പർവിഷന് പോകുന്നവർ രൂപത ഓഫീസിൽനിന്നും തന്നിരിക്കുന്ന നിർദ്ദേശങ്ങൾ വ്യക്തമായി മനസ്സിലാക്കി അതനുസരിച്ച് ചെയ്യാൻ ശ്രദ്ധിക്കണേ.

## HCC Exam Result

ഫെബ്രുവരി മാസത്തിൽ നടത്തിയ HCC പരീക്ഷയുടെ റിസൾട്ട് രൂപതാ മതബോധന കേന്ദ്രത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. https://catechismmdy.in/panel ഈ സൈറ്റിൽ മാർച്ച് 1 ന് ശേഷമായിരിക്കും പ്രസിദ്ധീകരിക്കുക.

**രൂപതാതല പ്രതിഭാസംഗമം മാർച്ച് 12 ഞായർ (ക്ലാസ്സ് 7)**

മേഖലാ പ്രതിഭാ സംഗമത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 2 ആൺകുട്ടികൾക്കും, 2 പെൺകുട്ടികൾക്കും വേണ്ടി നടത്തപ്പെടുന്ന രൂപത പ്രതിഭാ സംഗമം 2023 മാർച്ച് 12 ഞായറാഴ്ച രാവിലെ 9.30 മുതൽ 4 pm വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നതായിരിക്കും. തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ അന്നേദിവസം പ്രതിഭാ സംഗമത്തിന് പങ്കെടുപ്പിക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ ഇടവകകളിൽനിന്ന് ചെയ്യുമല്ലോ. ഉച്ചഭക്ഷണം ഇവിടെനിന്നു നൽകുന്നതാണ്. രൂപതയിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 2 ആൺകുട്ടികൾക്കും 2 പെൺകുട്ടികൾക്കുമാണ് മെയ് മാസം 16,17,18 തിയ്യതികളിൽ നടക്കുന്ന സംസ്ഥാനപ്രതിഭാ സംഗമത്തിൽ പങ്കെടുക്കുവാൻ അവസരം ലഭിക്കുന്നത് പ്രതിഭാസംഗമത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്നവരെ മാത്രമേ സംസ്ഥാനതലത്തിലേയ്ക്ക് തെരഞ്ഞെടുക്കുകയുള്ളൂ.

**ഫാ. തോമസ് കച്ചിറയിൽ**

ഡയറക്ടർ, മതബോധനകേന്ദ്രം

## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹമുള്ളവരെ,

നോമ്പുകാലം കൃപയുടെ കാലമാണ്. ത്യാഗത്തിലൂടെ നന്മയുടെ പുണ്യങ്ങളിലേക്ക് എന്ന ആപ്തവാക്യവുമായി ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങളായ നാമെല്ലാവരും നോമ്പാചരണത്തിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുകയാണല്ലോ. അനുതാപത്തിലൂടെയും മാനസാന്തരത്തിലൂടെയും കൃപയുടെ കാലമാക്കി നമുക്ക് ഈ നോമ്പ് കാലത്തെ മാറ്റാം.

മാർച്ച് മാസം പരീക്ഷകളുടെ കാലം കൂടി ആണല്ലോ നമ്മുടെ കുട്ടികൾ ഒരു വർഷത്തെ അവരുടെ അധ്വാനത്തിന്റെയും പരിശ്രമത്തിന്റെയും വിലയിരുത്തലുകൾ നടത്തുന്ന കാലം. വിവിധ പരീക്ഷകൾക്കായി ഒരുങ്ങുന്ന എല്ലാവർക്കും വിജയാശംസകൾ നേരുകയും ദൈവത്തിന്റെ വലിയ കൃപാഭിഷേകം നിങ്ങളുടെ കൂടെ ഉണ്ടാകട്ടെ എന്ന് ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതാ സമിതി മുഴുവൻ ഒന്നുചേർന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. മാർച്ച് മാസത്തിൽ വിശുദ്ധ യൗസേപ്പിതാവിനെ സ്മരിക്കുന്ന നാളുകൾ കൂടിയാണല്ലോ. ജോസഫ് നാമധാരികളായ എല്ലാവർക്കും പ്രത്യേകിച്ച് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിനും നാമഹേതുക തിരുനാൾ മംഗളങ്ങൾ നേരുന്നു.

സ്നേഹപൂർവ്വം,

**ഫാ. മനോജ് അമ്പലത്തിങ്കൽ**

**മിഷൻ മാസം മികച്ച ശാഖകൾ, മേഖലകൾ**

2022 ഒക്ടോബർ മാസത്തെ മിഷൻ പ്രവർത്തനങ്ങളിൽ മുള്ളൻകൊല്ലി, ചെറുകാട്ടൂർ, കല്ലോടി എന്നീ ശാഖകളും, ചുങ്കക്കുന്ന്, നടവയൽ, ബത്തേരി എന്നീ മേഖലകളും യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. കൂടാതെ പാലാങ്കര, തലഞ്ഞി, നടവയൽ, പുതുശ്ശേരികടവ്, ഒലിവുമല, പുതിയിടംകുന്ന്, ശാന്തിഗിരി, നരിവാലമുണ്ട, പൂളപ്പാടം, ചിത്രഗിരി എന്നീ ശാഖകൾ പ്രത്യേക അഭിനന്ദനങ്ങൾക്ക് പരിഗണിക്കപ്പെട്ട 10 ശാഖകളായി

തിരഞ്ഞെടുക്കപ്പെട്ടു. മിഷൻമാസം മനോഹരമാക്കാൻ യത്നിച്ച എല്ലാ ശാഖ മേഖല നേതൃത്വങ്ങൾക്കും അഭിനന്ദനങ്ങൾ.

**പ്രതിഷേധാർഹം**

വിശുദ്ധ ബൈബിൾ കത്തിച്ച് സമൂഹ മാധ്യമങ്ങളിൽ പങ്കുവച്ചുകൊണ്ട് മതവികാരത്തെ വ്രണപ്പെടുത്തിയ യുവാവിന്റെ പ്രവർത്തി പ്രതിഷേധാർഹമെന്ന് അറിയിച്ചുകൊണ്ട് ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത സമൂഹ മാധ്യമങ്ങളിലൂടെ പ്രതികരിച്ചു.

**അഭിനന്ദനങ്ങൾ ആശംസകൾ**

ചെറുപുഷ്പ മിഷൻ ലീഗ് കേരള സംസ്ഥാന സമിതിയുടെ രക്ഷാധികാരിയായി നിയമിതനായ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന് ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾക്കൊപ്പം ജൻമദിനത്തിന്റെ മംഗളാശംസകളും നേർന്നു.

**നന്ദിയോടെ യാത്രാമംഗളങ്ങൾ**

കഴിഞ്ഞ മൂന്നു വർഷങ്ങളായി മിഷൻ ലീഗ് നിലമ്പൂർ മേഖലയെയും ഒരു വർഷക്കാലം ചുങ്കക്കുന്ന് മേഖലയേയും മനോഹരമായി നയിച്ച് പുതിയ പ്രവർത്തന മണ്ഡലങ്ങളായ അടക്കാത്തോട്, കയ്യൂന്നി ഇടവകകളിലേക്ക് സ്ഥലം മാറി പോയ സെബിൻ ഐക്കരത്താഴത്ത് അച്ചനും റിജോസ് അരുമായിൽ അച്ചനും ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത കുടുംബത്തിന്റെ നന്ദിയും സ്നേഹനിർഭരമായ യാത്രാ മംഗളങ്ങളും.

**ആദരാഞ്ജലികൾ**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത മുൻ എക്സിക്യൂട്ടീവ് അംഗം ശ്രീ. ജോസഫ് തോട്ടുങ്കരയുടെ അനുജന്റെ നിര്യാണത്തിൽ സി. എം. എൽ രൂപത കുടുംബത്തിന്റെ അനുശോചനം അറിയിക്കാനും ഭവനം സന്ദർശിക്കുവാനുമായി എക്സിക്യൂട്ടീവ് അംഗങ്ങൾ പോവുകയും ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

**സന്ദർശനവും സൗഹൃദമീറ്റിംഗും**

ചെറുപുഷ്പ മിഷൻലീഗിന് ജീവനേകുന്ന 160 ശാഖകളിലൂടെ ഒരു യാത്രാ. മിഷൻലീഗ് രൂപത എക്സിക്യൂട്ടീവ് അംഗങ്ങളും ടീം അംഗങ്ങളും രൂപതയുടെ കീഴിലെ 13 മേഖലകളിലൂടെ 160 ശാഖ

കളിൽ സൗഹൃദസന്ദർശനം ആരംഭിച്ചു. ഫെബ്രുവരി 12 ഞായറാഴ്ച മുതൽ ആരംഭിച്ച സന്ദർശനം കഴിഞ്ഞ രണ്ട് ആഴ്ചയിൽ മാനന്ത വാടി മേഖലയിലെ മുഴുവൻ ശാഖകളും പയ്യംപള്ളി മേഖലക ളിലെ കുറച്ചു ശാഖകളും പൂർത്തിയാക്കാൻ സാധിച്ചു. സന്ദർശ നത്തിനു സഹായിച്ച മിഷൻ ലീഗ് രൂപത എക്സിക്യൂട്ടീവ്, ടീം അംഗങ്ങൾക്കും ഊഷ്മളമായ സ്വീകരണം നൽകിയ ശാഖ നേതൃ ത്വങ്ങൾക്കും നന്ദിയും അഭിനന്ദനങ്ങളും

**തിരുബാലസഖ്യ ദിനം**

ഫെബ്രുവരി 12 അഖിലലോക തിരുബാലസഖ്യ ദിനത്തോ ടനുബന്ധിച്ച് ദിയ മരിയ വേന്ദംപടത്തിൽ (അമ്പലവയൽ ശാഖ) തിരുബാലസഖ്യദിനത്തിന്റെ സന്ദേശം സമൂഹ മാധ്യമങ്ങളിലൂടെ പങ്കുവച്ചു. വളരെ മനോഹരമായി സന്ദേശം പങ്കുവച്ച കൊച്ചു മിടുക്കി ദിയ മരിയയ്ക്കു രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ജീസസ് കിഡ്സ് ഫെസ്റ്റ്-തിരുബാല സഖ്യ കലോത്സവം.**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ നേതൃ ത്വത്തിൽ തിരുബാലസഖ്യത്തിന്റെ വാർഷികാഘോഷവും രൂപതാ തല കലാമത്സരങ്ങളും 18-ാം തീയ്യതി ശനിയാഴ്ച ദ്വാരക എ.യു.പി സ്കൂളിൽ വച്ച് നടത്തി. ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന ഡയറ ക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ ഉദ്ഘാടനം ചെയ്ത മത്സ രവേദിയിൽ രൂപത ഡയറക്ടർ ഫാ. മനോജ് അമ്പലത്തിങ്കൽ ആമുഖ പ്രഭാഷണം നടത്തി. ജീസസ് കിഡ്സ് ഫെസ്റ്റ് മനോ ഹരമായി അവസാനിപ്പിക്കാൻ സഹായിച്ച എല്ലാ ശാഖ, മേഖല, രൂപത നേതൃത്വങ്ങൾക്കും നന്ദിയും അഭിനന്ദനങ്ങളും.

**ജീസസ് കിഡ്സ് ഫെസ്റ്റ് വിജയികൾ**

ജീസസ് കിഡ്സ് ഫെസ്റ്റ് എന്ന പേരിൽ നടത്തിയ തിരുബാല സഖ്യ കലോത്സവത്തിൽ ചുങ്കക്കുന്ന് കല്ലോടി മേഖലകൾ ഒന്നും രണ്ടും സ്ഥാനങ്ങൾക്കും ബത്തേരി കൽപ്പറ്റ മേഖലകൾ മൂന്നാം സ്ഥാനത്തിനും അർഹരായി. കൂടാതെ കല്ലോടി, കൊട്ടിയൂർ, നെടും മ്പാല ശാഖകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്കും അർഹരായി. പങ്കെടുത്തവർക്കും വിജയികളായവർക്കും അഭി നന്ദനങ്ങൾ.

**വിഭൂതി തിരുനാൾ** – സഹനത്തിലൂടെ നൻമയുടെ പുണ്യത്തിലേക്ക്

നോമ്പുകാലം കൃപയുടെ കാലമാക്കാൻ 'സഹനത്തിലൂടെ നന്മയുടെ പുണ്യത്തിലേക്ക്' എന്ന ആപ്ത വാക്യവുമായി ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത വിശുദ്ധിയുടെ 50 ദിനങ്ങളിലേക്ക് പ്രവേശിച്ചു. നോമ്പിന്റെ ഓരോ ദിനവും ഓരോ ധ്യാന ചിന്തകൾ പങ്കുവയ്ക്കാൻ തീരുമാനിച്ചു.

**ശാഖ വാർത്തകൾ**

**കൊട്ടിയൂർ :** ഇടവക തിരുനാൾ ദിനങ്ങളിൽ മിഷൻലീഗ് ഭാരവാഹികളുടെ നേതൃത്വത്തിൽ കൊന്തസ്റ്റാൾ ക്രമീകരിച്ചു. ചുങ്കക്കുന്ന് മേഖല തിരുബാലസഖ്യ കലോത്സവത്തിൽ കൊട്ടിയൂർ ശാഖ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**മഞ്ഞൂറ :** വി. കുർബാനക്കൊരുക്കമായി ഗാനങ്ങൾ പഠിപ്പിച്ചു. തിരുബാല സംഖ്യം കുട്ടികളെ മേഖല മൽസരത്തിൽ പങ്കെടുപ്പിച്ചു. മൽസര വിജയികൾക്ക് അഭിനന്ദനങ്ങളും സമ്മാനങ്ങളും നൽകി. തിരുന്നാളിനോടനുബന്ധിച്ചുള്ള ജോലികളിൽ അംഗങ്ങൾ സഹകരിച്ചു.

**നരിവാലമുണ്ട :** ഇടവകയുടെ തിരുനാളിനോടനുബന്ധിച്ച് സ്റ്റാൾ നടത്തി. രോഗി സന്ദർശനം നടത്തി. വചനചെപ്പ് തുറക്കാം, ലക്കി സ്റ്റാർ, ബൈബിൾ സ്റ്റാർ, പ്രാർത്ഥന മഞ്ജരി എന്നി പ്രോഗ്രാമുകൾ എല്ലാ ഞായറാഴ്ചകളിലും നടത്തി.

**അമ്പായത്തോട് :** ചെറുപുഷ്പ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ ദേവാലയത്തിൽ വർഷാരംഭ പ്രാർത്ഥന നടത്തി. മേഖലയുടെ ആഭിമുഖ്യത്തിൽ നടന്ന തിരുബാലസഖ്യം കലോത്സവത്തിൽ പങ്കുചേർന്നു.

**കേളകം :** പുതുവത്സര ദിനത്തിൽ മിഷന് ലീഗ് അംഗങ്ങൾ ജപമാലയും ദിവ്യകാരുണ്യ ആരാധനയും നടത്തി. ശാഖ ഡയറക്ടർ കുര്യാക്കോസ് കുന്നത്ത് അച്ചന് തിരുനാൾ ആശംസകൾ നേരുകയും ഉപഹാരം സമർപ്പിക്കുകയും ചെയ്തു. ചുങ്കക്കുന്ന് മേഖലാ തിരുബാലസഖ്യ കലോത്സവത്തിൽ കേളകം ശാഖ രണ്ടാം സ്ഥാനം കരസ്ഥമാക്കി. സങ്കീർത്തനങ്ങൾ കാണാതെ പഠിച്ച് ദേവാലയത്തിൽ അവതരിപ്പിച്ച ആൻ എലിസബത്ത് ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റി.

**ചുള്ളിയോട് :** തിരുബാലസഖ്യ ദിനത്തിൽ കുട്ടികളെ ആദരിക്കുകയും, കാഴ്ച സമർപ്പണം നടത്തി, വിവിധ കലാപരിപാടികൾ നടത്തുകയും ചെയ്തു

**മേഖല വാർത്തകൾ**

**ചുങ്കക്കുന്ന്**

2022–23 പ്രവർത്തന വർഷത്തെ രൂപതാ തല മിഷൻമാസ പ്രവർത്തനങ്ങളിൽ ചുങ്കക്കുന്ന് മേഖല ഒന്നാം സ്ഥാനം കരസ്ഥമാക്കി. മേഖലാ തലത്തിൽ തിരുബാലസഖ്യ കലോത്സവം സംഘടിപ്പിച്ചു. കൊട്ടിയൂർ, കേളകം, നെല്ലിയോടി ശാഖകൾ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. ജനുവരി മാസത്തിൽ പോസ്റ്റർ രചന, ഉപന്യാസ രചന എന്നീ പ്രതിമാസ മത്സരങ്ങൾ സംഘടിപ്പിച്ചു.

നോമ്പുകാലം കൃപയുടെ കാലമാക്കാൻ ‘സഹനത്തിലൂടെ നന്മയുടെ പുണ്യത്തിലേക്ക്’ എന്ന ആപ്ത വാക്യവുമായി ചെമ്മഞ്ഞ ക്കൊടിക്കീഴിൽ വീണ്ടും നമുക്ക് അണിനിരക്കാം.

സ്നേഹപൂർവ്വം,<br>
**തങ്കച്ചൻ മാപ്പിളക്കുന്നേൽ**<br>
സി. എം. എൽ രൂപതാ സെക്രട്ടറി

# Department of Youth Ministry

**പരീക്ഷ ഒരുക്ക ധ്യാനം**

2023 ഫെബ്രുവരി ഒന്നാം തീയതി ബുധനാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് മൂന്നര വരെ കേണിച്ചിറ ഇൻഫന്റ് ജീസസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ച് ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ പരീക്ഷ ഒരുക്ക ഏകദിന ധ്യാനം സംഘടിപ്പിച്ചു. ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, സി. ഡെൽഫി മരിയ സി. എം. സി, സി. എമിലിയ മാത്യു സി.എം.സി എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ ധ്യാനത്തിൽ അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള 110 വിദ്യാർത്ഥികൾ പങ്കുചേർന്നു. ധ്യാനം സംഘടിപ്പിച്ച ഇൻഫന്റ് ജീസസ് ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ പ്രിൻസിപ്പൽ സി. ലിൻസ് മരിയ സി.എം.സിക്കും സ്റ്റാഫിനും യൂത്ത് മിനിസ്ട്രിയുടെ നന്ദി അറിയിക്കുന്നു.

## The Dance

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ദി ഡാൻസ് എന്ന പ്രോഗ്രാമിന്റെ ഭാഗമായി മെഗാ മാർഗം കളി സംഘടിപ്പിച്ചു. മംഗലശ്ശേരി ഇടവക തിരുനാളിനോടനുബന്ധിച്ച് അമ്മമാരും പെൺകുട്ടികളും ഒന്ന് ചേർന്ന് 24 പേരടങ്ങുന്ന മാർഗംകളിയാണ് സംഘടിപ്പിച്ചത്. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങൾ ഇതിന് നേതൃത്വം വഹിച്ചു. 2023 ജനുവരി പതിനാലാം തീയതി ശനിയാഴ്ച വൈകുന്നേരം മംഗലശ്ശേരി ദേവാലയാങ്കണത്തിലാണ് ഇത് അരങ്ങേറിയത്. ഇതിൽ പങ്കുചേർന്ന 24 നർത്തകികൾക്കും പ്രത്യേകിച്ച് പരിശീലനം നൽകിയ മരിയ തങ്കച്ചൻ മൈലംമേലിനും യൂത്ത് മിനിസ്ട്രിയുടെ അഭിനന്ദനങ്ങൾ.

**പേഴ്സണാലിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം**

ഇൻഫെന്റ് ജീസസ് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കു വേണ്ടി യുവർ നെയ്ബർ അസോസിയേഷന്റെ നേതൃത്വത്തിൽ വ്യക്തിത്വ വികാസ പരിശീലനം നൽകി. 100 വിദ്യാർത്ഥികൾ പങ്കുചേർന്ന

ഈ പരിശീലനത്തിന് ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, സി. ആൻസി തോമസ് സി.എം.സി എന്നിവർ നേതൃത്വം നൽകി. 2023 ഫെബ്രുവരി 1 ബുധനാഴ്ച രാവിലെ ഒമ്പതര മുതൽ ഉച്ചകഴിഞ്ഞ് മൂന്നര വരെയായിരുന്നു പരിശീലനം. ഇൻഫന്റ് ജീസസ് സ്കൂൾ അധികൃതർക്ക് അഭിനന്ദനങ്ങൾ.

**പെനുവേൽ: ദ്വാരക**

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2023 ഫെബ്രുവരി 19 ഞായറാഴ്ച രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് മൂന്നര വരെയുള്ള സമയത്ത് ദ്വാരക ഫൊറോനയിലുള്ള 10, 11,12, ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി പരീക്ഷ ഒരുക്ക ഏകദിന ധ്യാനം ദ്വാരക സെന്റ് അൽഫോൻസാ ഫൊറോനാ ദേവാല യത്തിങ്കൽ വച്ച് നടത്തപ്പെട്ടു. 160 വിദ്യാർത്ഥികൾ പങ്കുചേർന്ന ധ്യാനത്തിന് നേതൃത്വം വഹിച്ചത് ദ്വാരക മേഖല മതബോധനവും ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുമാണ്. വിശുദ്ധ കുർബാന, കുമ്പസാരം, വചനപ്രഘോഷണം, ആരാധന എന്നിവയിലൂടെ വിദ്യാർഥികൾ തങ്ങളുടെ ജീവിതത്തെ ക്രമീകരിച്ച് പരീക്ഷക്കായി തയ്യാറായി. ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, സി. ധന്യ എഫ് സി. സി എന്നിവർ ക്ലാസുകൾ നയിച്ചു. കുമ്പസാരത്തിന് സഹായിച്ചത് ഫാ. പ്രിൻസ് തെക്കേതിൽ, ഫാ. അഗസ്റ്റിൻ ചേമ്പാലയിൽ, ഫാ. ശാന്തിദാസ് മുതുകാട്ടിൽ എന്നിവരാണ്. ഈ ഏകദിന ധ്യാന ത്തിന് സഹായിച്ച ദ്വാരക ഫൊറോന വികാരി ഫാ. ഷാജി മുള കുടിയാങ്കലിനും, ദ്വാരക മേഖലയിലെ മറ്റെല്ലാ വൈദികർക്കും ഹൃദയംഗമമായ നന്ദി.

**പെനുവേൽ: മണിമൂളി**

2023 ഫെബ്രുവരി 19-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണി വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള പരീക്ഷാ ഒരുക്ക ഏകദിന ധ്യാനം ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. 52 വിദ്യാർത്ഥികൾ പങ്കുചേർന്ന ഈ ധ്യാനത്തിന് ഫാ. ജിന്റോ തട്ടുപറമ്പിൽ, സി. ആൻസി തോമസ് സി.എം. സി, സി. ഡെൽഫി മരിയ സി.എം.സി, സി. എമിലിയ സി. എം. സി എന്നിവർ നേതൃത്വം വഹിച്ചു. ഇതിന് എല്ലാവിധ സഹായവും ചെയ്തു തന്ന മണിമൂളി പാസ്റ്ററൽ സെന്ററിലെ ടീം അംഗങ്ങൾക്കും, മണിമൂളി ഫൊറോന വികാരി ഫാ. തോമസ് മണക്കുന്നേലിനും,

ഫാ. അനൂപിനും,  മണിമൂളി നിലമ്പൂർ മേഖലയിലെ എല്ലാ വൈദികർക്കും ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നന്ദി.

**കാൽവരി**

50 നോമ്പിന്റെ പരിശുദ്ധ ദിനങ്ങൾ കൂടുതൽ അനുഗ്രഹപ്രദമാക്കുവാൻ 'കാൽവരി' എന്ന പേരിൽ സ്റ്റാറ്റസ് വീഡിയോസ് ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിഭൂതി തിരുനാൾ ദിനത്തിൽ ആരംഭിച്ചു.  ലൈഫ് 2020 ബാച്ചിലെ ആൻ മരിയ അജിൻ ഇതിന് നേതൃത്വം നൽകുന്നു.

**സി. ആൻസി തോമസ് സി. എം. സി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**സലാമി 2023**

2023 ജനുവരി 26 റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ഭാരതം സ്വതന്ത്ര റിപ്പബ്ലിക്കായതിന്റെ 74-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ രാജ്യത്തിന്റെ അതിർത്തി കാക്കുന്നതിനിടെ വീരമൃത്യു വരിച്ച ധീര ജവാന്മാർക്ക് കാക്കവയൽ ജവാൻ സ്മൃതി മണ്ഡപത്തിൽ കെ.സി.വൈ.എം മാനന്തവാടി രൂപത പുഷ്പാർച്ചന നടത്തി. സലാമി 2023 എന്ന പേരിൽ കെ.സി.വൈ എം മാനന്തവാടി രൂപത സംഘടിപ്പിച്ച പരിപാടിയിൽ, രൂപതാ വൈസ് പ്രസിഡന്റ് കുമാരി മെലിൻ ആൻറണി പുളിക്കിയിൽ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ശ്രീ. അഭിനന്ദ് ജോർജ്ജ് കൊച്ചുമലയിൽ സ്വാഗതം ആശംസിച്ചു. മുൻ രൂപതാ പ്രസിഡൻറ് ശ്രീ. അനീഷ് ഓമക്കര മുഖ്യ സന്ദേശം നൽകുകയും തെനേരി യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ് ആലുക്ക പുഷ്പാർച്ചന നടത്തി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. കെ.സി.വൈ എം. മാനന്തവാടി രൂപത ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിൽ പ്രതിജ്ഞ ചൊല്ലി കൊടുക്കുകയും, തെനേരി യൂണിറ്റ് പ്രസിഡന്റും കൽപ്പറ്റ മേഖല വൈസ് പ്രസിഡണ്ടുമായ കുമാരി. ആഷ്‌ലി കരുമാലിൽ, മുൻ രൂപത സെക്രട്ടറി ശ്രീ. ബിനു ഏറനാട്ട് എന്നിവർ ആശംസകൾ നേർന്ന് സംസാരിക്കുകയും ചെയ്തു. രൂപതാ സിൻഡിക്കേറ്റംഗം കുമാരി നയന മുണ്ടയ്ക്കാത്തടത്തിൽ നന്ദി അർപ്പിച്ചു സംസാരിച്ചു. സംസ്ഥാന സെനറ്റ് അംഗവും കല്ലോടി മേഖല പ്രസിഡന്റുമായ ശ്രീ. ലിബിൻ മേപ്പുറത്ത്, രൂപതാ ആനിമേറ്റർ സിസ്റ്റർ സാലി ആൻസ് സി.എം.സി, സിൻഡിക്കേറ്റ് അംഗങ്ങളായ കുമാരി. ടെസിൻ തോമസ് വയലിൽ, ശ്രീ. റിജിൽ പൊൻവേലിൽ തുടങ്ങിയവർ നേതൃത്വം നൽകി. വിവിധ മേഖലകളിൽ നിന്നും യൂണിറ്റുകളിൽ നിന്നും ഭാരവാഹികളും യുവജനങ്ങളും പങ്കെടുത്തു.

വനം വകുപ്പിന്റെ ഭീഷണിയിൽ മനംനൊന്ത് ആത്മഹത്യ ചെയ്ത ഹരികുമാറിന്റെ കുടുംബത്തിന് ധന സഹായം ഉറപ്പു വരുത്തണം:

അമ്പലവയൽ നെന്മേനി പഞ്ചായത്തിലെ അമ്പുകുത്തിയിൽ സ്വകാര്യ വ്യക്തിയുടെ പറമ്പിൽ കുരുക്കിൽ പെട്ട് ചത്ത നിലയിൽ കടുവയുടെ ജഡം കണ്ടത് അധികൃതരെ അറിയിച്ചതിന്റെ പേരിൽ ചോദ്യം ചെയ്യപ്പെടുകയും ഭീഷണി നേരിടുകയും അതിൽ മനം നൊന്ത് ആത്മഹത്യ ചെയ്യുകയും ചെയ്ത ഹരികുമാറിന്റെ ഭവനം 2023 ഫെബ്രുവരി 11 ന് കെ.സി.വൈ.എം മാനന്തവാടി രൂപതാ ഭാരവാഹികൾ സന്ദർശിച്ചു. ഭാര്യയും രണ്ട് മക്കളും അടങ്ങുന്ന കുടുംബമാണ് ഇദ്ദേഹത്തിന്റേത്. കൂലിപ്പണിക്കാരനായ ഹരികുമാറിനോട് വനംവകുപ്പ് ഉദ്യോഗസ്ഥർ ചെയ്തത് കടുത്ത അനീതിയാണ്. കടുവ ചത്തു കിടക്കുന്നു എന്ന വിവരം അറിയിക്കുക മാത്രമാണ് ഇദ്ദേഹം ചെയ്തത് എങ്കിലും കടുവയെ കൊല്ലാൻ കുരുക്കു വെച്ചത് ഹരികുമാർ ആണ് എന്ന തരത്തിൽ ആരോപണം ഉന്നയിക്കുകയും അദ്ദേഹത്തെ ഭീഷണിപ്പെടുത്തുകയും ചെയ്ത ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ നടപടിയിൽ ഭയന്നും മനംനൊന്തുമാണ് ഹരികുമാർ ജീവനൊടുക്കിയത്.

മരണപ്പെട്ട വ്യക്തിക്ക് തക്കതായ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനും, ശരിയായ പ്രതികളെ കണ്ടെത്തുന്നതിന് പകരം നിരപരാധികളായ ജനങ്ങളെ ദ്രോഹിക്കുന്നതിൽ നിന്നും വനം വകുപ്പും, പോലീസും പിന്തിരിയണമെന്നും, കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ നീലംപറമ്പിൽ മരണപ്പെട്ട ഹരികുമാറിന്റെ ഭവനം സന്ദർശിച്ച ശേഷം അഭിപ്രായപ്പെട്ടു. രൂപത ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിൽ, ആനിമേറ്റർ സി. സാലി ആൻസ് സി.എം.സി, ബത്തേരി മേഖല ട്രഷറർ ഷേർളിൻ കുറ്റിയിൽ, അമ്പലവയൽ യൂണിറ്റ് പ്രസിഡന്റ് ആൻസിബിൾ വാഴപ്പള്ളിത്തട്ടിൽ, സോനാ ബെന്നി മണ്ണാറത്തറ, അബിൻ തൈപ്പറമ്പിൽ തുടങ്ങിയവർ പങ്കെടുത്തു.

**റേഡിയോ ദിനാചാരണത്തോടനുബന്ധിച്ച് റേഡിയോ മാറ്റൊലി സന്ദർശനവും ആദരവും**

ഫെബ്രുവരി 13 റേഡിയോ ദിനാചരണത്തോടനുബന്ധിച്ച് ദ്വാരക റേഡിയോ മാറ്റൊലിയിൽ വച്ച് കേരള സംസ്ഥാന ക്ഷീര വികസന വകുപ്പ് നൽകുന്ന 2022 ലെ മാധ്യമ അവാർഡിന് ശ്രവ്യ മാധ്യമ വിഭാഗത്തിൽ അർഹനായ റേഡിയോ മാറ്റൊലി ടെക്നീഷ്യനും പ്രോഗ്രാം പൊഡ്യൂസറുമായ ശ്രീകാന്ത് കെ കൊട്ടാരത്തിലിനെ കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രസിഡൻറ്

ശ്രീ ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിലിന്റെ നേതൃത്വത്തിൽ ആദരിച്ചു. റേഡിയോ മാറ്റൊലി ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പിള്ളിക്കും മറ്റു റേഡിയോ മാറ്റൊലി പ്രവർത്തകർക്കും മധുരം നല്കുകയും രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിൽ, ട്രഷറർ ബിബിൻ പിലാപ്പിള്ളിൽ എന്നിവർ റേഡിയോ ദിനാശംസകൾ നേർന്ന് സംസാരിക്കുകയും ചെയ്തു. രൂപതാ വൈസ് പ്രസിഡന്റ് കുമാരി മെലിൻ ആന്റണി പുളിക്കിയിൽ, സംസ്ഥാന സെനറ്റ് അംഗങ്ങളായ ശ്രീ. ജിഷിൻ മുണ്ടയ്ക്കാത്തടത്തിൽ, സംസ്ഥാന സെനറ്റംഗം ശ്രീ. റ്റിബിൻ പാറയ്ക്കൽ എന്നിവർ നേതൃത്വം നൽകി. രൂപതാ സെക്രട്ടേറിയേറ്റ് അംഗങ്ങൾ സംസ്ഥാന സിൻഡിക്കേറ്റ്, സെനറ്റ് അംഗങ്ങൾ, രൂപത സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

**ഇടയരോടൊപ്പം**

2023 ഫെബ്രുവരി 16 ന് മാനന്തവാടി ബിഷപ്പ് ഹൗസിൽ വച്ച് കെ.സി.വൈ.എം മാനന്തവാടി രൂപതയിലെ 2023 സമിതി അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിനെയും അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവിനെയും സന്ദർശിച്ചു. രാഷ്ട്രീയത്തിലേക്ക് കൂടുതൽ യുവജനങ്ങൾ കടന്നു വരട്ടെ എന്നും, യുവജനങ്ങൾ സമൂഹത്തിലേക്ക് ഇറങ്ങി പ്രവർത്തിച്ച് സമൂഹത്തിൽ വ്യക്തമായ സ്വാധീനം ഉണ്ടാക്കാൻ കഴിയുന്ന നല്ല നേതാക്കളായി മാറണമെന്നും, യുവജനങ്ങൾക്ക് പ്രോത്സാഹനമായി രൂപത എന്നും കൂടെയുണ്ടെന്നും അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ആശംസിച്ചു. യുവജനങ്ങൾ പ്രാർത്ഥനാ ജീവിതത്തെ മുറുകെ പിടിക്കണമെന്നും, സഭയോട് ചേർന്ന് നിന്ന് പ്രവർത്തിക്കണമെന്നും അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് ആശംസിച്ചു. അഭിവന്ദ്യ പിതാക്കന്മാരൊത്തുള്ള കൂടിക്കാഴ്ചയും ചർച്ചകളും ഏറെ ഫലപ്രദവും അനുഗ്രഹീതവുമായിരുന്നു.

**പൈയ്ക്കുന്ന പള്ളയിലെ തീയണയ്ക്കാൻ**

കേരള കത്തോലിക്കാ യുവജന പ്രസ്ഥാനമായ കെ.സി.വൈ.എം കേരളത്തിലെ വിവിധ സ്ഥലങ്ങളിലായി അനാഥർക്കും, രോഗികൾക്കും ആശുപത്രിയിലെ കൂട്ടിരിപ്പുകാർക്കും ഒരു നേരത്തെ ആഹാരം നൽകി വരുന്നു. കെ.സി.വൈ.എം മാനന്തവാടി രൂപതാ സമിതിയുടെ നേതൃത്വത്തിൽ സ്നേഹപൂർവ്വം കെ.സി.വൈ.എം പൊതിച്ചോറ് വിതരണ പദ്ധതിയുടെ ഭാഗമായി മാനന്തവാടി മെഡിക്കൽ കോളജ് ആശുപത്രിയിലെ രോഗികൾക്കും കൂട്ടിരിപ്പ്

കാർക്കും ഫെബ്രുവരി 12 -ന് ഉച്ചക്ക് 12.30 ന് ഭക്ഷണം വിതരണം ചെയ്തു. കെ.സി.വൈ.എം രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ, വൈസ് പ്രസിഡന്റ് കുമാരി മെലിൻ ആന്റണി പുളിക്കിയിൽ, ജനറൽ സെക്രട്ടറി അഭിനന്ദ് കൊച്ചു മലയിൽ, സെക്രട്ടറിമാരായ കുമാരി ബെറ്റി അന്ന ബെന്നി പുതുപ്പറമ്പിൽ, റ്റിജിൻ ജോസഫ് വെള്ളപ്ലാക്കിൽ, കോഡിനേറ്റർ അഖിൽ ജോസ് വാഴച്ചാലിൽ, ട്രഷറർ ബിബിൻ പിലാപ്പിള്ളിൽ ഡയറക്ടർ റവ. ഫാ അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിൽ, ആനിമേറ്റർ സിസ്റ്റർ സാലി ആൻസ് സി.എം.സി, സംസ്ഥാന സിൻഡിക്കേറ്റ് അംഗം ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**ഷൈൻ 2023**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ 2023 വർഷത്തെ പ്രഥമ സിൻഡിക്കേറ്റ് മീറ്റിംഗ് ഷൈൻ 2023, 11/02/2023 ശനിയാഴ്ച വിനോദയാത്രയോടു കൂടി ആരംഭിച്ചു. യാത്രാവേളയിൽ അഡ്വ. ശ്രീ. ജിജിൽ കിഴക്കരക്കാട്ട് സംഘടനാ ശാക്തീകരണത്തെ സംബന്ധിച്ച് ക്ലാസ്സ് നയിച്ചു. വൈകുന്നേരം 7 മണിയോടെ വിശുദ്ധ കുമ്പസാരത്തിനും ഭക്ഷണത്തിനും ശേഷം 9 മണിയോടെ രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിലിന്റെ അധ്യക്ഷതയിൽ ആരംഭിച്ച സിൻഡിക്കേറ്റ് മീറ്റിംഗ്, പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. ജോജോ കുടക്കച്ചിറ ഉദ്ഘാടനം ചെയ്തു.

**വിശുദ്ധ ബൈബിൾ അഗ്നിക്കിരയാക്കുകയും സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്ത സംഭവം ദൗർഭാഗ്യകരം**

ക്രൈസ്തവരുടെ വിശുദ്ധ ഗ്രന്ഥമായ ബൈബിളിനെ അവഹേളിക്കുകയും എണ്ണയൊഴിച്ച് കത്തിക്കുകയും ചെയ്യുന്ന വീഡിയോ സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രചരിപ്പിച്ച കാസർഗോഡ് സ്വദേശിയായ വ്യക്തി, പ്രബുദ്ധ കേരളത്തിന്റെ മത സാഹോദര്യ പൈതൃകത്തിന് കളങ്കം വരുത്താൻ ശ്രമിക്കുകയാണ്. കേരളത്തിൽ വർദ്ധിച്ചുവരുന്ന തീവ്രവാദ ചിന്തകളും അതിനെ പ്രോത്സാഹിപ്പിക്കുന്ന തീവ്രവർഗീയ സംഘടനകളും വ്യക്തികളും കേരളത്തെ കലാപഭൂമിയാക്കി മാറ്റുവാൻ കൂട്ടുനിൽക്കുകയാണ്. മതമൈത്രിയും സാമൂഹിക സൗഹാർദവും തകർക്കുന്ന ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ പൊതുസമൂഹം ഒറ്റക്കെട്ടായി നിലകൊള്ളണം. തീവ്രവാദത്തിന്റെ വിത്തുകൾ പാകി നന്മ നിറഞ്ഞ ഈ സമൂഹ

ത്തിന്റെ വിഷമയമാക്കുന്ന പ്രവണതകളെ തിരിച്ചറിഞ്ഞ് ഒറ്റപ്പെടുത്താൻ സമുദായ നേതൃത്വം തയ്യാറാകണമെന്ന് കെ.സി.വൈ.എം മാനന്തവാടി രൂപത

**45-ാംമത് സംസ്ഥാന സെനറ്റ് സമ്മേളനം**

കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ 45-മത് സംസ്ഥാന സെനറ്റ് സമ്മേളനം 2023 ഫെബ്രുവരി 17,18,19 തിയതികളിൽ തിരുവനന്തപുരം രൂപതയുടെ ആതിഥേയത്വത്തിൽ നാലാഞ്ചിറ മാർ ഗ്രിഗോറിയോസ് റിന്യുവൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച്, രൂപത പ്രസിഡന്റും സംസ്ഥാന സിൻഡിക്കേറ്റ് അംഗവുമായ ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ, സെക്രട്ടറി ടിജിൻ വെള്ളപ്ലാക്കൽ, സംസ്ഥാന സിൻഡിക്കേറ്റ് ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിൽ, സംസ്ഥാന സെനറ്റ് അംഗങ്ങളായ ലിബിൻ മേപ്പുറത്ത്, അമൽഡ തൂപ്പുംകര, ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിൽ, ആനിമേറ്റർ സി. സാലി ആൻസ് സി.എം.സി എന്നിവർ പങ്കെടുത്തു. സംസ്ഥാന വൈസ് പ്രസിഡന്റ് ആയി ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിൽ തിരഞ്ഞെടുക്കപ്പെട്ടു.

**നന്ദിയോടെ**

പുതിയ പ്രവർത്തന മേഖലകളിലേക്ക് കടക്കുന്ന കെ.സി. വൈ. എം മാനന്തവാടി രൂപത സെക്രട്ടറിമാരായിരുന്ന ശ്രീമതി. അനില ദീപക്ക് ഒറവനാംതടത്തിൽ, ശ്രീ. ഫെബിൻ ടോം കാക്കോനാൽ എന്നിവർ ചെയ്ത സ്തുത്യർഹമായ സേവനങ്ങൾക്ക് നന്ദി

**അഭിനന്ദനങ്ങൾ**

2022 പ്രവർത്തന വർഷം കെ.സി.വൈ.എം സംഘടനയെ ഉജ്ജ്വലമായി നയിച്ച് ചരിത്രത്തിന്റെ താളുകളിൽ ആലേഖനം ചെയ്ത സംസ്ഥാന സമിതിയുടെ ധീര നേതാക്കൾക്ക് മാനന്തവാടി രൂപതയുടെ നന്ദി

കെ. സി. വൈ. എം മാനന്തവാടി രൂപത സെക്രട്ടറിമാരായി തെരഞ്ഞെടുക്കപ്പെട്ട ചുങ്കക്കുന്ന് മേഖലയിലെ ഒറ്റപ്ലാവ് ഇടവകാംഗം കുമാരി ബെറ്റി അന്ന ബെന്നി പുതുപ്പറമ്പിലിനും, നടവയൽ മേഖല കല്ലുവയൽ ഇടവകാംഗമായ ശ്രീ. റ്റിജിൻ ജോസഫ് വെള്ളപ്ലാക്കലിനും രൂപതാ സമിതിയിലേക്ക് ഹൃദ്യയമായ സ്വാഗതവും, അഭിനന്ദനങ്ങളും.

2023 പ്രവർത്തനവർഷത്തിൽ കെ.സി.വൈ.എം സംഘടനയെ നയിക്കാൻ നിയുക്തരായിരിക്കുന്ന സംസ്ഥാന സമിതിയിലെ പ്രിയ നേതാക്കൾക്ക് മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ.

കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ 45-ാമത് വാർഷിക സെനറ്റ് സമ്മേളനത്തിൽ വെച്ച് 2023 വർഷത്തെ സംസ്ഥാന ഉപാദ്ധ്യക്ഷയായ് തിരഞ്ഞെടുക്കപ്പെട്ട മാനന്തവാടി രൂപതയുടെ കരുത്തയായ നേതാവ് കുമാരി ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിലിന് കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ.

**ആദരാഞ്ജലികൾ**

കെ.സി.വൈ.എം സംസ്ഥാന ഡയറക്ടർ (1981), എറണാകുളം - അങ്കമാലി മേജർ അതിരൂപത യുവജന പ്രസ്ഥാനത്തിന്റെ ജോയിന്റ് ഡയറക്ടർ (CYF : 1973-1977), ഡയറക്ടർ (CYF : 1977-1987) എന്നീ സ്ഥാനങ്ങളിൽ സേവനമനുഷ്ഠിച്ച ബഹു. ഫാ. ജോസ് തച്ചിൽ അച്ചന് കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ ആദരാഞ്ജലികൾ.

**നീലഗിരി മേഖല**

യൂണിറ്റുകളോട് ചേർന്ന് പുതുവർഷ ആഘോഷം നടത്തി. ദനഹാ തിരുനാൾ കൽപ്ര യൂണിറ്റിൽ വെച്ച് ആഘോഷിച്ചു. നീലഗിരി മേഖലയുടെ 2023 വർഷത്തെ പ്രവർത്തന വർഷ ഉദ്ഘാടനം എഫ്ഫാത്താ 2023 കയ്യൂന്നി യൂണിറ്റിൽ വെച്ച് നടത്തപ്പെട്ടു. ലഹരിക്കെതിരായി മണ്ണുവയൽ യൂണിറ്റിൽ വച്ച് വിശുദ്ധ കുർബാനയോട് കൂടി ലഹരി വിരുദ്ധ റാലി സംഘടിപ്പിച്ചു. 50 ഓളം യുവജനങ്ങൾ പങ്കെടുത്തു. റിപ്പബ്ലിക് ദിനത്തോട് അനുബന്ധിച്ച് CYM നീലഗിരി മേഖല യുവജനങ്ങൾക്കായി നടത്തിയ Enneagram with Career Guidance ക്ലാസ്സ് NDS ഓഫീസ് ഡയറക്ടർ ഫാ. ബിനോയ് കാശംകുറ്റിയിൽ ഉദ്ഘാടനം ചെയ്തു. 20 ഓളം യുവജനങ്ങൾ പങ്കെടുത്തു. ലഹരിക്കെതിരെ യുവാക്കളെ സജ്ജരാക്കുന്നതിനായി ഒരു ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ലഹരിക്കെതിരെ ഏതുവിധത്തിലും പ്രതിരോധിക്കും എന്നുള്ള ഉറപ്പോടുകൂടിയും ലഹരി വിരുദ്ധ പ്രതിജ്ഞ നടത്തി. ലഹരിക്കെതിരെ നീലഗിരി മേഖലയുടെ നേതൃത്വത്തിൽ സിഗ്നേച്ചർ ക്യാമ്പയിൻ സംഘടിപ്പിച്ചു. 50 ഓളം യുവജനങ്ങൾ തങ്ങളുടെ ഒപ്പ് രേഖപ്പെടുത്തി ക്യാമ്പയിനിന്റെ ഭാഗമായി. ധനശേഖരണാർത്ഥം യൂണിറ്റുകളിലേക്ക് കൂപ്പൺ വിതരണം നടത്തി. രക്ത ദാനം മഹാ ദാനം ബ്ലഡ് ബാങ്ക് റെജിസ്ട്രേഷൻ ഫോം വിതരണം നടത്തി. 'ലഹരി രഹിത

ജീവിതം' നീലഗിരി മേഖലയുടെ നേതൃത്വത്തിൽ കൽപ്ര യൂണിറ്റിന്റെ സഹകരണത്തോടെ പാട്ടവയലിൽ അമല ഹോസ്പിറ്റൽ & റീഹാബിറ്റേഷൻ സെന്റർ സന്ദർശിച്ചു. 2023 നീലഗിരി മേഖല സെക്രട്ടറിയും മണ്ണുവയൽ യൂണിറ്റ് അംഗവുമായ ജീസൻ തെക്കേമുറിയിൽ രക്തം ദാനം ചെയ്തു തുടക്കം കുറിച്ചു. ലഹരിക്കെതിരെ നടത്തിയ online ഡിജിറ്റൽ പോസ്റ്റർ മത്സരം 'പാഠശാലയിലെ ലഹരി' എന്ന വിഷയത്തിൽ സംഘടിപ്പിച്ചു. 20 ഓളം അംഗങ്ങൾ പങ്കെടുത്തു. വന്യമൃഗങ്ങളുടെ അക്രമണത്തിനെതിരെ നിലപാട് കൈക്കൊള്ളാത്ത ഭരണകൂടനിലപാടിനെതിരെ പ്രതിഷേധിച്ചു. ക്രിസ്ത്യാനികൾക്കെതിരെ നടക്കുന്ന കൊടും ഭീകരതകളെ അപലപിക്കുകയും ചെയ്തു.

**ചുങ്കക്കുന്ന് മേഖല**

ചുങ്കക്കുന്ന് മേഖലയുടെ നേതൃത്വത്തിൽ മേഖലാ പ്രവർത്തനങ്ങളുടെ ശാക്തികരണത്തിന്റെ ഭാഗമായി കേളകം, അടയ്ക്കാത്തോട്, വെള്ളൂന്നി എന്നീ യൂണിറ്റുകൾ സന്ദർശിക്കുകയും, പ്രസ്തുത യൂണിറ്റിലെ വികാരി അച്ചന്മാരോട് കെ.സി.വൈ.എം രൂപീകരണത്തെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ചചെയ്യുകയും, വിലയിരുത്തുകയും ചെയ്തു. പ്രവർത്തനങ്ങൾക്ക് മേഖലാ പ്രസിഡന്റ് മെൽബിൻ കല്ലടയിൽ, നേതൃത്വം നൽകി. ജനുവരി 26 റിപ്പബ്ലിക് ദിനത്തിൽ ധീര ജവാൻ അജേഷ് മുണ്ടുചിറക്കൽ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചനയും സമകാലിക ക്രൈസ്തവ പീഡനങ്ങൾക്കെതിരെ പ്രതിഷേധ സദസ്സും നടത്തി. കെ.സി. വൈ.എം ചുങ്കക്കുന്ന് മേഖല പ്രസിഡന്റ് മെൽബിൻ കല്ലടയിൽ, അധ്യക്ഷത വഹിച്ച പരിപാടി കൊട്ടിയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ റോയി നമ്പുടാകം ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് മെമ്പർ ഷാജി പൊട്ടയിൽ, യൂണിറ്റ് പ്രസിഡന്റ് ഗോഡ്സൺ ഇലഞ്ഞിമറ്റത്തിൽ, വൈസ് പ്രസിഡന്റ് അനുമോൾ മുട്ടത്ത് എന്നിവർ ആശംസകൾ നേർന്ന് സംസാരിക്കുകയും ചെയ്തു. മേഖലാ ഭാരവാഹികളും ചുങ്കക്കുന്ന് ഫൊറോനയിലെ വിവിധ യൂണിറ്റുകളിലെ യുവജനങ്ങളും പങ്കെടുത്തു.

**മുള്ളൻകൊല്ലി മേഖല**

രൂപതയുടെ 28-ാംമത് വാർഷിക സെനറ്റിൽ മുള്ളൻകൊല്ലി മേഖലയിൽ നിന്ന് 5 അംഗങ്ങൾ പങ്കെടുക്കുകയും 2022 വർഷത്തെ മേഖല റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. 2023 വർഷത്തെ രൂപത സമിതിക്ക് അഭിനന്ദനങ്ങൾ അറിയിച്ചു. മേഖലയിൽ നിന്നും

മാനന്തവാടി രൂപതാ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട മുൻ പ്രസിഡന്റും, നിലവിലെ ട്രഷററുമായ ശ്രീ ഫെബിൻ കാക്കോനാലിന് അഭിനന്ദനങ്ങൾ. 2022 പ്രവർത്തന വർഷത്തെ മികച്ച മേഖലയായി മുള്ളൻകൊല്ലി മേഖല തിരഞ്ഞെടുക്കപ്പെട്ടു. മേഖല ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ അറിയിക്കുന്നു. കോഴിക്കോട് Accurate Medical Coding institution നിന്ന് Medical Coding Exam - ൽ 98% മാർക്കോടെ വിജയിച്ച മരകാവ് യൂണിറ്റ് പ്രസിഡന്റ് കുമാരി അൻസയ്ക്ക് അഭിനന്ദനങ്ങൾ. ജനുവരി 20, 21, 22 തീയതികളിലായി നടത്തപ്പെട്ട കേരള യൂത്ത് കോൺഫറൻസിൽ മേഖലയെ പ്രതിനിധീകരിച്ച് സെക്രട്ടറി ടീന മലയതടത്തിൽ പങ്കെടുത്തു. 74-ാം റിപ്പബ്ലിക് ദിനം ആഘോഷിച്ചു. പത്മശ്രീ പുരസ്കാരത്തിന് അർഹനായ ശ്രീ ചെറുവയൽ രാമേട്ടന് അഭിനന്ദനങ്ങൾ. സെക്രട്ടറിയേറ്റ് മീറ്റിംഗ് മുള്ളൻകൊല്ലി യൂണിറ്റിൽ വെച്ച് നടത്തി.

**മണിമൂളി യൂണിറ്റ്**

ഇടവക തിരുനാളിനോട് അനുബന്ധിച്ച് നടന്ന എല്ലാ പ്രവർത്തനങ്ങളിലും യുവജനങ്ങൾ സഹകരിക്കുകയും, ഇരുപതോളം യുവജനങ്ങൾ വോളന്റിയർമാരായി പ്രവർത്തിക്കുകയും ചെയ്തു. കലാസന്ധ്യയിൽ യുവജനങ്ങൾ കലാപരിപാടികൾ അവതരിപ്പിച്ചു. ഫണ്ട് ശേഖരണാർത്ഥം ഐസ്ക്രീം വിൽപ്പന നടത്തി. ഇടവകയിലെ അസ്സി. വികാരി ആൽബിൻ വളയത്തിൽ അച്ചന് യാത്രയയപ്പ് നൽകി. പുതിയ അസ്സി. വികാരി അരുൺ പൊയ്കയിൽ അച്ചന് സ്വീകരണവും നൽകി.

**പുതുശ്ശേരിക്കടവ് യൂണിറ്റ്**

യുവജനങ്ങൾ പുതുവർഷം ആഘോഷിച്ചു. മേഖല സെനെറ്റിൽ യുവജനങ്ങൾ പങ്കെടുത്തു. ദനഹാ തിരുനാളിൽ യുവജനങ്ങൾ വി. കുർബാനയിൽ പങ്കെടുത്തു. പുതുശ്ശേരിക്കടവ് യുണിറ്റ് കോർഡിനേറ്ററിന്റെ ജന്മദിനം ആഘോഷിച്ചു വി. സെബാസ്റ്റ്യനോസിന്റെ തിരുനാൾ ദിനത്തിൽ യുവജനങ്ങൾ വി. കുർബാനയിൽ പങ്കെടുക്കുകയും സഹകരിക്കുകയും ചെയ്തു.

**അഭിനന്ദ് ജോർജ്ജ് കൊച്ചുമലയിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സുകൾ**

ജനുവരി 31 മുതൽ ഫെബ്രുവരി 3 വരെയുള്ള തിയതികളിൽ നടത്തിയ വിവാഹ ഒരുക്ക കോഴ്സിൽ 65 പേർ പങ്കെടുത്തു. മാർച്ച് മാസത്തെ വിവാഹ ഒരുക്ക കോഴ്സ് മാർച്ച് 11,12,13,14 തിയതികളിലും, 28, 29, 30, 31 തിയതികളിലും നടത്തപ്പെടുന്നു.

**രൂപതാ വാർത്തകൾ**

**മാതൃവേദി**

സീറോ മലബാർ മാതൃവേദി അന്തർദേശീയ ജനറൽ ബോഡിയിൽ രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. അന്തർദേശീയ വൈസ് പ്രസിഡണ്ടായി നമ്മുടെ രൂപതയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി ഗ്രേസി ജേക്കബ് മുക്കത്തിന് അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേരുന്നു. രൂപതാ മാതൃവേദിയുടെ നേതൃത്വത്തിലുള്ള ഭവന നിർമ്മാണത്തിന് ആരംഭം കുറിച്ചു.(അരിഞ്ചേർമല). 'പ്രാർത്ഥിക്കുന്ന അമ്മ കുടുംബത്തിന്റെ രക്ഷ'എന്ന വിഷയത്തെ ആസ്പദമാക്കി യൂണിറ്റ്, മേഖല, രൂപതാ തലങ്ങളിൽ ആശയ സമാഹരണം നടത്തി. ചെയിൻ റോസറി: മണിമൂളി മേഖല (കർഷകർ, നിയമപാലകർ, സൈനികർ) എന്നിവരെ അനുസ്മരിച്ച് പ്രാർത്ഥിച്ചു. രൂപതാ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് നടത്തപ്പെട്ട രൂപതാ ബൈബിൾ കൺവെൻഷനിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ സജീവമായി പങ്കെടുത്തു. വി. ബലിയർപ്പണം, ജപമാല, കുരിശിന്റെ വഴി, പരിത്യാഗ പ്രവർത്തികൾ, ദാനധർമ്മം എന്നിവയിലൂടെ എല്ലാ അമ്മമാരും വലിയ നോമ്പാചരണത്തിൽ പങ്കു ചേർന്ന് ഈസ്റ്റർ ദിനങ്ങൾക്കായി ഒരുങ്ങുക. എല്ലാ യൂണിറ്റുകളിലും മാതൃവേദി പ്രവർത്തനങ്ങൾ സജീവമാക്കുക.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 12 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് March 14

**മേഖലാ വാർത്തകൾ**

**പയ്യമ്പള്ളി**

ഇടവകകളിൽ നടന്ന തിരുനാളുകൾ മാതൃവേദിയുടെ നേതൃത്വത്തിൽ കൂടുതൽ ഭംഗിയായി നടത്താൻ സാധിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി കാര്യങ്ങൾ ചർച്ച ചെയ്തു.

**ശാഖാ വാർത്തകൾ**

**കബനിഗിരി**

പള്ളിയും പരിസരവും വൃത്തിയാക്കി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. വി. സെബസ്ത്യാനോസിന്റെ തിരുനാൾ ആചരിച്ചു. വന്യമൃഗ ഭീഷണിക്കെതിരെ ആരാധന നടത്തി. രൂപതാ തലത്തിൽ നടത്തിയ ഓൺലൈൻ സെമിനാറിൽ പങ്കെടുത്തു. കടുവയുടെ ആക്രമണത്തിൽ മരണപ്പെട്ട സാലു പള്ളിപ്പുറത്തിന്റെ ഭവനം സന്ദർശിച്ച് മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. രൂപതാ പ്രസംഗ മൽസരത്തിൽ പങ്കെടുത്തു.

**അസംപ്ഷൻ ബത്തേരി**

ഭവന നിർമ്മാണത്തിനു സഹായം നൽകി. ബഫർസോണിനെതിരെ നടത്തിയ പ്രതിഷേധത്തിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി. ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഫണ്ട് കണ്ടെത്തുന്നതിനായി തിരുന്നാൾ ദിനങ്ങളിൽ തട്ടുകട നടത്തി. 30,000/-രൂപ സമാഹരിച്ചു. അന്തർദേശീയ മാതൃവേദി വൈസ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ഗ്രേസി ടീച്ചറെ യൂണിറ്റ് ഡയറക്ടർ ജോസഫ് പരുവമ്മേൽ അച്ചന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ അനുമോദിച്ചു.

**കുഞ്ഞോം**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. സാന്താ മോനിക്കാ പ്രാർത്ഥനയിൽ പങ്കുചേർന്നു. വിവാഹം നടക്കാത്തവർക്കായി ചെയിൻ റോസറി നടത്തി.

**പാലാങ്കര**

തിരുനാളിനോടനുബന്ധിച്ചു പൂർവികരുടെ അനുസ്മരണ ദിനത്തിൽ സെമിത്തേരി മുഴുവൻ മെഴുകുതിരി കത്തിച്ചലങ്കരിച്ചു. പ്രദക്ഷിണ ദിവസം പൂക്കൾ കൊണ്ട് പള്ളിയങ്കണം അലങ്കരിച്ചു. രൂപതയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ചു മാതാവിന്റെ തിരുസ്വരൂപ പ്രയാണത്തിൽ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി.

**ഇരുളം**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മേഖല മീറ്റിംഗിൽ പങ്കെടുത്തു. മാതൃവേദി ഫണ്ട് കളക്ഷന്റെ ഭാഗമായി തിരുനാളിനോടനുബന്ധിച്ച് സ്റ്റാൾ ഇട്ടു. നീലഗിരി ചായപ്പൊടി വിൽക്കുകയും ചെയ്തു.

**വൈത്തിരി**

'വയനാടിന്റെ വികസനത്തിൽ കുടിയേറ്റത്തിന്റെ പങ്ക്'എന്ന വിഷയത്തിൽ ഉപന്യാസ മത്സരം നടത്തി. വൈത്തിരി താലൂക്ക് ഹോസ്പിറ്റലിൽ ഭക്ഷണം നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി. ബൈബിൾ ക്വിസ് മത്സരം നടത്തി.

**നടവയൽ**

ദനഹതിരുന്നാൾ, ചാവറ പിതാവിന്റെ തിരുനാൾ എന്നിവ ആചരിച്ചു. ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ നിര്യാണത്തിൽ അനുശോചിക്കുകയും പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു. ചാവറ പിതാവും കേരള സഭയും - പ്രസംഗം മത്സരത്തിൽ പങ്കെടുത്തു. 'കൗമാര ജീവിതത്തിന്റെ താളപ്പിഴകൾ'എന്ന ഓൺലൈൻ സെമിനാറിൽ പങ്കെടുത്തു. ഭവന സന്ദർശനം നടത്തി. 1000/- രൂപ വിധവാ സഹായമായി നൽകി.

**കയ്യൂന്നി**

വി. ചാവറ ഏലിയാസ്, വി.ദേവസഹായം പിള്ള, വി. സെബസ്ത്യാനോസ് എന്നിവരുടെ തിരുനാളും ഇടവക തിരുനാളും സമുചിതമായി ആഘോഷിച്ചു. ദേശീയ പ്രവാസി ദിനം, ദേശീയ യുവജന ദിനം, റിപ്പബ്ലിക് ദിനം, രക്തസാക്ഷിത്വ ദിനം, ഇന്ത്യൻ ന്യൂസ് പേപ്പർ ദിനം എന്നിവ ആചരിച്ചു. 10 പേർക്ക് 1000/- രൂപ പ്രകാരം 10000/- രൂപയുടെ ഭക്ഷണ കിറ്റ് നൽകി.

**പനംഞ്ചിറ**

ഇടവക തിരുനാൾ ആചരിച്ചു. പള്ളിയും പരിസരങ്ങളും വൃത്തിയാക്കി. ഇടവക തിരുനാളിൽ ഒരു ദിനം മാതൃദിനമായി ആഘോഷിക്കുകയും കാഴ്ച സമർപ്പണം നടത്തുകയും ചെയ്തു. നേർച്ച ഭക്ഷണമൊരുക്കുന്നതിനും തിരുനാൾ ദിനങ്ങളിൽ മുത്തുക്കുട പിടിക്കുന്നതിനും നേതൃത്വം നൽകി. കലാപരിപാടികളിലും പങ്കെടുത്തു.

**മരകാവ്**

വി. ചാവറ പിതാവിന്റെ തിരുനാൾ ആചരിച്ചു. രോഗീ സന്ദർശനം നടത്തി. ഇടവക തിരുന്നാൾ ആഘോഷിച്ചു. ഫണ്ട് ശേഖരണം നടത്തി. മേഖലഎക്സിക്യുട്ടീവിൽ പങ്കെടുത്തു. 'കൈവിട്ട്പോകുന്ന കൗമാരങ്ങൾ' എന്ന ഓൺലൈൻ സെമിനാറിൽ പങ്കെടുത്തു

**പാടിച്ചിറ**

ഇടവക തിരുനാളിനോടനുബന്ധിച്ച് പള്ളിയും പരിസരവും വൃത്തിയാക്കി. പള്ളിയുടെ അലങ്കാര പ്രവർത്തികളിൽ സജീവ പങ്കാളിത്തം വഹിച്ചു. രോഗി സഹായം നല്കി.

**മണിമൂളി**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. സെമിനാർ നടത്തി. മാതാവിന്റെ തിരുസ്വരൂപ പ്രയാണ സ്വീകരണത്തിൽ പങ്കെടുത്തു.

**പുൽപ്പള്ളി**

ഹോം മിഷൻ, ധ്യാന വിജയം എന്നിവയ്ക്കായുള്ള പ്രാർത്ഥന, എല്ലാ വീടുകളിൽ എത്തിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പെരുന്നാളിനോടനുബന്ധിച്ച് നടന്ന തോരണം ഒട്ടിക്കൽ, പൂക്കൾ നിർമ്മാണം, പള്ളിയും പരിസരവും വൃത്തിയാക്കൽ, എന്നിവയിൽ പങ്കെടുത്തു. മേഖലാ തലത്തിൽ നടത്തിയ 'ചവറയച്ചനും കേരള സഭയും' എന്ന പ്രസംഗമത്സരത്തിൽ ബിൻസി കുറ്റിപ്പുഴ 2-ാം സ്ഥാനം കരസ്ഥമാക്കി. മേഖലാ എക്സിക്യൂട്ടീവിൽ പങ്കെടുത്തു.

**പൂളപ്പാടം**

ക്യാൻസർ രോഗികളെ സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർത്ഥിച്ചു. 70 വയസ്സിന് മുകളിൽ പ്രായമായവരുടെ സംഗമം നടത്തി. സമ്മാനം, ഭക്ഷണം എന്നിവ നൽകി.

**തവിഞ്ഞാൽ**

എക്സിക്യൂട്ടീവ് കൂടി. മറിയത്തിന്റെ സ്തോത്രഗീതം മത്സരത്തിനും സാഹിത്യ മത്സരത്തിനും ലഭിച്ച സമ്മാനങ്ങൾ വികാരിയച്ചൻ നൽകി ആദരിച്ചു. പള്ളി ക്ലീനിങ് നടത്തി. ഓൺലൈൻ പ്രസംഗ മത്സരത്തിൽ അമ്മമാർ പങ്കെടുത്തു.

**താളിപ്പാടം**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പുതിയ പള്ളിയും പരിസരവും വൃത്തിയാക്കുന്നതിനുള്ള പൊതുപണികളിൽ പങ്കെടുത്തു. തിരുനാൾ ദിനങ്ങളിൽ ധനശേഖരണാർത്ഥം സ്റ്റാൾ ഇട്ടു. സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു.

**സീതാമൗണ്ട്**

പുതുവർഷാരംഭ പ്രാർത്ഥനയിൽ പങ്കെടുത്തു. നവ വൈദികർക്കു വേണ്ടി പ്രാർത്ഥിച്ചു. റിപ്പബ്ലിക് ദിനത്തിൽ ലോക സമാധാനത്തിനായി പ്രാർത്ഥിച്ചു.

**വഞ്ഞോട്**

മാതാവിന്റെ തിരുന്നാൾ ആഘോഷിച്ചു. ഇടവക തിരുന്നാളിന് മാതാവിന്റെ ഗ്രോട്ടോയും പരിസരവും വൃത്തിയാക്കി. എക്സിക്യൂട്ടിവ് യോഗം കൂടി.

**തലഞ്ഞി**

വി. ചാവറ കുരിയാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ ദിനം ആചരിച്ചു. താളിപ്പാടം പുതിയ പള്ളി നിർമ്മിക്കുന്നതിന്റെ ഭാഗമായി വിശുദ്ധ വസ്തുക്കൾ വാങ്ങുന്നതിനായി 10000/- രൂപ നൽകി. മാനന്തവാടി രൂപത ജൂബിലി വർഷത്തോടനുബന്ധിച്ചുള്ള മാതാവിന്റെ തിരുസ്വരൂപ പ്രയാണത്തിന് സ്വീകരണം നൽകി.

**മാനന്തവാടി**

ഇടവക തിരുനാളിന് പള്ളി ക്ലീനിംഗ് നടത്തി. തിരുനാൾ ദിന വാർഷികത്തിൽ സ്കിറ്റും ഡാൻസും അവതരിപ്പിച്ചു. ലോഗോസിന് കൂടുതൽ മാർക്ക് ലഭിച്ചവർക്ക് ബഹു. വികാരിയച്ചൻ സമ്മാനം വിതരണം ചെയ്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

**തരിയോട്**

വി. ചാവറ കുരിയാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ, ദനഹ തിരുനാൾ എന്നിവ ആചരിച്ചു. നിർധനരായ കുടുംബങ്ങൾക്ക് പുതപ്പും ബെഡ്ഷീറ്റും നൽകി. ഇടവക തിരുനാളിനോടനുബന്ധിച്ച് പള്ളിയും പരിസരവും വൃത്തിയാക്കി.

**ഏലപ്പീടിക**

രോഗീ സന്ദർശനം നടത്തി. ഇടവകയിലെ പുതിയ നിർമ്മാണ പദ്ധതിയിൽ ഞായാറാഴ്ചകളിൽ സഹായിച്ചു. ഓൺലൈൻ പ്രസംഗ മത്സരത്തിൽ പങ്കെടുത്തു. പള്ളിയും പരിസരവും ക്ലീനിങ്ങ് നടത്തി.

**മഞ്ഞൂറ**

പള്ളിയും പരിസരവും വൃത്തിയാക്കി. പ്രദക്ഷിണത്തിന് നേതൃത്വം നൽകി. തിരുനാളിന് ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു. കിടപ്പു രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ചു.

**കോട്ടത്തറ**

ദൈവമാതാവിന്റെ തിരുന്നാൾ, ദേശീയ യുവജന ദിനം എന്നിവ ആചരിച്ചു. ബൈബിൾ പാരായണം നടത്തി. വിവിധ നിയോഗങ്ങൾക്കായി കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. പാലിയേറ്റീവ് ദിനാചരണം, രോഗീ സന്ദർശനം എന്നിവ നടത്തി. ഉപന്യാസ മത്സരത്തിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി. റിപ്പബ്ലിക് ദിനം വാട്സപ്പ് സന്ദേശം നൽകി.വി. ചാവറ പിതാവും കേരള സഭയും എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ പ്രസംഗ മത്സരത്തിൽ പങ്കെടുത്തു. കൗമാര ജീവിതത്തിന്റെ താളപ്പിഴകൾ എന്ന വിഷയത്തെക്കുറിച്ചുള്ള ഓൺലൈൻ സെമിനാറിൽ പങ്കെടുത്തു.

**കണിയാരം**

ഇടവക തലത്തിൽ നടത്തിയ മെഗാ ഫാമിലി ബൈബിൾ ക്വിസ്സിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് കൂടി. പള്ളിയും പരിസരവും വൃത്തിയാക്കി. ഓൺലൈൻ പ്രസംഗം മത്സരത്തിൽ പങ്കെടുത്തു.

**പ്രശാന്തിഗിരി**

എക്സിക്യൂട്ടീവ് കൂടി. ദിവസം 101 ത്രിത്വസ്തുതി ചൊല്ലണമെന്ന് അറിയിച്ചു.ഇടവക തിരുനാളിനോടനുബന്ധിച്ച് പള്ളിയും പരിസരവും വൃത്തിയാക്കി. രോഗീ സഹായം നൽകി. ഒരു നിർധന കുടുംബത്തിന് സഹായം നൽകി. രോഗിസന്ദർശനം നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

**പുതുശ്ശേരിക്കടവ്**

മാതൃവേദി പാലിയേറ്റിവ് ദിനത്തിൽ പാലിയേറ്റീവ് വോളന്റിയേഴ്സിനെ ആദരിച്ചു.

**വലിയ കൊല്ലി**

പുതുവർഷ പ്രാർത്ഥനയിലും ദിവ്യബലിയിലും പങ്കെടുത്തു. രോഗിസന്ദർശനം നടത്തി. എക്സിക്യൂട്ടിവ് മീറ്റിങ്ങ് നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**മരക്കടവ്**

വി. ചാവറ കുരിയാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ, ഇടവക മധ്യസ്ഥന്റെ തിരുനാൾ, ദനഹാ തിരുനാൾ എന്നിവ ആചരിച്ചു. അക്രൈസ്തവ വിധവയെ സന്ദർശിച്ചു പുതുവസ്ത്രങ്ങളും കേക്കും നൽകി. ഫണ്ട് രൂപീകരണാർത്ഥം പെരുനാളിന് പലഹാരം ഉണ്ടാക്കി വിപണനം നടത്തി.സൗജന്യ നേത്ര പരിശോധന

ക്യാമ്പിന് നേതൃത്വം നൽകി. ചാവറ പിതാവും കേരളസഭയും എന്ന പ്രസംഗ മത്സരത്തിൽ ഒരാൾ പങ്കെടുത്തു.

**വാളേരി**

സൺഡേ സ്കൂളിന്റെയും ഭക്തസംഘടനകളുടെയും വാർഷികത്തിൽ വാർഷിക റിപ്പോർട്ട്, സ്കിറ്റ് എന്നിവ അവതരിപ്പിച്ചു. നേർച്ച ഭക്ഷണം തയ്യാറാക്കി.പള്ളിയും പരിസരവും വൃത്തിയാക്കി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. വചന കവചം, സാന്താമോനിക്ക, ചിട്ടി നറുക്കെടുപ്പ് എന്നിവ നടത്തി.

**പുതിയിടം**

പുതുവർഷ പ്രാർത്ഥനയിലും കുർബാനയിലും പങ്കെടുത്തു. ഇടവകയിലെ നവവൈദികൻ അഭിനവ് അച്ചന് ആശംസകൾ നേർന്ന് സമ്മാനം നൽകി. എക്സിക്യൂട്ടീവ് കൂടി. രോഗി സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**കരിമാനി**

ഇടവക തിരുനാൾ ദിനത്തിൽ പ്രദക്ഷിണത്തിന് മുത്തുക്കുട എടുത്തു. നേർച്ചഭക്ഷണം തയ്യാറാക്കുന്നതിനും തുടർന്നുള്ള വൃത്തിയാക്കലിനും സഹായിച്ചു. വി. ചാവറ കുരിയാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ ദിനം ആചരിച്ചു. രോഗീ സന്ദർശനം നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

**നരിവാലമുണ്ട**

അഖണ്ഡ ബൈബിൾ പാരായണം നടത്തി. പരിശുദ്ധ അമ്മയുടെ തിരുസ്വരൂപ പ്രയാണത്തിന് സ്വീകരണം നൽകി. വചനം ഉരുവിടൽ മത്സരം നടത്തി. ഇടവക തിരുന്നാളിന് ആശംസ ഫ്ളെക്സ് വച്ചു. രോഗീ സഹായം നൽകി. തിരുനാൾ പൂക്കൾ നിർമ്മാണം, ഭക്ഷണം തയ്യാറാക്കൽ, ബൈബിൾ വായന, ശുചീകരണം, പ്രോഗ്രാം അറേഞ്ച്മെന്റ്, തുടങ്ങിയവക്കെല്ലാം നേതൃത്വം നൽകി.

**അപ്പപ്പാറ**

രോഗത്താൽ വിഷമിക്കുന്ന ഒരു നിർധന കുടുംബത്തെ സന്ദർശിച്ച് അവർക്ക് വേണ്ടി പ്രാർത്ഥിച്ചു. ഗ്രോട്ടോയിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. വിദേശത്ത് ജോലിക്ക് പോകുന്ന മാതൃവേദി അംഗമായിരുന്ന വ്യക്തിക്ക് യാത്രയയപ്പ് നൽകി.

**കരിമ്പിൽ**

വർഷരംഭപ്രാർത്ഥനയോടെ പുതുവർഷത്തിന് തുടക്കം കുറിച്ചു. ദനഹാ തിരുനാൾ ആഘോഷിച്ചു. ഇടവക തിരുനാളിനൊരുക്കമായി പള്ളിയും പരിസരവും സെമിത്തേരിയും വൃത്തിയാക്കി. തിരുന്നാളിന് നേർച്ച ഭക്ഷണം തയ്യാറാക്കാൻ സഹായിച്ചു. ഫാ. മനോജ് കക്കോനാൽ നയിച്ച കൗമാര ജീവിതത്തിന്റെ താളപ്പിഴകൾ എന്ന Online സെമിനാറിൽ പങ്കെടുത്തു. വചനം ചൊല്ലി പ്രാർത്ഥിച്ചു.

**ദ്വാരക**

വി. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ തിരുനാൾ, ദനഹാ തിരുനാൾ, വി. സ്നാപകയോഹന്നാന്റെ തിരുനാൾ, വി. ദേവസഹായം പിള്ളയുടെ തിരുനാൾ, വി. സെബസ്ത്യാനോസിന്റെ തിരുനാൾ എന്നിവ ആചരിച്ചു. ജനറൽബോഡി, എക്സിക്യൂട്ടീവ് മീറ്റിംഗ് എന്നിവ നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. ഭവന സന്ദർശനം, സെമിനാർ എന്നിവ നടത്തി.

**റൂബിനഗർ**

പള്ളിയും പരിസരവും സിമിത്തേരിയും വൃത്തിയാക്കി. സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് നടത്തിയ വടംവലി മത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. രോഗി സഹായം നൽകി. മാതാവിന്റെ തിരുസ്വരൂപ പ്രയാണത്തിന് സ്വീകരണം നൽകി.

സ്നേഹാശംസകളോടെ,

**ഫാ. ജോജോ കുടക്കച്ചിറ**
**ഫാ. എമ്മാനുവേൽ വടക്കേൽ**

## സീയോൻ വാർത്തകൾ

ഏകദിന കൺവെൻഷന്റെ ഒരുക്കത്തിനായി ശുശ്രൂഷകർ ആദ്യവെള്ളിയാഴ്ച്ച ഫെബ്രുവരി 3 ന് രാവിലെ 10 മുതൽ രാത്രി 9 വരെ ഒരുക്ക ശുശ്രൂഷകൾ നടത്തി.

**സിയോൻ പൊതുസമ്മേളനം നടന്നു**

ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.00 വരെ കൺവെൻഷൻ ശുശ്രൂഷകൾ ആഘോഷപൂർവ്വം നടന്നു. ബ്ര. ജോസ് മാളോല സ്തുതിയാരാധനക്ക് നേതൃത്വം നൽകി. ബ്ര. ഷാജി വെള്ളാപ്പള്ളി, ബ്ര. ആന്റണി പള്ളത്ത് എന്നിവർ ജപമാല നയിച്ചു.

ഡയറക്ടർ ബഹു. ഫാ. സോണി വാഴകാട്ട് വി. ബലിയർപ്പിച്ചു, ആരാധനക്ക് നേതൃത്വം നൽകി. കട്ടപ്പനയിൽ നിന്നുള്ള ബ്ര. മോഹൻ ദാസ് വചനസന്ദേശം നൽകി. ബ്ര. ബിജു പുളിക്കൽ, സി. ലിസ എസ്. കെ. ഡി, സി. അന്ന എഫ്. സി. സി എന്നിവർ ഗാനങ്ങളാലപിച്ചു.

എല്ലാ ചൊവ്വാഴ്ചകളിലും ശുശ്രൂഷകർ ബൈബിൾ കൺവെൻഷൻ വിജയത്തിനായി പ്രത്യേക മധ്യസ്ഥപ്രാർത്ഥന നടത്തി.

ഫെബ്രുവരി 11 ന് രണ്ടാം ശനിയാഴ്ച രാവിലെ 10 മുതൽ 1 മണിവരെ സ്പിരിചൽ ഷെയറിംങ്ങിന് ടീം പ്രാർത്ഥന നടത്തി, ശുശ്രൂഷയെ വിലയിരുത്തി.

ഫെബ്രുവരി 16 ന് വ്യാഴാഴ്ച വൈകിട്ട് 6 മുതൽ 11 വരെ വിവിധ സന്യാസിനിസഭകളിലെ ബഹു. സിസ്റ്റേഴ്സ് സിയോൻ ചാപ്പലിൽ ഒരുമിച്ചുകൂടി കൺവെൻഷൻ നിയോഗത്തിനായി പ്രാർത്ഥിച്ചു.

ഫെബ്രുവരി 17 ന് വെള്ളിയാഴ്ച വൈകിട്ട് 6.30 മുതൽ 12.30 വരെ സിയോൻ ടീം കൺവെൻഷൻ വിജയത്തിനായി ജാഗരണ പ്രാർത്ഥനയും കൺവെൻഷൻ ഗ്രൗണ്ടിനെ വലംവെച്ച് ജെറിക്കോ പ്രാർത്ഥനയും നടത്തി.

ബ്ര. ജോസ് മാളോല, ബ്ര. ബേബി കുപ്പയിൽ, ബ്ര മത്തായി കാരക്കാട്ട് എന്നിവർ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. ബ്ര. ബിജു പുളിക്കൽ ഗാനശുശ്രൂഷക്ക് നേതൃത്വം നൽകി. 12.30 ന് വി. കുർബാനയോടെ പ്രാർത്ഥന സമാപിച്ചു.

റവ. ഫാ. പ്രിൻസ് തെക്കേതിൽ, റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, റവ. ഫാ. സോണി വഴകാട്ട് എന്നിവർ ഞായറാഴ്ചകളിൽ ഓൺലൈൻ സുവിശേഷ വിചിന്തനങ്ങൾ (സിയോൻ വോയ്സ്) പങ്കുവെച്ചു.

മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലിയോടാനുബന്ധിച്ച് ഫെബ്രുവരി 22 മുതൽ 26 വരെ സിയോൻ ധ്യാനകേന്ദ്രത്തിൽ വെച്ച് അണക്കര ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. ഡോമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ 'കൃപാഭിഷേകം 2023' എന്ന പേരിൽ ആയിരങ്ങൾ പങ്കെടുത്ത ബൈബിൾ കൺവെൻഷൻ നടന്നു.

**Nb:** മാർച്ച് മാസത്തെ താമസിച്ചുള്ള ധ്യാനം 16 ന് വ്യാഴാഴ്ച വൈകിട്ട് 4 ന് ആരംഭിച്ച് 19 ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 ന് സമാപിക്കും.

ധ്യാനം മുൻകൂട്ടി ബുക്ക് ചെയ്യാം.

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

എല്ലാവർക്കും സുഖമെന്നു കരുതുന്നു. ഒരു വലിയ നോമ്പിലൂടെ നാം കടന്നുപോകുകയാണല്ലോ. ഓശാനനാളിൽ ഒരു രാജാവിനെപ്പോലെ യേശുവിനെ എതിരേറ്റ ജനം തൊട്ടടുത്ത ദിവസം അവനെ ക്രൂശിക്കുകയെന്ന് വിളിച്ചു പറഞ്ഞ്  യേശുവിനെ കുരിശിലേറ്റുകയും, ദൈവപുത്രനായ യേശു പിന്നീട് ഉയിർത്തെഴുന്നേറ്റതും നാം കാണുന്നു. ഈ ഓശാനയും ദുഃഖവെള്ളിയുമെല്ലാം നാമോരോരുത്തരുടേയും ജീവിതത്തിൽ വ്യത്യസ്ഥമായ രീതിയിൽ സംഭവിക്കുന്നുണ്ട്. നേട്ടങ്ങളിലെ അമിതാഹ്ലാദവും, നഷ്ടങ്ങളുടെ തീവ്രവേദനയുമല്ല നമുക്കുണ്ടാവേണ്ടത്. ഈ ലോകത്തിലെ സുഖദുഃഖങ്ങൾക്കുശേഷം ദൈവസന്നിധിയിലെത്തുമെന്ന വലിയപ്രത്യാശയാണ് നമുക്കുവേണ്ടത്. ഈ ലോകത്തിലെ ക്ഷണികജീവിത കാലയളവിനുള്ളിൽ ദൈവത്തെ മഹത്വപ്പെടുത്തുന്ന ചിന്ത, വാക്ക്, പ്രവർത്തി എന്നിവയാണ് നമ്മിലുണ്ടാകേണ്ടത്. നന്മ  പ്രവർത്തികളിലൂടെയാണ് ഈ ദൈവമഹത്വം നമുക്ക് കരഗതമാകുന്നത്.

നോമ്പ് ഉപവാസത്തിന്റെയും പ്രാർത്ഥനുടേയും കാലമാണ്. നോമ്പ് എന്ന വാക്കിന്റെ വാച്യാർത്ഥം മിതാഹാരവൃതം എന്നാണ്. എന്നാൽ ഈ വാക്കിനോട് സാമ്യമുള്ള  നോയ് എന്ന വാക്കുമായി (വേദന, ദുഃഖം) കൂട്ടിചേർത്തു വായിക്കുമ്പോൾ  നോമ്പ് എന്ന വാക്കിൽഅല്പം ദുഃഖം കൂടി കലരുന്നതായി നമുക്ക് കാണാം. നോമ്പ് നോൽക്കുകയെന്നു പറയുമ്പോൾ ഒരുങ്ങിയിരിക്കുക എന്നു കൂടി അർത്ഥമുണ്ട്. നോമ്പ് ഒരുക്കത്തിന്റെ കാലമാണ്. നോമ്പുകാലത്തെ പ്രാർത്ഥനകളും പരിത്യാഗങ്ങളും വഴി  നാം ദൈവസന്നിധിയിലേക്കുള്ള യാത്രയുടെ ഒരുക്കത്തിലാണ്. നമ്മുടെ ഈ ഒരുക്കങ്ങൾ അപരന് സന്തോഷവും, സ്വാന്തനവും പകർന്നുനല്കുന്നവയാവണം. ഒരു വിൻസെൻഷ്യന് തന്റെ ജീവിതത്തിൽ ആവശ്യമായ മൂന്നു കാര്യങ്ങളാണുള്ളത്. വിശുദ്ധി, വിവേകം, വിനയം.

സ്വജീവിതത്തിലെ വിശുദ്ധി, വിവേകപൂർവമായ തീരുമാനങ്ങൾ, വിനയപൂർവമായ പെരുമാറ്റം. ഇവ സ്വായത്തമാക്കാതെ സ്വജീവിതത്തിൽ ഉയരുവാനോ, സ്വർഗീയയാത്രക്ക് അനുരൂപരാകാനൊ നമുക്ക് സാധിക്കുകയില്ല. നോമ്പുകാലത്ത് ഓരോ വിൻസെൻഷ്യനും തങ്ങളുടെ പരിത്യാഗത്തിന്റെ നാണയത്തുട്ടുകൾ സ്വരുക്കൂട്ടി സമൂഹത്തിൽ കഷ്ടതയനുഭവിക്കുന്നവരെ സഹായിക്കുവാൻ സന്നദ്ധമാകണം. ദുരിതമനുഭവിക്കുന്നവരുടെ എണ്ണം നമ്മുടെ സമൂഹത്തിൽ അനുദിനം വർദ്ധിച്ചു വരികയാണ്. അസമത്വങ്ങളുടെ സമൂഹത്തിൽ ജീവിക്കുന്ന നമുക്ക് ഇവക്കെതിരെ ക്രിയാത്മകമായി രംഗത്തിറങ്ങുവാനുള്ള ഉത്തരവാദിത്വംകൂടിയുണ്ട്.

**ജൂബിലി പ്രവർത്തനങ്ങൾ**

മാനന്തവാടി രൂപതയുടെ ജൂബിലി ആഘോഷങ്ങളോടൊപ്പം സെന്റ് വിൻസെൻറ് ഡി പോൾ സൊസൈറ്റിയും അണിചേർന്നു പ്രവർത്തിക്കുകയാണല്ലോ. ഇതിന്റെ ഭാഗമായി ഭവനസന്ദർശനങ്ങൾ, രോഗീസന്ദർശനങ്ങൾ, പ്രാർത്ഥനാകൂട്ടായ്മകൾ എന്നിവ നാം നടത്തി വരികയാണല്ലോ. ജൂബിലി ആഘോഷങ്ങളുടെ സ്മരണാർത്ഥം രൂപതയിലെ 100 കുടുംബങ്ങൾക്ക് ആടുകളെ വാങ്ങി നല്കുന്ന പദ്ധതിയുടെ പ്രവർത്തനം മുന്നേറുകയാണല്ലോ. ഒരു കോൺഫ്രൻസ് ഒരു ആടിനെ വീതം വാങ്ങി നിർദ്ദനരായ കുടുംബത്തിന് നല്കുന്ന ഈ പദ്ധതി 2023 മാർച്ച് 31 നകം പൂർത്തിയാക്കേണ്ടതാണ്. ആറ് ലക്ഷം രൂപ ചിലവ് വരുന്ന ഈ പദ്ധതിക്ക് അതാത് എ.സി. ഭാരവാഹികൾ നേതൃത്വം നല്കേണ്ടതാണ്. തങ്ങളുടെ എ. സി. യുടെ കീഴിൽ വരുന്ന കോൺഫ്രൻസുകൾ പദ്ധതി വിഭാവനം ചെയ്ത രീതിയിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**എ.സി.നേതൃത്വസംഗമങ്ങൾ**

സി.സി.യുടെ തീരുമാനപ്രകാരം എ.സി.തലത്തിൽ കോൺഫ്രൻസ് ഭാരവാഹികളെ പങ്കെടുപ്പിച്ച് നേതൃസംഗമങ്ങൾ നടന്നു വരികയാണല്ലോ. നേതൃസംഗമങ്ങൾ ഇനിയും നടക്കാത്ത എ.സി. കളിൽ അവ എത്രയും വേഗം പൂർത്തീകരിക്കുവാൻ വേണ്ടതായ ക്രമീകരണങ്ങൾ അതാത് എ.സി. ഭാരവാഹികൾ ഒരുക്കേണ്ടതാണ്.

കല്ലോടി എ.സി. തല നേതൃസംഗമം മക്കിയാട് സെന്റ് ജൂഡ് ദൈവാലയ ഹാളിൽ നടന്നു. എ. സി. പ്രസിഡന്റ് ബ്രദർ മാത്യു പുതുപ്പറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന സംഗമം എ.സി. ആത്മീയ ഉപദേഷ്ടാവ് റവ. ഫാ.ചാണ്ടി പുനക്കാട്ട് ഉദ്ഘാടനം ചെയ്തു. ഇടവക വികാരി റവ. ഫാ. ആന്റോ ചിറയിൽപ്പറമ്പിൽ മുഖ്യസന്ദേശം നല്കി. സി.സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം സംഘടനപ്രവർത്തനങ്ങൾ അവലോകനം ചെയ്ത് സംസാരിച്ചു. സി.സി. ഭാരവാഹികളായ ബ്രദർ തങ്കച്ചൻ മേപ്പാടത്ത്, സിസ്റ്റർ റോസമ്മ അയ്യങ്കുഴയ്ക്കൽ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നല്കി.

കൊട്ടിയൂർ എ.സി. നേതൃസംഗമം ചുങ്കക്കുന്ന് ദൈവാലയ ഹാളിൽ നടന്നു. എ.സി. പ്രസിഡന്റ് ബ്രദർ സ്റ്റനിസ്ലാവോസിന്റെ അധ്യക്ഷതയിൽ ചേർന്ന സംഗമം സി.സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം ഉദ്ഘാടനം ചെയ്തു. സി.സി. സെക്രട്ടറി ബ്രദർ മാത്യു പുതുപ്പറമ്പിൽ, സി.സി. സഹരക്ഷാധികാരി ബ്രദർ ജിൽസ് എം. മേക്കൻ, എ.സി. ഭാരവാഹികളായ ബ്രദർ ഷൈജൻ തടങ്ങഴി, ബ്രദർ അലക്സാണ്ടർ കുഴിമണ്ണിൽ എന്നിവർ പ്രസംഗിച്ചു. വിവിധ കോൺഫ്രൻസ് പ്രസിഡന്റുമാർ സംഘടനാപ്രവർത്തനങ്ങൾ വിശകലനംചെയ്തു സംസാരിച്ചു.

തോണിച്ചാൽ എ.സി. നേതൃസംഗമം ദ്വാരക സെന്റ് ആന്റണീസ് ദൈവാലയ ഹാളിൽ ചേർന്നു. എ.സി. പ്രസിഡന്റ് ബ്രദർ രാജു ജോസഫ് ചൊവ്വാറ്റുകുന്നേൽ അധ്യക്ഷത വഹിച്ചു സി.സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം ഉദ്ഘാടനം ചെയ്തു.സി. സി. സെക്രട്ടറി ബ്രദർ മാത്യു പുതുപ്പറമ്പിൽ, സി. സി. സഹരക്ഷാധികാരി ബ്രദർ തങ്കച്ചൻ മേപ്പാടത്ത്, ബ്രദർ പോൾ ആലുങ്കൽ തുടങ്ങിയവർ പ്രസംഗിച്ചു. കോൺഫ്രൻസുകളുടെ പ്രവർത്തനം അവലോകനം ചെയ്തു.

നിലമ്പൂർ എ.സി.തല നേതൃസംഗമം നിലമ്പൂർ ലിറ്റിൽ ഫ്ളവർ പള്ളിഹാളിൽ നടന്നു. എ.സി. പ്രസിഡന്റ് ബ്രദർ ഷാജി മാത്യു പൂവത്താനി അധ്യക്ഷത വഹിച്ചു. ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. ബിജു തുരുത്തേൽ മുഖ്യസന്ദേശം നല്കി. സി.സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം ഉദ്ഘാടനം ചെയ്തു. സി. സി. സെക്രട്ടറി ബ്രദർ മാത്യു പുതുപ്പറമ്പിൽ സംഘടനാപ്രവർത്തനങ്ങൾ അവലോകനം

ചെയ്തു. സി.സി. വൈസ്പ്രസിഡന്റ് ബ്രദർ ജോസ് തുരുത്തിപ്പാറ, ബ്രദർ അഗസ്റ്റിൻ കടുകുമ്മാക്കൽ, ബ്രദർ തോമസ് മാത്യു മാന്തോട്ടത്തിൽ എന്നിവർ പ്രസംഗിച്ചു. കോൺഫ്രൻസ് പ്രസിഡന്റുമാർ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

മണിമൂളി എ. സി. നേതൃസംഗമം മണിമൂളി പള്ളിഹാളിൽ നടന്നു. എ.സി. പ്രസിഡന്റ് ബ്രദർ ബിജു പാലത്തിങ്കൽ അധ്യക്ഷത വഹിച്ചു. റവ. ഫാ. തോമസ് മണക്കുന്നേൽ മുഖ്യസന്ദേശം നല്കി. സി. സി. പ്രസിഡൻറ് ബ്രദർ ബാബു നമ്പുടാകം ഉദ്ഘാടനം ചെയ്തു. സി. സി. വൈസ് പ്രസിഡൻറ് ബ്രദർ ജോസ് തുരുത്തിപ്പാറ, സി.സി. സെക്രട്ടറി ബ്രദർ മാത്യു പുതുപ്പറമ്പിൽ, ബ്രദർ ജോസഫ് വടക്കെകുറ്റ്യാനി, സിസ്റ്റർ ഷീല കന്നനാനിയിൽ എന്നിവർ പ്രസംഗിച്ചു.

**മുള്ളൻകൊല്ലി എ.സി.ക്ക് പുതിയ നേതൃത്വം**

മുള്ളൻകൊല്ലി എ.സി.ക്ക് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. മുള്ളൻകൊല്ലി സെന്റ് മേരീസ് ഫൊറോന പള്ളി ഹാളിൽ ചേർന്ന തെരഞ്ഞെടുപ്പു യോഗത്തിൽ സി.സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം അധ്യക്ഷത വഹിച്ചു. ഭാരവാഹികൾ ബ്രദർ അജി വിരിപ്പാമറ്റം (പ്രസിഡന്റ്), ബ്രദർ തോമസ് കടുവനാൽ (വൈസ് പ്രസിഡന്റ്), ബ്രദർ ജോസഫ് ഐക്കരക്കാനായിൽ (സെക്രട്ടറി).

**ഓസാനംഭവൻ**

ഓസാനംഭവൻ ചെയർമാൻ ബ്രദർ ജോർജ്ജ് ആക്കാന്തിരിയുടെ അധ്യക്ഷതയിൽ ഓസാനംഭവൻ ഭരണസമിതി യോഗം ചേർന്നു. സെക്രട്ടറി ബ്രദർ വിൻസെന്റ് ജോൺ പ്രവർത്തന റിപ്പോർട്ടും, ട്രഷറർ ബ്രദർ മാത്യു കന്നുകെട്ടിയിൽ വരവ് ചിലവ് കണക്കുകളും അവതരിപ്പിച്ചു. യോഗം ഇവ അംഗീകരിച്ചു. സി.സി. മുൻ ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര സന്ദേശം നല്കി.

സ്നേഹപൂർവം

**റവ. ഫാ. ജോജോ കുടക്കച്ചിറ**

(സി.സി. ആത്മീയ ഉപദേഷ്ടാവ്)

**ബ്രദർ ബാബു നമ്പുടാകം**

(സി.സി. പ്രസിഡന്റ്)

## സാമൂഹ്യ സേവനരംഗം (WSSS)

**ഭവനങ്ങളുടെ വെഞ്ചിരിപ്പ് നടത്തി.**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് നിർമ്മിച്ച് നൽകിയ ഭവനങ്ങളുടെ വെഞ്ചിരിപ്പ് കർമ്മം മാനന്തവാടി രൂപത അദ്ധ്യക്ഷൻ ബിഷപ്പ് മാർ ജോസ് പൊരുന്നേടം നിർവ്വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സീറോ മലബാർ കൾച്ചറൽ അസോസിയേഷൻ കുവൈറ്റുമായി സഹകരിച്ച് 02 ഭവനങ്ങൾ ആണ് പൂർത്തീകരിച്ചത്. പള്ളിക്കുന്ന് ഇടവകയിലെ ജോയി കെ പ്ലാശനാൽ, വിളമ്പുകണ്ടം ഇടവകയിലെ ഷനിൽ തോട്ടത്തിൽ എന്നിവർക്കാണ് വീടുകൾ നിർമ്മിച്ചു നൽകിയത്. വെഞ്ചിരിപ്പ് കർമ്മത്തിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, ഇടവക വികാരികൾ, സീറോ മലബാർ കൾച്ചറൽ അസോസിയേഷൻ, കുവൈറ്റ് പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. ഇതോടെ മാനന്തവാടി രൂപതയുടെ ജൂബിലിയോടനുബന്ധിച്ചു 57 ഭവനങ്ങൾ നിർമ്മിച്ച് നൽകുവാൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് സാധിച്ചു.

**പഠനയാത്ര നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ മട്ടിലയം, പൊർലോം നീർത്തട പ്രദേശങ്ങളിൽ നടപ്പിലാക്കിവരുന്ന സമഗ്ര നീർത്തട വികസന പദ്ധതിയുടെ ഭാഗമായി നീർത്തട കമ്മിറ്റി അംഗങ്ങൾക്ക് വേണ്ടി പഠനയാത്ര സംഘടിപ്പിച്ചു. തൃശൂർ കാർഷിക സർവ്വകലാശാലയിലേക്ക് നടത്തിയ പഠനയാത്രയിൽ മട്ടിലയം, പൊർലോം നീർത്തട കമ്മിറ്റിയിലെ അംഗങ്ങൾ പങ്കെടുത്തു. പഠനയാത്രയ്ക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി. എ, കോ-ഓർഡിനേറ്റർ ദീപു ജോസഫ് എന്നിവർ നേതൃത്വം നൽകി.

**ശില്പശാല നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സാമൂഹ്യ സുരക്ഷാ വാരാചരണത്തിന്റെ ഭാഗമായി ശില്പശാല നടത്തി. ശില്പശാല വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഫിനാൻഷ്യൽ ലിറ്ററസി കൗൺസിൽ ശ്രീ.സുബ്രമണ്യൻ ക്ലാസുകൾക്ക് നേതൃത്വം നൽകി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്പി. എ, കോ-ഓർഡിനേറ്റർ മിനി ഉണ്ണി കൃഷ്ണൻ, ഷീന ആന്റണി, എന്നിവർ സംസാരിച്ചു. ശില്പശാലയിൽ പങ്കെടുത്തവർ വിവിധ സുരക്ഷാ പദ്ധതികളിൽ അംഗത്വം എടുത്തു.

**SWS മീറ്റിംഗ്**

തവിഞ്ഞാൽ, ആലാറ്റിൽ, മുതിരേരി, പോരൂർ, പാറത്തോട്ടം, പുതിയിടം,ജൂഡ്സ്മൗണ്ട്, അരിഞ്ചേർമല, കരിമ്പിൽ, വലിയകൊല്ലി, നടവയൽ, കണിയാരം, തൃശിലേരി, ചെറുകാട്ടൂർ, പയ്യംപള്ളി, ഒണ്ടയങ്ങാടി, പാടിച്ചിറ, സീതാമൗണ്ട്, ഒഴുക്കന്മൂല, കുറുമണി, പട്ടാണിക്കൂപ്പ് എന്നിവിടങ്ങളിൽ സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ യൂണിറ്റ് മീറ്റിംഗുകൾ നടത്തി. ഫാ. ജോസ് കൊച്ചറക്കൽ, ഫാ. സണ്ണി മഠത്തിൽ, സി. മെറീന FCC, സി. ലിറ്റിൽ ഫ്ളവർ, ജോയി തവിഞ്ഞാൽ എന്നിവർ സംസാരിച്ചു. റീജിയണൽ കോഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി, സുജ മാത്യു എന്നിവർ നേതൃത്വം നൽകി.

**സോപ്പുല്പന്നങ്ങളുടെ നിർമ്മാണ പരിശീലനം**

തവിഞ്ഞാൽ, കൃപാലയ പുൽപ്പള്ളി, കുറുമണി, തൃശ്ശിലേരി, മാനന്തവാടി എന്നിവിടങ്ങളിൽ റീജിയണൽ കോഡിനേറ്റർമാരുടെ നേതൃത്വത്തിൽ സോപ്പുല്പന്നങ്ങളുടെ നിർമ്മാണ പരിശീലനം നൽകി.

**ടൂർ പ്രോഗ്രാം**

പയ്യംപള്ളി സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ കോഴിക്കോട്,കൊണ്ടോട്ടി എന്നിവിടങ്ങളിലേക്ക് വിനോദയാത്ര പോയി.

**ആട് വിതരണം**

ചെറുകാട്ടൂർ SWSന്റെ നേതൃത്വത്തിൽ ആട് വിതരണം നടത്തി.

**SHG രൂപീകരണം**

തൃശിലേരി, മുത്തുമാരി, തലപ്പുഴ, കബനിഗിരി, സുരഭിക്കവല എന്നിവിടങ്ങളിലായി 2 പുതിയ JLG യും 3 SHG യും രൂപീകരിച്ചു.

**കുടുംബോദ്ധാരണ പ്രവർത്തനങ്ങൾ**

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ പദ്ധതിയുടെ റീജിണൽ പ്രോഗ്രാം ഓഫീസർ ശ്രീ. മനു ജോസഫ് നമ്മുടെ രൂപതയിൽപ്പെട്ട കുടുംബങ്ങൾ സന്ദർശിച്ച് അവരുടെ പ്രവർത്തനങ്ങളും വളർച്ചയും വിലയിരുത്തി.കോവിഡ് റീഹാബിലിറ്റേഷൻ പദ്ധതി രണ്ടാംഘട്ടത്തിൽ തിരഞ്ഞെടുത്ത കുടുംബങ്ങളുടെ അനുഭവസമ്പത്തും പദ്ധതി നടപ്പിലാക്കുവാനുള്ള സൗകര്യങ്ങളും താത്പര്യവും വിലയിരുത്തി.

2022-23 സാമ്പത്തിക വർഷത്തെ ധനസഹായം വിതരണം ചെയ്തുതുടങ്ങി. 128 കുടുംബങ്ങൾക്ക് ധനസഹായം ലഭിച്ചു.

**സമൃദ്ധകുടുംബം**

സമൃദ്ധകുടുംബം പദ്ധതിയിൽ ഉൾപ്പെട്ട കുടുംബങ്ങളുടെയും അർദ്ധവാർഷിക ധനസഹായം വിതരണം ചെയ്തു. ബഹുമാനപ്പെട്ട ഡയറക്ടർ ഫാ. പോൾ കൂട്ടാലയുടെ നേതൃത്വത്തിൽ ചുങ്കക്കുന്ന്, തരിയോട്, ബത്തേരി മേഖലകളിൽ മീറ്റിംഗ് വിളിച്ചുകൂട്ടുകയും കുടുംബങ്ങൾ സന്ദർശിച്ച് അവരുടെ പ്രവർത്തനങ്ങളും പുരോഗതിയും വിലയിരുത്തുകയും ചെയ്തു.

**കേരള ലേബർ മൂവ്മെന്റ്**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും വേണ്ടി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു. കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായ സ്വാവലംബന്റെ 2022-23 വർഷത്തെ പുതുക്കൽ നടപടി പൂർത്തിയായി. ജന്മവർഷം 1963 വരെ ഉള്ളവരുടെ ഫണ്ട് പിൻവലിക്കാനുള്ള നടപടിക്രമങ്ങൾ 2023 മാർച്ചിന് ശേഷം ആരംഭിക്കുന്നതാണ്. ക്ഷേമനിധിയിൽ അംഗത്വമെടുത്ത 02 അംഗങ്ങൾക്ക് വിവാഹധനസഹായം 10000 രൂപ വീതം ലഭിച്ചു.

നിർമ്മാണ തൊഴിലാളി, കർഷകതൊഴിലാളി ക്ഷേമനിധി എന്നിവയിൽ അംഗത്വമെടുത്തവരുടെ വാർഷിക പുതുക്കൽ നടപടി ആരംഭിച്ചു. മാർച്ച് 31ന് ഉള്ളിൽ പൂർത്തിയാകും.

WSSSൽ നടന്ന സാമൂഹ്യസുരക്ഷാ പദ്ധതികളുടെ ബോധവത്ക്കരണ പരിപാടിയിൽ ക്ഷേമനിധി അംഗങ്ങൾ പങ്കെടുക്കുകയും PMJSBY, PMJJBY എന്നീ പദ്ധതികളിൽ അംഗത്വമെടുക്കുകയും ചെയ്തു.

കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ നടത്തുന്ന DESIRE PROJECT ന്റെ ഭാഗമായി ശാരീരിക പരിമിതിയുള്ള 25 കുട്ടികൾക്ക് WHEEL CHAIR-6, COMMODE STOOL-5, WALKER WITHOUT WHEEL-1, WALKER WITH WHEEL-2, ADULTS DIAPER MEDIUM-10 ADULT DIAPER L-1 എന്നിവ നൽകി. പ്രസ്തുത പരിപാടി സുൽത്താൻ ബത്തേരി പോലീസ് സ്റ്റേഷൻ ASI MR. SUNNY JOSEPH ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. പോൾ കൂട്ടാല അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സി. ജെസ്സി മാങ്കോട്ടിൽ സ്വാഗതവും സി. ക്ലെയർ നന്ദിയും അറിയിച്ചു. സി. ടീന, KLM കോഡിനേറ്റർ മിനി, സോനു, പാർവ്വതി, സൂര്യ എന്നിവർ നേതൃത്വം നൽകി.

**ജീവസ് ഇൻഷൂറൻസ്**

മാനന്തവാടി രൂപതയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി നടത്തപ്പെടുന്ന ഒരു കുടുംബാരോഗ്യ പദ്ധതിയാണ് ജീവസ് ഇൻഷൂറൻസ്. 131 ക്ലെയിമുകളിൽ നിന്നായി 1303969 രൂപ പാസായി. പുതിയ നിയമം അനുസരിച്ച് സ്റ്റാർ ഹെൽത്തിന്റെ ക്ലെയിം ലഭിക്കുന്നതിന് KYC അപ്ഡേറ്റ് ചെയ്യുന്നതിന് പ്രൊപ്പോസറുടെ ബാങ്ക് പാസ്ബുക്ക്, ഫോട്ടോ, ആധാർ, പാൻകാർഡ് എന്നിവയുടെ കോപ്പി ഇൻഷൂറൻസ് ഓഫീസിൽ കൊടുക്കേണ്ടതാണ്.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം സഹജീവികൾക്ക് പകർന്നുകൊടുക്കുവാനുതകുന്ന തരത്തിൽ സാമൂഹികക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശ പകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തതയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**ഇവാലുവേഷൻ മീറ്റിംഗ്**

നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്കു കീഴിൽ വരുന്ന വിവിധ യൂണിറ്റുകളുടെ പ്രവർത്തന വിലയിരുത്തൽ മീറ്റിംഗ് 11.02.2023 ശനിയാഴ്ച NDS ഡയറക്ടർ ബിനോയ് കാശാംകുറ്റിയിലിൽ അച്ചന്റെ നേതൃത്വത്തിൽ NDS ഓഫീസിൽ വച്ച് നടന്നു. മീറ്റിങ്ങിന് NDS ഡയറക്ടർ ഡയറക്ടർ ഫാ. ബിനോയ് കാശാംകുറ്റിയിൽ അധ്യക്ഷത വഹിച്ചു. NDS അസിസ്റ്റന്റ് ഡയറക്ടർ അനൂപ് കൊല്ലംകുന്നേൽ, NDS ട്രെയ്നെർ ശ്രീ ജൂഡ് മാർട്ടിൻ എന്നിവർ സന്നിഹിതരായിരുന്നു. NDSന്റെ വിവിധ യൂണിറ്റുകളിൽ നിന്നും വന്ന ഭാരവാഹികൾ തങ്ങളുടെ യൂണിറ്റുകളുടെ കഴിഞ്ഞ രണ്ടു മാസത്തെ പ്രവർത്തന റിപ്പോർട്ട് കണക്കുകളും വായിച്ചു അവതരിപ്പിച്ചു. തുടർന്ന് ഡയറക്ടർ ഫാ. ബിനോയ് കാശാംകുറ്റിയിൽ നിലവിൽ PMEGP സ്കീം വഴി ലഭിച്ച ലോണുകൾ, ഇനി ലഭിക്കാനുള്ള ലോണുകൾ സബ്സിഡിക്കു അപേക്ഷിച്ച ലോണുകൾ എന്നീ വിവരങ്ങൾ എത്രയും വേഗം NDS ഓഫീസിൽ എത്തിക്കണമെന്നും അറിയിച്ചു. ലോക വനിതാദിനത്തെക്കുറിച്ചും ചർച്ചകൾ നടത്തി. NDS നു കീഴിലുള്ള എല്ലാ യൂണിറ്റുകളിലും ലോക വനിതാദിനം വിപുലമായി ആഘോഷിക്കുന്നതിനും തീരുമാനിച്ചു.

**മനു നീതി ദിനം**

നീലഗിരി ജില്ലാ പന്തല്ലൂർ താലൂക്ക് അയ്യൻകൊല്ലി ഗ്രാമം, നെല്ലിമാട് സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് 14.02.2023 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് മനു നീതി ദിനം പരിപാടി ഗൂഡല്ലൂർ Revenue Divisional Officer (RDO) ശ്രീ. മുഹമ്മദ് കുതറത്തുള്ള അധ്യക്ഷതയിൽ

നടന്നു. ഗൂഡല്ലൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പൊൻദോസ്, ചേരങ്കോട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ലില്ലി ഏലിയാസ്, കാനറാ ബാങ്ക് LDM, ശ്രീ. സത്യരാജാ, തുടങ്ങിയ പ്രമുഖർ, മറ്റു ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു. NDS കൽപ്ര യൂണിറ്റിലെ അംഗങ്ങൾക്ക് ചേരങ്കോട് പഞ്ചായത്തിൽ കൊളപ്പള്ളി കാനറാ ബാങ്ക് വഴിയുള്ള സബ്സിഡി ലോണുകൾ വിതരണം ചെയ്തു. അതോടൊപ്പം മറ്റു ഇതര സർക്കാർ ആനുകൂല്യ പദ്ധതികളുടെ വിതരണവും നടത്തപ്പെട്ടു.

## PMEGP SUBSIDY

PMEGP പദ്ധതി മൂലം നൽകപ്പെട്ട വിവിധ ലോണുകളുടെ സബ്സിഡി ഓൺലൈനായി അപേക്ഷിക്കുന്നതിന്റെ ഭാഗമായി, ലോണുകൾ നൽകപ്പെട്ട, കയ്യൂന്നി, പനഞ്ചിറ, കൊട്ടാട്, കൽപ്ര , മൺവയൽ, ബോസ്പാറ തുടങ്ങിയ യൂണിറ്റുകളിലെ 70 ഓളം വീടുകളിൽ NDS ടീം നേരിട്ട് സന്ദർശിച്ചു. സാഹചര്യങ്ങൾ വിലയിരുത്തി അർഹമായ അപേക്ഷകർക്ക് സബ്സിഡി ബോർഡുകൾ വെച്ച് ഫോട്ടോസ് എടുത്തു അതാതു ബാങ്കുകൾക്ക് കൈമാറി. ഗുണഭോക്താക്കൾക്കുള്ള സബ്സിഡി നൽകി വരുന്നു.

## ANNUAL REPORT

നീലഗിരീസ് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ചുള്ള വാർഷിക റിപ്പോർട്ട് പൂർത്തീകരിച്ചു. അതോടൊപ്പം ഫാർമേഴ്സ് പ്രൊഡ്യൂസർകമ്പനിക്കുള്ള(FPO)പ്രൊപോസലും,MEDPബീകീപ്പിങ്പ്രൊപ്പോസലും പൂർത്തീകരിച്ചു. ഇവ നബാർഡിനു കൈമാറാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## സോഷ്യൽ സർവീസ് ഡയറക്ടർമാരുടെ ട്രെയിനിങ്

മാനന്തവാടി രൂപതയുടെ സോഷ്യൽ സർവീസ് വിഭാഗത്തിൽ പ്രവർത്തിക്കുന്ന, ഡയറക്ടർമാരുടെ ട്രെയിനിങ് 2023 ഫെബ്രുവരി 2,3 തീയതികളിൽ, മാനന്തവാടിയിലുള്ള വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഓഫീസിൽ വച്ച് നടന്നു. പ്രസ്തുത ട്രെയിനിങ്ങിൽ എൻ.ഡി.എസിനെ പ്രതിനിധീകരിച്ച്, ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ പങ്കെടുത്തു.സാമൂഹിക സേവന മേഖലയിൽ പ്രവർത്തിക്കുന്ന, പ്രസ്ഥാനങ്ങളിൽ സംഭവിക്കുന്ന കാലികമായ മാറ്റങ്ങൾ, നിയമവിഷയങ്ങൾ എന്നിവയെക്കുറിച്ചും, ഓഡിറ്റിംഗ് ഇങ്കം ടാക്സ് വിഷയങ്ങൾ, എന്നീ മേഖലകളിൽ, ശ്രദ്ധിക്കേണ്ടതിനെപ്പറ്റിയും, സാമൂഹിക മേഖലയിലെ പുതിയ പദ്ധതികൾ, എന്നിവ

യെക്കുറിച്ച് ഉപകാരപ്രദമായ ട്രെയിനിംങ്ങുകൾ നടന്നു. പ്രശസ്ത കോർപ്പറേറ്റ്/NGO കൺസൾട്ടന്റ് ശ്രീ. സിബി ജോർജ് ക്ലാസുകൾക്ക് നേതൃത്വം നൽകി.

## GOAT INSURANCE:

LEDP പദ്ധതിയുടെ ഭാഗമായി PMEGP പദ്ധതി മൂലം ആട് ലോണുകൾ എടുത്ത ഗുണഭോക്താക്കളുടെ ആടുകൾക്ക് ഇൻഷുറൻസ് എടുക്കുന്നതിനു വേണ്ടി, ബജാജ് ഇൻഷുറൻസ്, ഇഫ്കോ ടോക്കിയോ ഇൻഷുറൻസ് തുടങ്ങിയ ഇൻഷുറൻസ് ഏജൻസികളുടെ പ്രതിനിധികൾ NDS ഓഫീസിൽ NDS ഡയറക്ടർ ഫാ. ബിനോയ് കാശാംകുറ്റിയിലുമായി കൂടിക്കാഴ്ച നടത്തി. വരും ദിവസങ്ങളിൽ മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് തങ്ങളുടെ ആടുകൾ ഇൻഷുർ ചെയ്യുന്നതിനുള്ള സൗകര്യം NDS ഒരുക്കുമെന്ന് ഡയറക്ടർ അറിയിച്ചു.

**ദേശീയ ജീവൻ മിഷൻ :**

ദേശീയ ജൽ ജീവൻ മിഷൻ മലപ്പുറം ജില്ലയിലെ എടവണ്ണ, ഊർങ്ങാട്ടിരി എന്നീ പഞ്ചായത്തുകളിലെ ISA പ്രവർത്തനങ്ങൾ വിജയകരമായി നടന്നുവരുന്നു. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തേണ്ടുന്ന പഞ്ചായത്തിന് കീഴിൽ വിവിധ സ്കൂളുകളിൽ ജലശ്രീ ക്ലബ്ബ്കളുടെ രൂപീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. എടവണ്ണ, ഊർങ്ങാട്ടിരി പഞ്ചായത്തുകളിലെ തച്ചണ്ണ, ചളിപ്പാടം, ചെമ്പക്കുത്ത്, പത്തപ്പിരിയം, കൂത്തുപറമ്പ് കുണ്ടുതോട്, മൂർക്കനാട് തുടങ്ങിയ സ്ഥലങ്ങളിലെ 12 ഓളം സ്കൂളുകളിൽ ജലശ്രീ ക്ലബ്ബുകൾ രൂപീകരിച്ചു. തുടർന്ന് വരുന്ന ദിവസങ്ങളിൽ സ്കൂളുകളുടെ ഡേറ്റ് കിട്ടുന്ന മുറക്ക് ജലശ്രീ ക്ലബ് രൂപീകരണം നടക്കുമെന്ന് അറിയിക്കുന്നു. അതോടൊപ്പം എടവണ്ണ, ഊർങ്ങാട്ടിരി പഞ്ചായത്തുകളിലെ SHG മെമ്പേഴ്സിന് നൽകേണ്ടുന്ന ജൽജീവൻ അവബോധ പരിശീലന പരിപാടികളും പൂർത്തീകരിച്ചു.തുടർന്ന് വരുന്ന ദിവസങ്ങളിൽ പഞ്ചായത്തുകളിൽ ഗ്രാമസഭകളും അതോടൊപ്പം, മറ്റു വിവിധ ആക്ടിവിറ്റികളും നടക്കുമെന്ന് അറിയിക്കുന്നു. ഇനിയും മുന്നോട്ടുള്ള പ്രയാണത്തിൽ ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖമായി മാറുവാൻ നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് സാധിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ട്

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**

ഡയറക്ടർ, NDS

# ബയോവിൻ അഗ്രോ റിസർച്ച്

(ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതിയും അനുബന്ധ മേഖലകളും)

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 18218 കർഷകരാണ് 1099 ഗ്രൂപ്പുകളിലായി (48 ICS- Internal cotnrols ystem) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**NPOP ഓഡിറ്റ് പൂർത്തീകരിച്ചു**

WSSS 02, WSSS ഇടവക, WSSS തൊണ്ടർനാട്, WSSS അമ്പലവയൽ, WSSS നെല്ലാക്കോട്ട ICSകളിൽ പുതിയ സർട്ടിഫിക്കേഷൻ ഏജൻസിയായ റിലയബിൾ ഓർഗാനിക് സർട്ടിഫിക്കേഷൻ ഓർഗനൈസേഷൻ (ROCO) യിൽ നിന്നുള്ള ഓഡിറ്റ്, കോർഡിനേറ്റർ ശ്രീ .ജോബി വർഗീസിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ചു. ഓഡിറ്റർമാരായ സ്റ്റാൻലി ജോൺസ്, ശ്രീ. രാകേഷ് എന്നിവർ ഓഡിറ്റിന് നേതൃത്വം നൽകി.

**ഇന്റേർണൽ ഇൻസ്പെക്ടർ ട്രെയിനിങ് സംഘടിപ്പിച്ചു**

ജനുവരി മാസം 25, 26 തീയ്യതികളിലായി പദ്ധതിയിലുൾപ്പെടുന്ന എല്ലാ പഞ്ചായത്തുകളിലേയും നിലവിലുള്ളവരും പുതുതായി ചേർന്നവരുമായ മുഴുവൻ ഇന്റേർണൽ ഇൻസ്പെക്ടർമാർക്കുമായി പരിശീലനം സംഘടിപ്പിച്ചു. ബയോവിൻ അഗ്രോ റിസേർച്ചിൽ വച്ച് നടന്ന ദ്വിദിന പരിശീലനത്തിൽ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ, ശ്രീ. ഷാജി ജോസ്, ശ്രീമതി. രമ്യ, ശ്രീ. അനു ജോൺ എന്നിവർ നേതൃത്വം നൽകി.

കേണിച്ചിറ സെന്റ്. സ്റ്റീഫൻ പാരിഷ് ഹാളിൽ വച്ച് നടന്ന പരിശീലനത്തിൽ ശ്രീ. ജോബി വർഗീസ്, ശ്രീ. എൽദോ, ശ്രീമതി സുജ ജോയ് എന്നിവർ നേതൃത്വം നൽകി.

ജൈവ കൃഷി സാക്ഷ്യപത്ര പദ്ധതിയുടെ അടിസ്ഥാന മാന ദണ്ഡങ്ങൾ, കൃഷിയിടങ്ങളിൽ പരിശോധന നടത്തേണ്ട വിധം, കർഷക രിൽ നിന്നും ശേഖരിക്കേണ്ട വിവരങ്ങൾ തുടങ്ങിയ വിഷയങ്ങളി ലാണ് പരിശീലനം നടത്തിയത്. ഫീൽഡ് കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ കൃഷിയിടങ്ങൾ സന്ദർശിച്ച് പ്രായോഗിക പരിശീ ലനവും നടന്നു.

**NAPP പരിശീലനത്തിൽ പങ്കെടുത്തു**

നെറ്റ്വർക്ക് ഓഫ് ഏഷ്യ പസഫിക് പ്രൊഡ്യൂസേഴ്സ് കോഫി പ്രൊജെക്റ്റുമായി ബന്ധപ്പെടുത്തി പനമരത്ത് സംഘടിപ്പിച്ച പരിശീ ലന പരിപാടിയിൽ ബയോവിൻ അസോസിയേറ്റ് ഡയറക്ടർ ഫാ. ബിനു പൈനുങ്കൽ, ശ്രീ. ഷാജി ജോസ്, കർഷകരായ ശ്രീ. ചാക്കോ ചെറുപ്ലാവിൽ, ശ്രീ. ജോൺസൻ, ശ്രീ. തോമസ് എന്നിവർ പങ്കെടുത്തു.

**ഫാം ഡയറി വിതരണം**

കർഷകർക്ക് നൽകിയിരുന്ന ഫാം ഡയറിയുടെ കാലാവധി കഴി ഞ്ഞതിനെത്തുടർന്ന് തുടർന്ന് പുതിയ ഫാം ഡയറികളുടെ വിത രണം പൂർത്തീകരിച്ചു.

**സംഭരണം**

ജനുവരി മാസം പദ്ധതിയിൽ അംഗങ്ങളായ കർഷകരിൽ നിന്നും 134366 കിലോ കാപ്പി കിലോയ്ക്ക് 95 രൂപ നിരക്കിൽ സംഭരിച്ചു.

**ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ ജനുവരി മാസത്തിലും കാപ്പി, മഞ്ഞൾ, കുരുമുളക് തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പ ന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനി കൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

## റേഡിയോ ദിനാചരണവും അവാർഡ് ജേതാക്കളെ ആദരിക്കലും

ഫെബ്രുവരി 13 ലോക റേഡിയോ ദിനത്തോടനുബന്ധിച്ച് റേഡിയോ മാറ്റൊലി റേഡിയോ ദിനാചരണവും അവാർഡ് ജേതാക്കളെ ആദരിക്കലും സംഘടിപ്പിച്ചു. ഫെബ്രുവരി 11 ന് ആണ് പരിപാടി സംഘടിപ്പിച്ചത്. മാനന്തവാടി രൂപതാ സഹായമെത്രാൻ മാർ അലക്സ് താരാമംഗലം പരിപാടി ഉദ്ഘാടനം ചെയ്തു. എടവക ഗ്രാമപഞ്ചായത്ത് പ്രസിഡൻറും മാറ്റൊലി മാനേജിംഗ് കമ്മിറ്റി അംഗവുമായ എച്ച്. ബി പ്രദീപ് മാസ്ററർ അധ്യക്ഷത വഹിച്ച ചടങ്ങിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി സ്വാഗതവും മാനേജിംഗ് കമ്മിറ്റി അംഗം ജോസ് കുരിശിങ്കൽ നന്ദിയും പറഞ്ഞു. വിവിധ മേഖലകളിൽ പുരസ്കാരത്തിനർഹരായവരേയും ചടങ്ങിൽ ആദരിച്ചു. ഭാരതത്തിന്റെ പരമോന്നത ബഹുമതിയായ പത്മശ്രീ പുരസ്കാരം നേടിയ ചെറുവയൽ രാമൻ, സംസ്ഥാന ജൈവവൈവിധ്യ സംരക്ഷകനുള്ള സസ്യജാലം അവാർഡ് ജേതാവ് എ. ബാലകൃഷ്ണനൻ കമ്മന, വയനാട് സാഹിത്യോത്സവത്തിലൂടെ വയനാടിന് സാഹിത്യഭൂപടത്തിൽ ഇടം നൽകിയ ഡോ. വിനോദ് കെ ജോസ്, പ്രതിഭാസ വിശകലന ദർശനത്തിൽ ഡോക്ടറേറ്റ് നേടിയ ഫാ. സജി തോമസ് കാട്ടാംകോട്ടിൽ, സംസ്ഥാന ക്ഷീരവകുപ്പിന്റെ മാധ്യമപുരസ്കാരം ശ്രവ്യ മാധ്യമ വിഭാഗത്തിൽ സ്വന്തമാക്കിയ ശ്രീകാന്ത് കെ. കൊട്ടാരത്തിൽ, സംസ്ഥാന കൃഷി വകുപ്പിന്റെ ഹരിതമുദ്ര പുരസ്കാരത്തിനർഹയായ സ്മിത ജോൺസൺ, എന്നിവരെയാണ് ചടങ്ങിൽ ആദരിച്ചത്. റേഡിയോ മാറ്റൊലി പ്രക്ഷേപണ പരിപാടികളായ സുദിനം, ഇന്നലെകളിൽ ഇന്ന് എന്നിവയുടെ യൂട്യൂബ് വീഡിയോ ലോഞ്ചിംഗും നടത്തി. മാനന്തവാടി തഹസിൽദാർ എം. ജെ അഗസ്റ്റിൻ, എടവക പഞ്ചായത്ത് മെമ്പർമാരായ ശിഹാബ് ആയത്ത്, സി. എം സന്തോഷ്, മാനേജ്മെൻറ് കമ്മിറ്റി അംഗങ്ങൾ, എക്സ്പെർട്ട് വോളണ്ടിയേഴ്സ് തുടങ്ങിയവർ പരിപാടിയിൽ സംബന്ധിച്ചു.

**കേൾക്കാം നേടാം**

ഫെബ്രുവരി 13 ലോക റേഡിയോ ദിനത്തോടനുബന്ധിച്ച് റേഡിയോ മാറ്റൊലി കേൾക്കാം നേടാം എന്ന പേരിൽ ക്വിസ് മത്സരം സംഘടിപ്പിച്ചു. റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്ത പ്രോഗ്രാമുകളിൽ നിന്നും ചോദിക്കുന്ന ചോദ്യങ്ങളായിരുന്നു മത്സരത്തിൽ ഉൾപ്പെടുത്തിയിരുന്നത്. വിജയികളായവർക്കുള്ള സമ്മാന വിതരണം ഫെബ്രുവരി 11 ന് നടത്തി.

**ഞാനും എന്റെ റേഡിയോയും ഫോട്ടോഗ്രാഫി മത്സരം**

ലോക റേഡിയോ ദിനത്തോടനുബന്ധിച്ച് റേഡിയോ മാറ്റൊലി ഞാനും എന്റെ റേഡിയോയും എന്ന പേരിൽ റേഡിയോ ശ്രോതാക്കൾക്കായി ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിച്ചു. ശ്രോതാക്കൾ റേഡിയോ കേൾക്കുന്ന ഇടങ്ങളെ അടിസ്ഥാനമാക്കിയായിരുന്നു മത്സരം. അർജുൻ ജിത്ത് ദ്വാരക ഒന്നാം സ്ഥാനത്തിനും ഓമന കേണിച്ചിറ രണ്ടാം സ്ഥാനത്തിനും അർഹരായി. വിജയികൾക്ക് യഥാക്രമം 1001, 501 രൂപ ക്യാഷ് പ്രൈസ് നൽകി.

**മാനേജ്മെന്റ് കമ്മിററി മീററിംഗ്**

റേഡിയോ മാറ്റൊലി മാനേജ്മെന്റ് കമ്മിററി മീററിംഗ് ഫെബ്രുവരി 11 ന് 2.30 ന് മാറ്റൊലിയിൽ വെച്ച് ചേർന്നു.

**കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ ആദരം**

അന്താരാഷ്ട്ര റേഡിയോ ദിനത്തോടനുബന്ധിച്ച് വയനാട് കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയെ കെ.സി.വൈ.എം മാനന്തവാടി രൂപത ആദരിച്ചു. സംസ്ഥാന ക്ഷീരവകുപ്പിന്റെ മാധ്യമപുരസ്കാരം ശ്രവ്യ മാധ്യമവിഭാഗത്തിൽ സ്വന്തമാക്കിയ ശ്രീകാന്ത് കെ കൊട്ടാരത്തിലിന് മൊമന്റോ നൽകി ആദരിച്ചു. രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ, ആനിമേറ്റർ സി.സാലി ആൻസ് സി. എം.സി, രൂപതാ പ്രസിഡന്റ് ജസ്റ്റിൻ നീലംപറമ്പിൽ എന്നിവർ നേതൃത്വം നൽകി.

**തത്സമയ ഫോൺ ഇൻ പരിപാടി**

ലോക ക്യാൻസർ ദിനാചരണത്തിന്റെ ഭാഗമായി ജനുവരി 25 ന് ക്യാൻസർ അറിയേണ്ടതെല്ലാം എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ഉച്ചകഴിഞ്ഞ് 2 മുതൽ 3 വരെ നടന്ന തത്സമയ ഫോൺ ഇൻ പരിപാടിയിൽ നല്ലൂർനാട് ക്യാൻസർ സെന്റർ ജൂനിയർ കൺസൾട്ടന്റ് (റേഡിയേഷൻ ഓങ്കോളജി) ഡോ. രാജേഷ് ആർ. ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

അശ്വമേധം പദ്ധതിയുടെ ഭാഗമായി കുഷ്ഠരോഗം ലക്ഷണങ്ങളും ചികിത്സയും എന്ന വിഷയത്തിൽ ജനുവരി 27 ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ജില്ലാ ലെപ്രസി ഓഫീസർ ഡോ. സാവൻ സാറാ മാത്യൂ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**റേഡിയോ സെറ്റ് വിതരണം**

തരിയോട് സെന്റ് മേരീസ് യു. പി സ്കൂളിന് റേഡിയോ സെറ്റ് വിതരണം ചെയ്തു. ഫെബ്രുവരി 3 ന് സ്കൂളിൽ വെച്ച് നടന്ന ചടങ്ങിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി റേഡിയോസെറ്റ് വിതരണം ചെയ്തു.

**പഠന സന്ദർശനം**

എടക്കര ഗവ. ഹയർസെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾ ജനുവരി 20 നും മുട്ടിൽ ഡബ്ല്യൂ. എം.ഓ സ്കൂളിൽ നിന്നും ഫെബ്രുവരി 1 നും മലപ്പുറം സഫ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് വിദ്യാർത്ഥികൾ 06 നും കണ്ണൂർ കതിരൂർ ഗവ. ഹയർസെക്കറി സ്കൂൾ വിദ്യാർത്ഥികൾ 17 നും പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

**ഗ്രാമമാറ്റൊലി**

ചീക്കല്ലൂർ ഗ്രാമത്തിൽ ജനുവരി 25 ന് ഗ്രാമമാറ്റൊലി സംഘടിപ്പിച്ചു. പ്രദേശത്തെ ആളുകളെ സംഘടിപ്പിച്ച് വിവിധ പ്രോഗ്രാമുകൾ റെക്കോർഡ് ചെയ്തു.

**നാരോകാസ്റ്റ്**

ജനുവരി 30 ന് വാളാട് ഇല്ലത്തുംവയൽ പ്രദേശത്തും 31 ന് തലപ്പുഴ ഇടിക്കരയിലും കൾച്ചറൽ സർവൈവൽ പ്രോഗ്രാമിന്റെ ഭാഗമായി നാരോകാസ്റ്റ് നടത്തി.

***പങ്കാളിത്തം***

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസ് ക്ലബ്ബും വനം വകുപ്പുമായി ചേർന്ന് ജില്ലയിലെ മാധ്യമ പ്രവർത്തകർക്കായി മുത്തങ്ങയിൽ സംഘടിപ്പിച്ച ശില്പശാലയിലും ജംഗിൾ സഫാരിയിലും റേഡിയോ മാറ്റൊലിയെ പ്രതിനിധീകരിച്ച് റെനീഷ് ജോർജ് പങ്കെടുത്തു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

# ജീസസ് ഫ്രട്ടേണിറ്റി വാർത്തകൾ

**റിപ്പബ്ലിക് ദിനാഘോഷം**

ഞാൻ കാരാഗൃഹത്തിലായിരുന്നു നിങ്ങൾ എന്നെ സന്ദർശിച്ചു എന്ന ക്രിസ്തു വചനം മനസ്സിൽ സൂക്ഷിച്ചു ചെറുപുഷ്പ മിഷൻലീഗ് ചിത്രഗിരി ശാഖയുടെ ആഭിമുഖ്യത്തിൽ വൈത്തിരി സ്പെഷ്യൽ സബ് ജയിലിൽ റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ചു വിവിധ പരിപാടികൾ അവതരിപ്പിച്ചു. പരിപാടികൾക്ക് ശാഖ ഡയറക്ടർ റവ. ഫാദർ ജെയ്സൺ കള്ളിയാട്ട്, ജിസസ് ഫ്രട്ടേണിറ്റി ഡയറക്ടർ ഫാ. ടോമി പുത്തൻപുരക്കൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ശാഖ ജോ. ഡയറക്ടർ സി. ജോസ്മി എസ് കെ. ഡി, സി. ജെയിൻ മേരി എസ്. കെ. ഡി, വൈ. പ്രസിഡന്റ് അനിഷ്മ പുറക്കേരിയിൽ, ഓർഗനൈസർ അഭിഷിക്ത് ഉദയ സദൻ, അഭിന മണ്ണാറത്തറ, പ്രസിഡന്റ് റോണി വെട്ടിക്കാട്ട് എന്നിവർ നേതൃത്വം നൽകി. മിഷൻ ലീഗ് അംഗങ്ങൾ അവതരിപ്പിച്ച വിവിധ കലാപരിപാടികളോടൊപ്പം, ജയിൽ നിവാസികളുടെ പരിപാടികളും ആഘോഷത്തിന് മാറ്റ് കൂട്ടി. സി. എം. എൽ ചിത്രഗിരി ശാഖക്ക് അഭിനന്ദനങ്ങൾ. കൗൺസിലിംഗ്. സി. ലില്ലി പുരക്കൽ എസ് എച്ച്, സി. ജെസ്ന എഫ്. സി. സി എന്നിവരുടെ നേതൃത്വത്തിൽ വൈത്തിരി, മാനന്തവാടി ജയിലുകളിൽ കൗൺസിലിംഗ് നടത്തിവരുന്നു.

**ഫാ. ടോമി പുത്തൻപുരക്കൽ**
ഡയറക്ടർ

**January – February 2023**

- **Sinadin Sidan,** 2nd B.Com was selected to represent Kannur University for the National Integration Camp, 2023 which was held at Mysore University from 3rd to 9th February 2023.
- **Sayanth C**: Selected to represent the Kannur University Cricket team (Men) for the South zone Inter-University cricket championship.
- Organized a training programme for the administrative staff on the topic 'Cloud Storage in Office Administration' on 10th February 2023. Mr. Midhun Shaji, Assistant Professor, Dept. of Computer Science was the resource person.
- **Dept. of Commerce:** Conducted a seminar on Financial markets in association with ACUMEN Corp. Kochion 17th January 2023.  Mr Binu MJ was the resource person.Mr. Regi Francis co-ordinated the seminar.

  The Department signed an academic Collaboration MoU with MG College Iritty on 13th February 2023.

  Organized  SAP Workshop 2023 as part of Finishing school programme in association with Vintage INFO solutions on 3rd February 2023.

  Commerce association inaugural ceremony was held on 15th February 2023. A seminar on the topic 'Entrepreneurship and GST' was organized on the day.Mr. Prince Paul, was the resourceperson.
- **Dept. of English:** Organised a talk on Entrepreneurship, "Life as a Publisher" by Mr. Anil Kuttichira (Neermathlam Books) on 23rd January 2023.

- **Innovation and Incubation Club:**Team Bitsmart of our college organized a student enrichment programme titled ‘Introduction to chatGPT’ as part of the latest insight talk series on 13th February 2023.
- **Women Cell and Career Guidance & Placement Cell:**Organized a 5 day workshop on ‘Employability Skill and Women Empowerment’ from 9th to 13th February 2023. The resource person was Ms Haritha from Mahindra & Mahindra.
  Career Guidance & Placement Cell:Organized a Campus Recruitment programme on 21st January 2023.
- **Debate Club:**Inter-departmental Debate competition was conducted on 10th February 2023 in association with IQAC and College Union. The topic of debate was “Linga SamathumSadhyamakumo”.Dr. Akhila B Edathazhe co-ordinated the programme.
- **Dr. Maria Martin Joseph:** Participated in the UGC sponsored Two- Day Workshop for principals of colleges conducted by UGC-Human Resource Development Centre, University of Kerala, on 27th & 28th January 2023.
- **Dr. Rajitha Xavior:** Published a paper in an edited book titled “Preference towards Intrinsic and Extrinsic Cues in Impulse Buying - Analysis on the Basis of Gender and Age” published by INSPIRA.
- **Dr. Sanu V F:** Attended a one day Workshop and Hands on Training on Advanced Microscopy organized by KSCSTE-MBGIPS Calicut on 3rd February 2023.
- **Ms. Sharon Rose:** Participated in the workshop conducted as part of the implementation of the question bank and automated generation and transmission of question papers organized by Kannur University on 13th January 2023.
  Completed online two week refresher course in English from 2nd to16th January 2023 organized by TLC Ramanujan College, Delhi.

- **Mr. Regi Francis:** Presented a research paper in the international conference on AMALI 23 on 24th January 2023, conducted by Amal College of Advance Studies Nilambur. Inaugurated Annual Day Celebrations of St Annes English Medium School Vellamunda on 27th January 2023.
- **Dr. Eldho K J:** Published a Paper A Novel Approach for Energy Efficient Route Optimization and Data Forwarding by Employing Nature Inspired QoS enabled WCAP Technique to Enhance Lifetime in WSNs in a Scopus Journal NeuroQuantology. NeuroQuantology, December 2022, Volume 20, Issue 22 | Page 309-320 | doi: 10.48047/NQ.2022.20.22.NQ109035.
  Completed 7 Day National Level Online Faculty Development Program on Outcome Based Education (OBE) in Computer Science Discipline organized by Marian College, Kuttikkanam (Autonomous) in association with The Kerala State Higher Education Council (KSHEC) from 08 December to 15 December 2022.
  Co-ordinated the Intellectual Property Awareness program under National Intellectual Property Awareness Mission (NIPAM) organized by Intellectual Property Office on 04 January 2023.
  Completed Refresher Course on "Research Ethics and Plagiarism" conducted by IGNOU SWAYAM on January 2022 as an NPTEL Programme.

**Dr. Maria Martin Joseph**
Principal

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള നിരവധി വിദ്യാലയങ്ങളിലെ വാർഷിക ആഘോഷങ്ങൾ ഇതിനോടകം നടന്നു കഴിഞ്ഞു. എല്ലാ വാർഷിക ആഘോഷങ്ങളും വിശിഷ്ട വ്യക്തികളുടെ സാന്നിധ്യങ്ങളാലും വിദ്യാർത്ഥികളുടെ കലാവിരുന്നിനാലും മനോഹരമായി സംഘടിപ്പിക്കപ്പെടുന്നു എന്നുള്ളത് സന്തോഷകരമാണ്. വാർഷിക ആഘോഷങ്ങളും യാത്രയയപ്പ് സമ്മേളനങ്ങളും മികവാർന്ന രീതിയിൽ സംഘടിപ്പിച്ച ഏവർക്കും അഭിനന്ദനങ്ങൾ.

**വിദ്യാലയ വാർത്തകൾ**

**എൽ. പി വിഭാഗം**

**I സെന്റ് ജോർജ് എൽ. പി സ്കൂൾ അമ്പായത്തോട്**

വിദ്യാലയത്തിലെ ജൈവ പച്ചക്കറി തോട്ടത്തിൽ നിന്നും വിളവെടുത്തു. റിപ്പബ്ലിക് ദിനവും രക്തസാക്ഷി ദിനവും സമുചിതമായി ആചരിച്ചു.

**II സെന്റ് തോമസ് എൽ. പി സ്കൂൾ അരിഞ്ചേർമല**

17 വർഷക്കാലം വിദ്യാലയത്തിൽ സേവനമനുഷ്ഠിച്ച എ ൽസമ്മ ടീച്ചറുടെ ഇരുപത്തിരണ്ടാം ചരമവാർഷിക ദിനത്തിൽ അനുസ്മരണ യോഗം സംഘടിപ്പിച്ചു. രണ്ടു മുതൽ നാലു വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു. റിപ്പബ്ലിക് ദിനത്തിൽ വിദ്യാലയത്തിലെ ക്ലബ്ബ് ബുൾബുൾ വിഭാഗം വിദ്യാർത്ഥികളുടെ ചിഹ്നദാന ചടങ്ങ് നടത്തി. മാനന്തവാടി ഉപജില്ലയുടെ തനത് അക്കാദമിക പരിപാടിയായ MSSIP യുടെ വിദ്യാലയ തല പ്രഖ്യാപനവും പനമരം പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ 'എന്റെ കുടിവെള്ളം' മാഗസിൻ പ്രകാശനവും നടത്തപ്പെട്ടു.

**III സെന്റ് മാർട്ടിൻസ് എൽ. പി സ്കൂൾ ഒണ്ടയങ്ങാടി**

വിദ്യാലയത്തിലെ ഭൂരിഭാഗം കുട്ടികളെയും ഉൾപ്പെടുത്തി പഠനയാത്ര സംഘടിപ്പിച്ചു. റിപ്പബ്ലിക് ദിനം സമുചിതമായി ആചരിച്ചു രക്തസാക്ഷി ദിനത്തിൽ പ്രത്യേക അസംബ്ലി ചേരുകയും മൗന

പ്രാർത്ഥന നടത്തുകയും ഗാന്ധി വചനങ്ങൾ ഉരുവിടുകയും ദേശ ഭക്തിഗാനങ്ങൾ ആലപിക്കുകയും ചെയ്തു.

**IV സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ ഏലപ്പീടിക**

ഒരു വിദ്യാലയം ഒരു പുസ്തകം പദ്ധതിയുടെ ഭാഗമായി കുട്ടികൾ തയ്യാറാക്കിയ കഥകൾ ഉൾപ്പെടുത്തി ഹിമാമണികൾ എന്ന പേരിൽ പുസ്തകം തയ്യാറാക്കി. വിദ്യാലയത്തിന്റെ മികവ് പ്രവർത്തനം തിളക്കം 2023 സംഘടിപ്പിച്ചു. വാങ്മയം സ്കൂൾതല പരീക്ഷ സംഘടിപ്പിച്ചു. കുട്ടികൾക്കായി പേരിട്ട് ട്രിപ്പ് നടത്തുകയും ടൂറിസം ദിനത്തോടനുബന്ധിച്ച് Happy Drinks ജ്യൂസ് മേള സംഘടിപ്പിക്കുകയും ചെയ്തു.

**V എ. എൽ. പി സ്കൂൾ കണിയാരം**

കാഴ്ചയിലും രുചിയിലും വൈവിധ്യങ്ങളുമായി വിദ്യാലയത്തിൽ പലഹാരമേള ഒരുക്കി. ഗോത്ര വിഭാഗത്തിന്റെ തനത് കലാരൂപങ്ങൾ ഉൾപ്പെടുത്തി ഗോത്ര ഫസ്റ്റ് സംഘടിപ്പിച്ചു. ഊര് മൂപ്പന്മാരെ ആദരിക്കുകയും വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

**VI സെന്റ് ജോർജ് എൽ. പി സ്കൂൾ കൊളവയൽ**

റിപ്പബ്ലിക് ദിനം സമുചിതമായി ആചരിച്ചു. കേരള എക്സൈസ് ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ച ലഹരിയില്ല തെരുവ് എന്ന ജില്ലാതല പരിപാടിയിൽ വിദ്യാർത്ഥികൾ സ്കിറ്റ് അവതരിപ്പിച്ചു. രക്തസാക്ഷി ദിനത്തിൽ ഗാന്ധിജിയുടെ വീഡിയോ പ്രദർശനം നടത്തി. പച്ചക്കറി ത്തോട്ടത്തിൽ വിളവെടുപ്പ് നടത്തി. ഒറി ഗാമി ക്ലാസ് സംഘടിപ്പിച്ചു. റേഡിയോ ദിനത്തിൽ റേഡിയോ പരിചയപ്പെടുത്തുകയും പ്രോഗ്രാം അവതരിപ്പിക്കുകയും ചെയ്തു.

**VII സെന്റ് തോമസ് എൽ. പി സ്കൂൾ നടവയൽ**

വിഷരഹിത പച്ചക്കറി വിളവെടുപ്പ് നടത്തി. അനധ്യാപക ദിനവും റിപ്പബ്ലിക് ദിനവും ആഘോഷിച്ചു. വിദ്യാലയത്തിന്റെ 74-ാമത് വാർഷികവും വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പും നടത്തപ്പെട്ടു.

**VIII സെന്റ് പോൾസ് എൽ. പി സ്കൂൾ പുതിയിടംകുന്ന്**

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി പഠനയാത്ര സംഘടിപ്പിച്ചു. സ്കൂൾതല ഗോത്ര ഫെസ്റ്റ് നാങ്ക വഞ്ചോ എന്ന പേരിൽ സംഘടിപ്പിക്കുകയും നാട്ടുവൈദ്യ ചെരിയ

മുത്തശ്ശിയെ ആദരിക്കുകയും ഗോത്ര ഉപകരണ പ്രദർശനവും ഗോത്ര കല അവതരണവും നടത്തി.

**IX ദേവമാത എൽ. പി സ്കൂൾ ആടിക്കൊല്ലി**

ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിച്ചു. മൂന്ന്, നാല് ക്ലാസിലെ കുട്ടികൾക്കായി വിനോദയാത്ര സംഘടിപ്പിച്ചു. സീഡ് നല്ല പാഠം പദ്ധതികളുടെ ഭാഗമായി നാട്ടു പൂക്കളുടെയും ഔഷധസസ്യങ്ങളുടെയും ശേഖരണം നടത്തി. വിദ്യാരംഗം കലാസാഹിത്യവേദി നടത്തിയ പരീക്ഷയിൽ വിജയിച്ചവരെ ഉപജില്ല വാങ്മയ മത്സരത്തിൽ പങ്കെടുപ്പിച്ചു.

**X സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ പോരൂർ**

മാനന്തവാടി ഉപജില്ലയുടെ തനത് പരിപാടിയായ MSSIP യുടെ പ്രഖ്യാപനം നടത്തി. കബ്ബ് ബുൾബുൾ വിഭാഗങ്ങളിൽ നിന്നും കുട്ടികൾ ഗോൾഡൻ ആരോ അവാർഡിന് അർഹരായി. കുട്ടികൾക്ക് വേണ്ടിയുള്ള ബാലസാഹിത്യകൃതികൾ കൂടുതലായി ഉൾപ്പെടുത്തിക്കൊണ്ട് ലൈബ്രറി വിപുലീകരിച്ചു. ആരോഗ്യ ശീലങ്ങളെക്കുറിച്ച് രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും ബോധവൽക്കരണ ക്ലാസ് നൽകി.

**XI ക്രൈസ്റ്റ് കിംഗ് എൽ. പി സ്കൂൾ മണിമൂളി**

ബാലിക ദിനത്തിൽ പ്രത്യേക അസംബ്ലി നടത്തി. നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കളിച്ചെപ്പ് എന്ന പദ്ധതിയുടെ ഭാഗമായി സ്പോർട്സ് കിറ്റ് ലഭിച്ചു. റിപ്പബ്ലിക് ദിനം വിപുലമായി ആഘോഷിച്ചു.

**XII സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ വാഴവറ്റ**

വിദ്യാർത്ഥികൾ അഭിനയിച്ച ചില്ല് എന്ന ഷോർട്ട് ഫിലിമിന്റെ അവതരണം നടത്തുകയും സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്തു. ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുകയും വേനൽക്കാല രോഗങ്ങളെ കുറിച്ച് ക്ലാസ്സ് കൊടുക്കുകയും ചെയ്തു. കുട്ടികളെ ഉൾപ്പെടുത്തി ഹാൻഡ് വാഷ് നിർമിച്ചു.

**XIII നിർമ്മല എൽ. പി സ്കൂൾ ആലാറ്റിൽ**

ഊരരങ്ങ് എന്ന പേരിൽ ഗോത്ര ഫെസ്റ്റ് സംഘടിപ്പിക്കുകയും ഊര് മൂപ്പന്മാരെ ആദരിക്കുകയും ചെയ്തു. കുട്ടികൾക്ക് പോഷക സമൃദ്ധമായ ആഹാരം നൽകുന്നതിനായി സ്കൂളിൽ നിന്നും നൽകിയ പച്ചക്കറി തൈകളിൽ നിന്നും ഉണ്ടായ ഫലങ്ങൾ ശേഖരിച്ചു. കബ്ബ് ബുൾബുൾ കുട്ടികളുടെ നേതൃത്വത്തിൽ വസ്ത്രങ്ങൾ ശേഖരിച്ചു

നിർധന വിദ്യാർത്ഥികൾക്ക് കൈമാറി. ഓരോ പ്രദേശത്തെയും കേന്ദ്രീകരിച്ചുകൊണ്ട് പ്രാദേശിക പിടിഎ  സംഘടിപ്പിച്ചു.

**XIV പ്രൊവിഡൻസ് എൽ. പി സ്കൂൾ വെള്ളൂന്നി**

ദേശീയ വിരവിമുക്ത ദിനപരിപാടിയുടെ ഭാഗമായി ആരോഗ്യ പ്രവർത്തകർ വിദ്യാലയം സന്ദർശിച്ചു.

**യു. പി വിഭാഗം**

**I  സെന്റ് തോമസ് യു. പി സ്കൂൾ തവിഞ്ഞാൽ**

ബയണ 2023 എന്നപേരിൽ ഗോത്ര ഫെസ്റ്റ് സംഘടിപ്പിച്ചു. വിദ്യാലയത്തിന്റെ പ്രവേശന കവാടത്തിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. റിപ്പബ്ലിക് ദിനം സമുചിതമായി ആഘോഷിച്ചു. വിദ്യാർത്ഥികൾക്കായി വ്യത്യസ്ത മത്സരങ്ങൾ സംഘടിപ്പിച്ചു. പച്ചക്കറി തോട്ടത്തിൽ നിന്നും വിളവെടുത്തു.

**II സെന്റ് മേരീസ് യു. പി സ്കൂൾ തരിയോട്**

വിദ്യാർത്ഥികളിൽ നിന്നും സമാഹരിച്ച കാരുണ്യനിധിയിൽ നിന്നും ഒരു കുടുംബത്തിന് തയ്യൽ മെഷീനും പെയിൻ ആൻഡ് പാലിയേറ്റീവ് യൂണിറ്റിലേക്ക് ഒരു വാട്ടർ ബെഡ്ഡും നൽകി. പരീക്ഷയിൽ വിദ്യാർത്ഥി ഉന്നത വിജയം കൈവരിച്ചു. വിദ്യാലയം ഹൈടെക് ആക്കുന്നതിനായി എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും പ്രൊജക്ടർ ലാപ്ടോപ്പ് എന്നിവ ലഭിച്ചു.

**II സെന്റ് മേരീസ് എ. യു. പി സ്കൂൾ കബനിഗിരി**

വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടത്തിയ പച്ചക്കറി കൃഷിയുടെ വിളവെടുപ്പ് നടത്തി. സഹിതം പോർട്ടൽ പരിചയപ്പെടുത്തുന്നതിനായി അധ്യാപകർക്ക് പരിശീലനം നൽകി. ആരോഗ്യ പ്രവർത്തകരുടെ സഹായത്തോടെ വിദ്യാർഥികളുടെ ഹീമോഗ്ലോബിൻ, BMI എന്നിവ കണക്കാക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗ് സൗകര്യം നൽകി വരുന്നു.

**IV അസംപ്ഷസൻ എ. യു. പി സ്കൂൾ ബത്തേരി**

വിദ്യാരംഗം ജില്ലാ സർഗോത്സവത്തിൽ വിദ്യാർത്ഥികൾ മികച്ച പ്രകടനം കാഴ്ചവച്ചു. പഠന പ്രവർത്തനങ്ങളുടെ ഭാഗമായി തുടി പഠന കേന്ദ്രം സന്ദർശിച്ചു. ഉപജില്ലാതല ന്യൂ മാറ്റ് പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കി. ബത്തേരി നഗരസഭ സംഘടിപ്പിച്ച സ്റ്റുഡൻസ് കൗൺസിൽ പ്രോജക്ടിൽ മൂന്നാം സ്ഥാനം ലഭിച്ചു.

**V സെന്റ് തോമസ് യു. പി സ്കൂൾ മുള്ളൻകൊല്ലി**

ജീനിയസ് ടോപ്പ് ഇംഗ്ലീഷ് പ്രസംഗമത്സരത്തിൽ വിദ്യാർത്ഥികൾ വിജയം കരസ്ഥമാക്കി വിദ്യാലയത്തിന്റെ വാർഷികവും സർവീസിൽ നിന്ന് വിരമിക്കുന്ന അധ്യാപികയ്ക്കുള്ള യാത്രയയപ്പും സംഘടിപ്പിച്ചു. മാഹിർ അറബിക് സ്കോളർഷിപ്പ് നേട്ടം വിദ്യാലയത്തെ തേടിയെത്തി.

**VI സെന്റ് ആന്റണീസ് യു. പി സ്കൂൾ കോട്ടത്തറ**

നവീകരിച്ച സ്കൂൾ കെട്ടിടത്തിന്റെ വെഞ്ചിരിപ്പ് കർമ്മവും വാർഷിക ആഘോഷവും സംയുക്തമായി നടത്തി. കലാസന്ധ്യയിൽ കുട്ടികളും രക്ഷിതാക്കളും അധ്യാപകരും പങ്കുചേർന്നു.

**VII അമ്പായത്തോട് യു. പി സ്കൂൾ**

വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു. സുഗമ ഹിന്ദി പരീക്ഷയിൽ 52 കുട്ടികൾ പങ്കെടുത്തു. വിദ്യാലയത്തിനായി നിർമ്മിക്കുന്ന പുതിയ അടുക്കളയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. വിദ്യാലയത്തിന്റെ വാർഷിക ആഘോഷം സർഗോത്സവം 2023 എന്ന പേരിൽ സംഘടിപ്പിച്ചു. ഇരിട്ടി ഉപജില്ല കായികമേളയിൽ യു. പി കിഡ്ഡീസ് വിഭാഗത്തിൽ ഓവറോൾ റണ്ണറപ്പ് ട്രോഫി കരസ്ഥമാക്കി.

**VIII സെന്റ് ജോസഫ് യു. പി സ്കൂൾ കല്ലോടി**

വിദ്യാലയത്തിന്റെ പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി രക്ഷിതാവ് അറിയാൻ മികവുത്സവം, തിരുമുറ്റം, ആദ്യാക്ഷരമുറ്റം എന്നീ പരിപാടികൾ സംഘടിപ്പിച്ചു. നാങ്കക്കൂട്ടം എന്ന പേരിൽ ഗോത്രഫെസ്റ്റ് സംഘടിപ്പിച്ചു. ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ് ജില്ലാ റാലിയിൽ 40 കുട്ടികൾ പങ്കെടുത്തു.

**IX സെന്റ് സെബാസ്റ്റ്യൻസ് എ. യു. പി സ്കൂൾ പാടിച്ചിറ**

പാടിച്ചിറ ടൗൺ കുട്ടികളുടെ സഹായത്തോടെ ശുചീകരിച്ചു. നല്ല പാഠം പ്രവർത്തകർ സ്പെഷ്യൽ സ്കൂൾ സന്ദർശിച്ചു. സംസ്ഥാനതല ബാസ്ക്കറ്റ്ബോൾ മത്സരത്തിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. അനധ്യാപക ദിനവും റിപ്പബ്ലിക് ദിനവും സമുചിതമായി ആചരിച്ചു. വിദ്യാലയത്തിലെ പച്ചക്കറി വിളവെടുപ്പ് നടത്തി.

**X സെന്റ് ആന്റണീസ് യു. പി സ്കൂൾ പഴൂർ**

സംസ്ഥാനതല ഉറുദു ടാലന്റ് പരീക്ഷയിൽ എ ഗ്രേഡ് കരസ്ഥമാക്കി. ഇൻസ്പയർ അവാർഡ് സമർപ്പിച്ച പ്രോജക്ട് സംസ്ഥാനതല

മത്സരത്തിൽ മികച്ച വിജയം കൈവരിച്ചു. റിപ്പബ്ലിക് ദിനം അനധ്യാപക ദിനം എന്നിവ സമുചിതമായി ആചരിച്ചു..

**XI സെന്റ് ജോസഫ്സ് ടി. ടി. ഐ മാനന്തവാടി**

മാമ്പഴം കവിത പുരസ്കാരത്തിന്റെ ഭാഗമായുള്ള സ്പെഷ്യൽ ജൂറി അവാർഡ് വിദ്യാലയത്തിലെ അധ്യാപകന് ലഭിച്ചു. നല്ല പാഠം പ്രവർത്തനങ്ങളുടെ ഭാഗമായി ബസ് സ്റ്റോപ്പും പരിസരവും വൃത്തിയാക്കുകയും മാനന്തവാടി മെഡിക്കൽ കോളേജിലെ രോഗികൾക്കാവശ്യമുള്ള സാധനങ്ങൾ നൽകുകയും ചെയ്തു. രക്ഷിതാക്കൾക്കായി റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടി നടത്തി. ഏഴാം ക്ലാസ് വിദ്യാർത്ഥികൾക്കും വിദ്യാലയത്തിലെ അധ്യാപകർക്കും വിനോദയാത്രകൾ സംഘടിപ്പിച്ചു. റോഡ് സുരക്ഷാ വാരാചരണത്തിന്റെ ഭാഗമായി മത്സരങ്ങൾ സംഘടിപ്പിച്ചു. ജില്ലാതലസർഗ്ഗോത്സവത്തിൽ മികച്ച നേട്ടം കരസ്ഥമാക്കി. നല്ല പാഠം പ്രവർത്തനങ്ങളുടെ ഭാഗമായി കാൻസർ രോഗികൾക്കായി വിഗ്ഗ് നിർമ്മിക്കാൻ അധ്യാപകരും വിദ്യാർത്ഥികളും മുടി ദാനം ചെയ്തു. പ്രീപ്രൈമറി കുട്ടികൾക്കായുള്ള അമേയെ ടാലന്റ് സെർച്ച് എക്സാമിനേഷനിൽ വിദ്യാർത്ഥികൾ റാങ്കുകൾ കരസ്ഥമാക്കി. റിപ്പബ്ലിക് ദിനവും അനധ്യാപക ദിനവും സമുചിതമായി ആചരിച്ചു. പരീക്ഷയിൽ വിദ്യാർത്ഥി ഉന്നത വിജയം കൈവരിച്ചു.

**XII എ. യു. പി സ്കൂൾ ദ്വാരക**

വിദ്യാലയത്തിന്റെ എഴുപതാമത് വാർഷികവും യാത്രയയപ്പ് സമ്മേളനവും സംയുക്തമായി നടത്തപ്പെട്ടു. സാന്ത മരിയ ഹൗസിങ് പ്രോജക്ടിന്റെ ഭാഗമായി നിർമിക്കുന്ന ഭവനത്തിന്റെ തറക്കല്ലിടൽ കർമം നിർവ്വഹിക്കപ്പെട്ടു റിപ്പബ്ലിക് ദിനാഘോഷവും അനധ്യാപകദിനവും സമുചിതമായി സംഘടിപ്പിച്ചു. Nu-Mats പരീക്ഷയിൽ സംസ്ഥാനതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളെ അനുമോദിച്ചു. നല്ല പാഠം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നിർധനരായ കുടുംബത്തിന് തയ്യൽ മെഷീൻ കൈമാറി.

**XIII സെന്റ് തോമസ് എ. യു. പി സ്കൂൾ ഇടിവണ്ണ**

വിദ്യാർത്ഥികൾക്കായി വിനോദയാത്ര സംഘടിപ്പിച്ചു. അർദ്ധവാർഷിക പരീക്ഷയുടെ വിലയിരുത്തലിനായി ക്ലാസ് പി ടി എ സംഘടിപ്പിച്ചു. റിപ്പബ്ലിക് ദിനവും രക്തസാക്ഷിദിനവും സമുചിതമായി ആചരിച്ചു.

**XIV സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ കൊമ്മയാട്**

വിദ്യാലയത്തിന്റെ എഴുപത്തിമൂന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ജനറൽബോഡി കൂടുകയും കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. കുട്ടികളുടെ കാലാഭിരുചി വളർത്തുന്നതിന്റെ ഭാഗമായി സ്പിക്ക് മക്കായി ഫൗണ്ടേഷനുമായി ചേർന്ന് ഭരതനാട്യ ശില്പശാലയും അവതരണവും നടത്തി.

റിപ്പബ്ലിക് ദിനാഘോഷം സംഘടിപ്പിച്ചു. അനധ്യാപകദിനത്തിൽ വിദ്യാലയത്തിലെ അനധ്യാപകരെ ആദരിച്ചു.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

വിദ്യാലയത്തിന്റെ വാർഷികവും വിരമിക്കുന്നവർക്കുള്ള യാത്രയയപ്പും 'ദീപ്തം' എന്ന പേരിൽ സംഘടിപ്പിക്കപ്പെട്ടു. സംസ്ഥാനതല ന്യൂ മാത്സ് പരീക്ഷയിലും പ്രാദേശിക ചരിത്ര രചന മത്സരത്തിലും ജില്ലാതല സർഗോത്സവത്തിലും മികവാർന്ന വിജയങ്ങൾ കൈവരിച്ചു നടവയൽ വിവിധ ഭാഗങ്ങളിൽ പ്രാദേശിക പി ടി എ സംഘടിപ്പിച്ചു.

**II നിർമല ഹൈസ്കൂൾ കബനിഗിരി**

പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായുള്ള ക്യാമ്പ് ആരംഭിച്ചു. വിവിധ ക്ലാസ്സുകളുടെ നേതൃത്വത്തിൽ നടത്തിയ പച്ചക്കറി കൃഷിയുടെ വിളവെടുപ്പ് നടത്തി. ഗോത്രവിഭാഗം വിദ്യാർത്ഥികളുടെ വീടുകളിൽ സന്ദർശനം നടത്തി. അനധ്യാപകദിനം ആചരിച്ച വിദ്യാലയത്തിന്റെ വാർഷികവും അധ്യാപക അനധ്യാപക സംഗമവും നടത്തി.

**III സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

വിദ്യാലയത്തിലെ ചിത്രകലാ അധ്യാപകന്റെ നേതൃത്വത്തിൽ ആർട്ട് ഗാലറി നിർമാണം ആരംഭിച്ചു. സ്കൗട്ട് ഗൈഡ് സംഗമം NCC ക്യാമ്പ് എന്നിവയിൽ കുട്ടികൾ പങ്കെടുത്തു ക്ലാസ്സുകളുടെയും വിവിധ ക്ലബ്ബ്കളുടെയും നേതൃത്വത്തിൽ ഫീൽഡ് ട്രിപ്പുകൾ നടന്നു വരുന്നു. എട്ടാം തരത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും കൗമാര വിദ്യാഭ്യാസം ക്ലാസ് നൽകി രണ്ടാം റാങ്ക് ഉൾപ്പെടെ വിദ്യാർത്ഥികൾ സംസ്കൃതം സ്കോളർഷിപ്പ് നേടി. സംസ്ഥാനബാലചിത്രരചന, ഇൻസ്പയർ അവാർഡ്. YIF ശാസ്ത്രപഥം ലിറ്റിൽ കൈറ്റ്സ് എന്നിവയിൽ വിദ്യാർത്ഥികൾ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു വാർഷികാഘോഷം നടത്തി.

**IV ഫാ. ജി. കെ. എം ഹൈസ്കൂൾ കണിയാരം**

അർധവാർഷിക മൂല്യനിർണയം വിലയിരുത്തുന്നതിനായി രക്ഷിതാക്കളുടെ യോഗം ചേർന്നു. അമൃതകിരണം മെഡിക്വിസ് സംസ്ഥാന തല സംസ്കൃതോത്സവം ജില്ലാ പവർ ലിഫ്റ്റിങ് ചാമ്പ്യൻഷിപ്പ്, ശ്രീനിവാസ രാമാനുജൻ പേപ്പർ പ്രസന്റേഷൻ എന്നീയിനങ്ങളിൽ വിദ്യാർത്ഥികൾ റിപ്പബ്ലിക് ദിനം സമുചിതമായി ആചരിച്ചു. വിജയങ്ങൾ സ്വന്തമാക്കി. വിദ്യാരംഗം കലാസാഹിത്യവേദി നടത്തിയ പരീക്ഷയിൽ വിജയിച്ചവരെ ഉപജില്ലാതല വാങ്മയ മത്സരത്തിൽ പങ്കെടുപ്പിച്ചു .വിദ്യാലയത്തിന്റെ റൂബി ജൂബിലി ആഘോഷവും വിരമിക്കുന്ന പ്രധാന അധ്യാപികയ്ക്കുള്ള യാത്രയയപ്പ് സമ്മേളനവും സംഘടിപ്പിച്ചു.

**V അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

ജില്ലാ NCC ഷൂട്ടിങ് ചാമ്പ്യൻഷിപ്പിൽ വിദ്യാലയം ഓവറോൾ ചാമ്പ്യന്മാരായി തൃശൂർ ജില്ലയിൽവെച്ചു നടന്ന ദക്ഷിണേന്ത്യ സ്കൂൾ ശാസ്ത്രമേളയിൽ വിദ്യാലയം പങ്കെടുത്തു. രക്തസാക്ഷിദിനത്തിൽ രാഷ്ട്രപിതാവിന് ആദരാഞ്ജലികൾ അർപ്പിച്ചു.

**VI സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി**

റോഡ് സേഫ്റ്റി ക്ലാസ്സുകൾക്ക് തുടക്കമായി തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കായി ORC ക്യാമ്പ് ജില്ലാ ടീമിന്റെ നേതൃത്വത്തിൽ നടന്നു. വിദ്യാലയത്തിന്റെ വാർഷികവും ഗോത്രോത്സവവും സംയുക്തമായി നടത്തി.

**ഹയർസെക്കണ്ടറി സ്കൂൾ വിഭാഗം**

**സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

പ്ലസ് ടു വിദ്യാർത്ഥികൾക്ക് പരീക്ഷ മുന്നൊരുക്കത്തിന്റെ ഭാഗമായി മോട്ടിവേഷൻ ക്ലാസ് നൽകി. വിദ്യാലയത്തിന്റെ വാർഷികവും സർവീസിൽ നിന്ന് വിരമിക്കുന്ന അധ്യാപികയ്ക്കുള്ള യാത്രയയപ്പും നൽകി. സംസ്ഥാനതല യുവജനോത്സവ വിജയികൾക്ക് സമ്മാനങ്ങൾ നൽകി. ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി സംഘടിപ്പിച്ച ഡാൻസിങ് സ്കൂൾ വിത്ത് സാന്റാസ് മത്സരത്തിൽ വിദ്യാലയം ഹയർസെക്കണ്ടറി വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടി

**II സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

വിദ്യാർത്ഥികൾക്കായി നിയമബോധവല്കരണ സെമിനാർ സംഘടിപ്പിച്ചു. സെൻട്രൽ യൂണിവേഴ്സിറ്റി പരീക്ഷ രജിസ്ട്രേഷൻ നടത്തി. NSS ന്റെ ജില്ലാ കരിയർ കാരവാന് സ്വീകരണം നൽകി

NSS സപ്തദിന ക്യാമ്പ് കാക്കവയൽ സ്കൂളിൽവെച്ചു നടത്തപ്പെട്ടു.

**III സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി**

പ്ലസ് ടു വിദ്യാർത്ഥികളുടെ പരീക്ഷ മുന്നൊരുക്കത്തിന്റെ ഭാഗമായി ഓറിയന്റേഷൻ ക്ലാസ് നടത്തി. വിദ്യാലയത്തിൽനിന്നും വിരമിക്കുന്ന മോളി ടീച്ചർക്കുള്ള യാത്രയയപ്പ് സമ്മേളനവും പ്ലസ് ടു വിദ്യാർത്ഥികൾക്കായുള്ള യാത്രയയപ്പും നടത്തി.

**IV ഫാ. ജി. കെ. എം ഹയർസെക്കണ്ടറി സ്കൂൾ കണിയാരം**

വിദ്യാർത്ഥികൾക്കായി വിനോദയാത്ര സംഘടിപ്പിച്ചു. പഠന ക്യാമ്പ് ആരംഭിച്ചു.വിദ്യാലയത്തിന്റെ വാർഷികാഘോഷം നടത്തി രണ്ടാം വർഷ വിദ്യാർത്ഥികൾക്കുള്ള യാത്രയയപ്പ് നടത്തുകയും ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് എങ്ങനെ പഠിക്കാം എങ്ങനെ ഓർമ്മ നിലനിർത്താം എന്ന വിഷയത്തിൽ ക്ലാസ് നൽകുകയും ചെയ്തു. രക്ഷാകർതൃസംഗമം നടത്തി. ഉപജീവനം പ്രവർത്തനത്തിന്റെ ഭാഗമായി ഒരു കുടുംബത്തിന് പശുവിനെ നൽകുകയും തൊഴുത്ത് നിർമിച്ചു കൊടുക്കുകയും ചെയ്തു .

ഇനി പരീക്ഷാക്കാലമാണ്. ആത്മാർത്ഥപരിശ്രമം വിജയങ്ങളെ കൈപ്പിടിയിലൊതുക്കാൻ എളുപ്പത്തിൽ സഹായിക്കും. നന്നായി പരിശ്രമിക്കുക. പരീക്ഷകളിൽ മികവാർന്ന വിജയങ്ങൾ കൈവരിക്കാൻ എല്ലാ വിദ്യാർത്ഥികൾക്കും കഴിയട്ടെ..ആശംസകളോടെ.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# Bishop's Programme



**March 2023**

*1-3 Wed - Friday.......Out of station*

*04 Saturday.....…….Dwaraka:  Priests' and Religious'  Meet*

*5 Sunday...................Engaged*

*6 Monday..................Visitors' Day*

*7 Tuesday..................Engaged*

*09 Thursday..............Kozhikode: Seminar for North Kerala Bishops*

*10 Friday..................Mary Matha College, NSS Camp*

*11 Saturday...............Pastoral Council*

*12 Sunday.................Kunnampetta: Pastoral Visit*

*14 Tuesday................Meeting with Marian Singles*

*15 Wednesday...........Afternoon: Pastoral Centre*
*Directors' Meeting*

*17 Friday..................Out of Station*

*20-21 Mon - Tues.....Engaged*

*26 Sunday.................Cathedral: Holy Mass*

*27 Monday................Dwaraka: Priests' Conference*

*28 Tuesday................De Paul School Kalpetta*

*29 Wednesday...........Visitors' Day*

# Auxiliary Bishop's Programme



**March 2023**

*01 Wednesday.............Engaged*
*02 Thursday...............Morning: Mary Matha College, Excellence Day*
*Afternoon: Kommayad, School Anniversary*
*03 Friday....................Paisakary - Madambam: Bible Convention*
*04 Saturday.................Morning: Dwaraka: Priests'& Religious' Meet*
*Afternoon: Kuzhinilam: School Platinum Jubilee*
*05 Sunday...................Poroor: Pastoral Visit*
*07 Tuesday.................Mary Matha College, NSS Meet*
*10 Friday....................Kallody: School Anniversary*
*11 Saturday.................Pastoral Council*
*12 Sunday...................Muthireri: Pastoral Visit*
*14 Tuesday..................Panathady: Holy Qurbana*
*15 Wednesday.............Engaged*
*16 Thursday...............Bathery: Bible Convention*
*18 Saturday.................Makkiad: St. Joseph Seminary, Convocation Day*
*19 Sunday...................Neykuppa: Holy Qurbana*
*20 Monday.................Valad: House Blessing*
*21 Tuesday.................Kozhikode: CST Diaconate*
*25 Saturday................Evening: Thonichal, Holy Qurbana*
*26 Sunday...................Nedumpala: Pastoral Visit*
*27 Monday..................Dwaraka: Priests' Conference*
*28 Tuesday.................Visitors' Day*